
# ഗിരിദീപം

ജൂലൈ 2024




ജൂലൈ 03

മാർ തോമാശ്ലീഹായുടെ ദുക്റാനത്തിരുനാൾ



ജൂനിയർ വൈദികരുടെ സമ്മേളനം
അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവ്
ഉദ്ഘാടനം ചെയ്യുന്നു. (12 ജൂൺ 2024)



തലശ്ശേരി അതിരൂപത നേതൃത്വം കൊടുക്കുന്ന കാസർഗോഡ്
ജില്ലയിലെ ആദ്യത്തെ കമ്മ്യൂണിറ്റി റേഡിയോ (റേഡിയോ ഫോർ
യു 98.9) യുടെ ഉദ്ഘാടനം അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി
പിതാവ് തോമാപുരത്തു വച്ച് നടന്ന TSSS ന്റെ 57 മത്
വാർഷികാഘോഷത്തിൽ നിർവഹിച്ചു.
(15 ജൂൺ 2024)

ജൂലൈ 2024

വാല്യം 07
ലക്കം 07

# ഗിരിദീപം

തലശ്ശേരി അതിരൂപതയുടെ മുഖപത്രം

Archbishops House, Holloway Road, Thalassery, Kerala, India - 670101
Ph: 0091-490 2341058; Email: curiaadtly@gmail.com; Web: www.archdioceseoftellicherry.org

# ഗിരിദീപം

തലശ്ശേരി അതിരൂപതയുടെ മുഖപത്രം


1. ഇടയലേഖനം - ദുക്റാനത്തിരുനാൾ ........ 05
2. കെസിബിസി സർക്കുലർ - യുവജനദിനം ജൂലൈ 07 ........ 10
3. കച്ചേരിക്കാര്യം ........ 15
4. സെമിനാരി വാർത്തകൾ ........ 23
5. കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ് ........ 25
6. ബൈബിൾ അപ്പൊസ്റ്റൊലേറ്റ് . ........ 32
7. ചിൽഡ്രൻ അപ്പൊസ്റ്റൊലേറ്റ് ........ 37
   തിരുബാലസഖ്യം ........ 45
8. യൂത്ത് അപ്പൊസ്റ്റൊലേറ്റ് ........ 47
9. ഫാമിലി അപ്പൊസ്റ്റൊലേറ്റ് ........ 54
10. എജ്യൂക്കേഷണൽ അപ്പൊസ്റ്റൊലേറ്റ് ........ 61
    വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ് ........ 64
    സാൻജോസ് അക്കാദമി ........ 66
11. ലെയ്റ്റി അപ്പൊസ്റ്റൊലേറ്റ്
    എകെസിസി ........ 67
    കുടുംബക്കൂട്ടായ്മ ........ 71
    ADAM ........ 73
    ധ്യാനകേന്ദ്രങ്ങളിലൂടെ ........ 74
    ഫ്രാൻസിസ്ക്കൻ അല്മായ സഭ ........ 75
12. സോഷ്യൽ സർവ്വീസ് അപ്പൊസ്റ്റൊലേറ്റ് ........ 76
13. ഓവർസീസ് അപ്ഡേറ്റ്സ് ........ 80
14. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (പാംപ്ലാനി പിതാവ്) ........ 81
15. Engagements - July (Archbishop Mar Joseph Pamplany) ........ 84
16. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) ........ 86
17. Engagements - July (Archbishop Mar George Njaralakatt) ........ 88
18. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (വലിയമറ്റം പിതാവ്) ........ 89
19. Engagements - July (Archbishop Mar George Valiamattam) ........ 90

Prot. No. 0642/2024

## ഇടയലേഖനം

## ദുക്റാനതിരുനാൾ – സഭാദിനം 2024

*സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ് റാഫേൽ തട്ടിൽ തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലനശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്. കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ!*

ഈശോമിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ ഓർമ്മ നിറഞ്ഞു നില്ക്കുന്ന ദുക്റാനതിരുനാളിനോടനുബന്ധിച്ചു നിങ്ങളെല്ലാവരെയും ഈ ഇടയലേഖനത്തിലൂടെ അഭിസംബോധന ചെയ്യാൻ എനിക്ക് അതിയായ സന്തോഷമുണ്ട്. വർഷങ്ങളായി നമ്മൾ ഈ ദിവസം സീറോമലബാർസഭാദിനമായി ആചരിച്ചുവരികയാണ്. ഉത്ഥിതനായ നമ്മുടെ കർത്താവിന്റെ തിരുവിലാവിലെ മുറിവിന്റെ ദർശനത്തിൽനിന്നു മാർതോമാശ്ലീഹാ നടത്തിയ "എന്റെ കർത്താവേ എന്റെ ദൈവമേ" എന്ന വിശ്വാസപ്രഖ്യാപനം അപ്പസ്തോലന്റെ സുവിശേഷപ്രഘോഷണമായി മാറിയതിലൂടെ രൂപംകൊണ്ടതാണ് നമ്മുടെ സഭ. ദുക്റാനതിരുനാൾദിവസം വിശ്വാസത്തിൽ നമ്മുടെ പിതാവായ തോമാശ്ലീഹായെ അനുസ്മരിക്കുക മാത്രമല്ല, അപ്പസ്തോലന്റെ ചുടുനിണത്തിൽ ഹൃദയം കൊണ്ടുതൊട്ട് ഈശോയിലുള്ള നമ്മുടെ വിശ്വാസം ഏറ്റുപറഞ്ഞ് അരക്കിട്ടുറപ്പിക്കുന്ന വൈകാരികമായ വിശ്വാസാനുഭവങ്ങളുടെ ദിവസം കൂടിയാണത്. തോമാശ്ലീഹായിലൂടെ സുവിശേഷത്തിന്റെ വെളിച്ചവും സന്തോഷവും ധൈര്യവും നമുക്കു നല്കിയ ദൈവപരിപാലനയ്ക്ക് ഈ തിരുനാൾ ദിവസം നമുക്കു പ്രത്യേകം നന്ദിപറയാം.

സീറോമലബാർസഭയുടെ നാലാമത്തെ മേജർ ആർച്ചുബിഷപ്പായി ഉത്തരവാദിത്വമേറ്റെടുത്തതിനുശേഷം എന്റെ മുൻഗാമികൾ ചെയ്തതുപോലെ സാർവത്രികസഭയുടെ തലവനായ പരിശുദ്ധ മാർപാപ്പയോട് ആദരവും വിധേയത്വവും പ്രകടിപ്പിക്കാൻ 2024 മെയ്മാസം ഞാൻ റോമിൽ പോയിരുന്നു. പെർമനന്റ് സിനഡ് അംഗങ്ങളോടും സഭയുടെ കൂരിയാബിഷപ്പിനോടും റോമിലെ പ്രൊക്യുറേറ്ററിനോടുംകൂടെ മെയ് 13–ാം തീയതിയാണ് ഫ്രാൻസീസ് മാർപാപ്പയെ സന്ദർശിച്ചത്. വലിയ സന്തോഷത്തോടും സ്നേഹത്തോടുംകൂടെ ഞങ്ങളെ സ്വീകരിച്ച പരിശുദ്ധ പിതാവ് ഞങ്ങളെ കണ്ടപ്പോഴും തുടർന്നു റോമിലെ സീറോമല

ബാർസഭാംഗങ്ങളുടെ പ്രതിനിധികളെ അഭിസംബോധനചെയ്തു നടത്തിയ പ്രസംഗത്തിലും സീറോമലബാർസഭയെക്കുറിച്ചു പറഞ്ഞ നല്ല കാര്യങ്ങൾ നമുക്കുള്ള അംഗീകാരവും പ്രോത്സാഹനവുമായിരുന്നു. നമ്മുടെ സഭയോടുള്ള പരിശുദ്ധ പിതാവിന്റെ കരുതലിനും വാത്സല്യത്തിനും നന്ദിപറയുന്നതോടൊപ്പം പരിശുദ്ധ പിതാവിന്റെ ആരോഗ്യത്തിനുവേണ്ടിയും എല്ലാ നിയോഗങ്ങൾക്കുവേണ്ടിയും പ്രാർഥിക്കാനും എല്ലാവരോടും ആഹ്വാനം ചെയ്യുന്നു.

പ്രിയപ്പെട്ടവരേ, പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ വത്തിക്കാൻ പാലസിലെ കൺസിസ്റ്ററി ഹാളിൽ മെയ് 13-ാം തീയതി നടത്തിയ പ്രസംഗത്തിലെ ചില കാര്യങ്ങൾ ദുക്റാനാത്തിരുനാളിന്റെയും സഭാദിനാഘോഷങ്ങളുടെയും പശ്ചാത്തലത്തിൽ വിചിന്തനവിഷയമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

ഒന്നാമതായി, നമ്മുടെ സഭയുടെ അപ്പസ്തോലിക പാരമ്പര്യത്തെക്കുറിച്ചു നാം അവബോധമുള്ളവരും അതിൽ അഭിമാനിക്കുന്നവരുമാകണം. മാർപാപ്പ ഇപ്രകാരം പറഞ്ഞു: ഭാരതത്തിന്റെ അപ്പസ്തോലനായ മാർത്തോമാശ്ലീഹായുടെ രക്തസാക്ഷിത്വസാക്ഷ്യത്തിൽ വേരൂന്നിയിരിക്കുന്നതിനാൽ അതിപുരാതനമാണു നിങ്ങളുടെ വിശ്വാസത്തിന്റെ ഉത്ഭവം. നിങ്ങളെല്ലാവരും അദ്ദേഹത്തിന്റെ അപ്പസ്തോലിക പ്രബോധനങ്ങളുടെ സൂക്ഷിപ്പുകാരും അവകാശികളുമാണ്. നമ്മുടെ സഭയുടെ ദീർഘവും ദുഷ്കരവുമായ ചരിത്രത്തിൽ നേരിടേണ്ടിവന്ന എല്ലാ പ്രതികൂല സാഹചര്യങ്ങളിലും പത്രോസിന്റെ പിൻഗാമിയോടു നമ്മൾ എന്നും അചഞ്ചലമായ കൂറുപുലർത്തിയിട്ടുണ്ട് എന്നു ഫ്രാൻസിസ് മാർപാപ്പ പറഞ്ഞതു കത്തോലിക്കാസഭയുടെ കൂട്ടായ്മയിൽ എന്നും നിലനിന്ന നമ്മുടെ ത്യാഗപൂർണമായ വിശ്വസ്തതയ്ക്കുള്ള അംഗീകാരമായി കണക്കാക്കാം.

നമ്മുടെ പൂർവപിതാക്കന്മാർ കടന്നുപോയ എല്ലാ സഹനങ്ങളിലും സഭാസംവിധാനങ്ങളോടു ചേർന്നുനിന്ന് അനുസരിച്ചതുകൊണ്ടാണ് പൗരസ്ത്യസഭകളുടെയിടയിൽ സീറോമലബാർസഭ ഇന്ന് എണ്ണത്തിലും വിശ്വാസതീഷ്ണതയിലും പ്രേഷിതപ്രവർത്തനത്തിലും പ്രശംസിക്കപ്പെടുന്ന വിധത്തിൽ വളർച്ചപ്രാപിച്ചത്. അനൈക്യവും അനുസരണക്കേടും വിതച്ച വലിയ വിപത്തുകളെ നേരിട്ടവരും അതിന്റെ തിക്തഫലങ്ങൾ കണ്ടുകൊണ്ടിരിക്കുന്നവരുമാണു നമ്മൾ. സഭാധികാരികളോടുള്ള അനുസരണം കത്തോലിക്കർ ജീവിക്കേണ്ട ഒരു പുണ്യമാണ്. അതോടൊപ്പം, നൈയാമികമായി പറഞ്ഞാൽ ഒരു സഭയെന്ന വിധത്തിൽ അനുസരിക്കാൻ നമ്മൾ കടപ്പെട്ടവരുമാണ്. കഴിഞ്ഞ രണ്ടാ

യിരത്തിലധികം വർഷങ്ങളിലൂടെ പ്രതിസന്ധികൾക്കിടയിലും ഇടമുറി യാത്ത അപ്പസ്തോലിക പാരമ്പര്യത്തിൽ നമ്മെ നയിച്ച ദൈവത്തിനു നന്ദിപറയാം. ഈ അപ്പസ്തോലിക പാരമ്പര്യം ഒരു വലിയ നിധി പോലെ സൂക്ഷിക്കുകയും തലമുറകൾക്കു കൈമാറുകയും ചെയ്യേണ്ട താണെന്ന ഉത്തരവാദിത്വം നമുക്കു മറക്കാതിരിക്കാം.

രണ്ടാമതായി, നമ്മുടെ സഭയുടെ ആഗോളസാന്നിധ്യവും പ്രേഷിത പ്രവർത്തനങ്ങളുമാണു നമ്മൾ ചിന്തിക്കുന്നത്. പരിശുദ്ധ പിതാവ് ഇങ്ങനെ പറഞ്ഞു: നിങ്ങളുടെ പ്രിയ സഭയുടെ വിശ്വാസികൾ ഇന്ത്യ യിൽ മാത്രമല്ല, ലോകത്താകമാനം വിശ്വാസത്തിന്റെയും ഭക്തിയുടെയും തീക്ഷ്ണതയാൽ അറിയപ്പെടുന്നവരാണ്. ഇരുപതാം നൂറ്റാണ്ടുവരെ പ്രധാനമായും കേരളത്തിൽ ഒതുങ്ങിയ നമ്മുടെ സഭ ഇന്ന് ആഗോള സാന്നിധ്യമുള്ള ഒരു സഭയായി വളർന്നുവെന്നത് അഭിമാനകരംതന്നെ. കഴിഞ്ഞ കാലങ്ങളിൽ വിവിധ ദേശങ്ങളിലേക്കു കടന്നുചെന്ന സഭാമ ക്കൾ നമ്മുടെ കർത്താവിലുള്ള വിശ്വാസം അഭംഗുരം കാത്തുസൂക്ഷി ക്കാനും അവരായിരിക്കുന്ന ദേശങ്ങളിൽ തീഷ്ണതയോടെ ജീവിക്കാ നും കലർപ്പില്ലാതെ തലമുറകൾക്കു കൈമാറാനും കാണിക്കുന്ന പ്ര തിബദ്ധത പ്രശംസനീയമാണ്. ആഗോള കുടിയേറ്റത്തിന്റെ ഈ കാല ഘട്ടത്തിൽ ഈ പ്രേഷിതവേല തുടരാൻ പ്രവാസികൾ തുടർന്നും പ്രതിബദ്ധരാകണം.

ഭാരതംമുഴുവനിലും ലോകത്തിന്റെ പല ഭൂഖണ്ഡങ്ങളിലും സീറോ മലബാർസഭയ്ക്ക് ആവശ്യമായ സഭാസംവിധാനങ്ങൾ രൂപപ്പെടുത്താൻ ചരിത്രപരമായ തീരുമാനങ്ങളെടുത്ത ഫ്രാൻസിസ് മാർപാപ്പ ഗൾഫ് രാജ്യങ്ങളിൽ നമ്മുടെ സഭയ്ക്ക് അജപാലന ശുശ്രൂഷചെയ്യുന്നതിനുള്ള അനുവാദം വാക്കാൽ നല്കിയത് ഇത്തരുണത്തിൽ നന്ദിയോടെ അനു സ്മരിക്കുന്നു. ഗൾഫ് രാജ്യങ്ങളിലെ അഞ്ചുലക്ഷത്തിലധികംവരുന്ന വിശ്വാസികൾക്ക് ആവശ്യമായ സഭാസംവിധാനങ്ങൾ കാലതാമസം കൂടാതെ രൂപപ്പെടുമെന്നു നമുക്കു പ്രത്യാശിക്കാം.

ആഗോളകുടിയേറ്റത്തിന്റെ പശ്ചാത്തലത്തിൽ പഠനത്തിനും ജോലിക്കും മെച്ചമായ ജീവിതസൗകര്യങ്ങൾക്കുംവേണ്ടി നമ്മുടെ മക്കളും കുടുംബങ്ങളും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്കു കടന്നു ചെല്ലുമ്പോൾ നമ്മുടെ സഭയുടെ തനതായ പൈതൃകം കാത്തുസൂക്ഷി ക്കാൻ ആഗോളസഭയുടെ തലവൻ ആഹ്വാനം ചെയ്യുന്നത് ഇപ്രകാര മാണ്: മഹത്തായ ആരാധനാപരവും ആത്മീയവും സാംസ്കാരികവു മായ നിങ്ങളുടെ പൈതൃകം എന്നും ഏറെ തിളക്കത്തോടെ പ്രകാശി തമാകുന്നതിനുവേണ്ടി, നിങ്ങൾ എവിടെയായാലും നിങ്ങളുടെ സ്വയം

ഭരണാവകാശമുള്ള സഭയോടു ചേർന്നുനില്ക്കാൻ സീറോമലബാർ കത്തോലിക്കാസഭാംഗങ്ങളായ നിങ്ങളെ ഞാൻ പ്രോത്സാഹിപ്പിക്കുന്നു. ഈ ആഹ്വാനം സ്വീകരിച്ചുകൊണ്ടു നമ്മുടെ സഭയുടെ ആരാധനാക്രമവും വിശ്വാസപാരമ്പര്യങ്ങളും മുറുകെപിടിക്കാനും അഭിമാനത്തോടെ അതു ജീവിക്കാനും എല്ലാവരും പരിശ്രമിക്കണമെന്നും സഭാമക്കളെ സഭാസംവിധാനത്തോടു ചേർത്തുനിറുത്താൻ അജപാലകർ പ്രത്യേകം ശ്രദ്ധിക്കണമെന്നും ഞാൻ ആഗ്രഹിക്കുന്നു. ഇത്തരം സാഹചര്യങ്ങളിൽ സീറോമലബാർസഭാമക്കളെന്നനിലയിലുള്ള സ്വത്വബോധത്തിൽ ആഴപ്പെട്ടുവളരാൻ ചില സങ്കുചിതചിന്തകൾ വെടിയേണ്ടിവരും. സഭ വളരുന്നതു പ്രാദേശികമായിട്ടാണെന്നത് യാഥാർഥ്യമാണ്. എന്നാൽ, ആഗോളതലത്തിൽ ഒരു കരുത്തുറ്റ സഭയായി സീറോമലബാർസഭ ഇനിയും വളരാൻ വിശാലമായി ചിന്തിക്കുകയും നിലപാടുകൾ എടുക്കുകയും ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്.

മൂന്നാമതായി, നമ്മുടെ കുടുംബങ്ങളുടെ കെട്ടുറപ്പിനെയും വിശ്വാസപരിശീലനത്തിലെ പ്രതിബദ്ധതയെയുംകുറിച്ച് എടുത്തുപറയാൻ ഞാൻ ആഗ്രഹിക്കുന്നു. നമ്മുടെ സഭയുടെ ഏറ്റവും വലിയ സമ്പത്ത് നമ്മുടെ കുടുംബങ്ങളാണ്. ആത്മീയതയിലും അദ്ധ്വാനത്തിലും അടിസ്ഥാനമിട്ട നമ്മുടെ കുടുംബങ്ങൾ കൂടിചേരുന്നതാണ് സഭയാകുന്ന വലിയ കുടുംബം. കുടുംബങ്ങളിലാരംഭിക്കുന്ന വിശ്വാസപരിശീലനം ഇടവകകളിലെ മതബോധനക്ലാസ്സുകളിലൂടെയും കുടുംബകൂട്ടായ്മകളിലൂടെയും സംഘടനാപ്രവർത്തനങ്ങളിലൂടെയും ശക്തിപ്പെടേണ്ടതുണ്ട്. കാലത്തിന്റെയും സംസ്ക്കാരത്തിന്റെയും പ്രലോഭനങ്ങളിൽ വീണുപോകാത്തവിധത്തിൽ വിശ്വാസമാകുന്ന പാറമേൽ അടിസ്ഥാനമിടാൻ പുതിയ തലമുറയിലെ കുടുംബങ്ങളെ ശക്തിപ്പെടുത്തണം. ഈശോ നാഥനും ഏക രക്ഷകനുമാണെന്നു ജീവിതത്തിലൂടെ പ്രഘോഷിക്കാൻ വ്യക്തികൾക്കും കുടുംബങ്ങൾക്കും അതുവഴി സഭ മുഴുവനും ഏതു സാഹചര്യത്തിലും സാധിക്കേണ്ടതുണ്ട്.

ദൈവം നമ്മുടെ സഭയിൽ ധാരാളം വൈദിക സമർപ്പിതദൈവവിളികൾ നല്കി അനുഗ്രഹിച്ചിട്ടുണ്ട്. നമ്മുടെ വൈദികരും സമർപ്പിതരും ലോകമെമ്പാടും ഫലപ്രദമായ ശുശ്രൂഷ ചെയ്യുന്നുമുണ്ട്. സുവിശേഷപ്രഘോഷണദൗത്യം പ്രത്യേകമായ വിധത്തിൽ സ്വീകരിച്ചു വിവിധ മേഖലകളിൽ ശുശ്രൂഷചെയ്യുന്ന അല്മായസഹോദരങ്ങളെയും ഈയവസരത്തിൽ പ്രത്യേകം ഓർക്കുന്നു. ഈ ദൈവവിളികളെയെല്ലാം പ്രോത്സാഹിപ്പിക്കാനും കഴിയുന്ന വിധത്തിലെല്ലാം സഹായിക്കാനും അവർക്കുവേണ്ടി പ്രാർഥിക്കാനും നമുക്കു പ്രത്യേകമായി പരിശ്രമിക്കാം. അതുപോലെ യുവജനങ്ങളെ പ്രത്യേകം ശ്രവിക്കാനും അവ

രുടെ കൂടെനടക്കാനും ചോദ്യങ്ങൾക്ക് ഉത്തരം കൊടുക്കാനും ആവശ്യമായ മാർഗനിർദേശങ്ങൾ നല്കാനും അജപാലകർ പ്രത്യേകം ശ്രദ്ധയുള്ളവരായിരിക്കണം. യുവജനങ്ങളുടെ വിശ്വാസജീവിതത്തിന്റെ ആഴപ്പെടലും സാക്ഷ്യത്തിന്റെ ശക്തിയുമാണു സഭയുടെ ഭാവിയെന്നതു യുവജനങ്ങളും സഭാശുശ്രൂഷകരും ഒരുപോലെ ഓർമിക്കേണ്ടതാണ്.

ഈശോയിൽ എനിക്ക് ഏറ്റവും പ്രിയപ്പെട്ടവരേ, ദൈവത്തിന്റെ സ്നേഹമാർന്ന പരിപാലന എന്നും നമ്മോടൊപ്പമുണ്ട്. പരിശുദ്ധപിതാവിന്റെ വാക്കുകൾ ഞാൻ ആവർത്തിക്കട്ടെ: ബുദ്ധിമുട്ടുകളുടെയും പ്രതിസന്ധികളുടെയും സമയങ്ങളിൽ നിരുത്സാഹമോ നിസഹായതാബോധമോ നിങ്ങളെ കീഴ്പ്പെടുത്താൻ അനുവദിക്കരുതെന്ന് എല്ലാവരോടും പറയാൻ ഞാൻ ആഗ്രഹിക്കുന്നു. അതിനാൽ, കത്തോലിക്കാസഭയുടെ കൂട്ടായ്മയിൽ അഭിമാനത്തോടെ വ്യാപരിച്ചുകൊണ്ട്, അപ്പസ്തോലിക പ്രബോധനങ്ങളുടെ സൂക്ഷിപ്പുകാരും അവകാശികളുമായ നമുക്കു നമ്മുടെ സഭയുടെ മഹത്തായ പൈതൃകം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഏറെ തിളക്കത്തോടെ പ്രകാശിപ്പിക്കുന്നതിനുവേണ്ടി പ്രത്യേകം പരിശ്രമിക്കാം. നമ്മുടെ കുടുംബങ്ങളെ ശക്തിപ്പെടുത്തിയും വിശ്വാസപരിശീലനസംരംഭങ്ങൾ ഹൃദയത്തിൽ ഏറ്റെടുത്തും ദൈവവിളികൾ പ്രോത്സാഹിപ്പിച്ചും യുവജനങ്ങളെ ചേർത്തുപിടിച്ചും ഈ കാലഘട്ടത്തിന്റെ ദുർഘടമായ വഴികളിലൂടെ സ്വർഗോന്മുഖരായി നമുക്കു യാത്രതുടരാം.

ദുക്റാനത്തിരുനാളിന്റെയും സഭാദിനത്തിന്റെയും ആശംസകൾ എല്ലാവർക്കും നേരുന്നു. നമ്മുടെ അമ്മയായ പരിശുദ്ധ കന്യാകാമറിയത്തിന്റെയും മാർ യൗസേപ്പുപിതാവിന്റെയും മാർ തോമാശ്ലീഹായുടെയും സകല വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും മാധ്യസ്ഥ്യവും അനുഗ്രഹവും നമ്മോടും നമ്മുടെ എല്ലാ പ്രവർത്തനങ്ങളോടുമൊപ്പം ഉണ്ടായിരിക്കട്ടെ!

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽനിന്നു 2024-ാം ആണ്ട് ജൂൺ മാസം 22-ാം തീയതി നല്കപ്പെട്ടത്.

**മാർ റാഫേൽ തട്ടിൽ**
സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ്

---

*NB:* ഈ ഇടയലേഖനം 2024 ജൂൺ 30-ാം തീയതി ഞായറാഴ്ച സീറോമലബാർ സഭയിലെ എല്ലാ ഇടവക ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും സമർപ്പിതഭവനങ്ങളിലും പരിശീലനകേന്ദ്രങ്ങളിലും മേജർ സെമിനാരികളിലും വിശുദ്ധ കുർബാനമധ്യേ വായിക്കേണ്ടതാണ്.

No. 4031/K-5/KCBC/OL/DS 25.06.2024

# യുവജനദിനം ജൂലൈ 7, 2024

## കെസിബിസി യുവജനകമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

ക്രിസ്തുവിൽ പ്രിയ സഹോദരങ്ങളെ,

നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിന്ന് നിങ്ങൾക്ക് കൃപയും സമാധാനവും!

കേരളസഭ 2024 യുവജനവർഷമായി ആചരിക്കുമ്പോൾ എല്ലാവർക്കും ഈ വർഷത്തെ യുവജനദിനത്തിന്റെ പ്രാർത്ഥനാശംസകൾ ഏറ്റവും സ്നേഹത്തോടെ നേരുന്നു. 'കണ്ണിൽ കനിവും കരളിൽ കനലും കാലിൽ ചിറകുമുള്ള ക്രൈസ്തവ യുവത്വം' എന്ന ആപ്തവാക്യത്തെ അടിസ്ഥാനപ്പെടുത്തി ജനുവരി 7 നു തുടക്കം കുറിച്ച യുവജനവർഷത്തിൽ കേരളത്തിലെ 32 രൂപതകളും സജീവമായി പങ്കുചേരുന്നതിൽ ഏവരെയും ആത്മാർഥമായി അഭിനന്ദിക്കുന്നു.

കേരളസഭയിലെ യുവജന പ്രസ്ഥാനങ്ങളായ കെസിവൈഎം, ജീസസ് യൂത്ത്, സിഎൽസി, ഐക്കഫ്, ബോസ്കോ യൂത്ത്, യൂക്കരിസ്ത്യ, ഇദൈന്തെ തുടങ്ങിയവയുടെ നേതാക്കൾക്കും എല്ലാ പ്രവർത്തകർക്കും അവരെ സഹഗമിക്കുന്ന എല്ലാ ഡയറക്ടർമാർക്കും ആനിമേറ്റർമാർക്കും അഭിനന്ദനങ്ങളും നന്ദിയും അറിയിക്കുന്നു. പിതാവായ ദൈവത്തിന്റെ കരുണയും പുത്രനായ യേശുക്രിസ്തുവിന്റെ തീക്ഷ്ണതയും പരിശുദ്ധാത്മാവിന്റെ അഭിഷേകവും നിറഞ്ഞു നിൽക്കുന്ന പ്രവർത്തനങ്ങൾ സഭയിൽ നിരന്തരം ചെയ്തുകൊണ്ടിരിക്കുന്ന യുവജനസഭയ്ക്കു പുത്തനുണർവ് പ്രദാനം ചെയ്യാൻ യുവജനവർഷ പ്രഖ്യാപനത്തിന് സാധിച്ചു എന്നതിൽ കേരള മെത്രാൻ സമിതിക്കു ചാരിതാർത്ഥ്യം ഉണ്ട്.

### ക്രിസ്തുവുമായുള്ള സൗഹൃദം

'നമ്മുടെ രക്ഷകനായ ക്രിസ്തു' എന്ന യുവാവായ ദൈവവുമായുള്ള സൗഹൃദമാണ് യുവജന ആത്മീയത എന്നു കത്തോലിക്കാസഭയുടെ പരമാധ്യക്ഷൻ ഫ്രാൻസിസ്പാപ്പ 'ക്രിസ്തു ജീവിക്കുന്നു' എന്ന അപ്പസ്തോലിക ആഹ്വാനത്തിൽ പറയുന്നു. സഭയ്ക്കുള്ളിലെ നമ്മുടെ യുവാക്കളുടെ ഇടപഴകലും ആത്മീയ പോഷണവും ദൈവമനുഷ്യസൗഹൃദം നിറഞ്ഞതാവണം. നമ്മുടെ യുവജനങ്ങൾ കേവലം സഭയുടെ ഭാവി മാത്രമല്ല; അവർ അതിന്റെ വർത്തമാനകാലത്തിന്റെ ഒരു സുപ്രധാന ഭാഗമാണ്. അതിനാൽ, അവരുടെ ആവശ്യങ്ങൾ, അഭിലാഷങ്ങൾ, അതുല്യമായ ആത്മീയ യാത്രകൾ എന്നിവയുമായി

പ്രതിധ്വനിക്കുന്നതും പരിപാലിക്കുന്നതും ഇത്തരുണത്തിൽ അനിവാര്യമാണ്. ധനികനായ യുവാവ് യേശുവിനെ സമീപിച്ചു നിത്യരക്ഷയ്ക്കുള്ള മാർഗമന്വേഷിച്ചപ്പോൾ അവനുമായുള്ള സൗഹൃദം സ്ഥാപിക്കാൻ യേശു ശ്രമിക്കുന്നുണ്ട് (മത്താ 19.16). എന്നാൽ അവനാകട്ടെ ക്രിസ്തുവെന്ന സ്വത്തിനേക്കാൾ മറ്റു പലതിനുവേണ്ടി ഏറ്റവും അമൂല്യമായ സൗഹൃദം തന്നെ വേണ്ടന്നു വച്ചു, അവസാനം വിഷാദവാനായി തിരികെപോയി (19.22). ഇത് യുവജനതയ്ക്ക് ഒരു പാഠമാണ്. യേശുക്രിസ്തുവെന്ന ഏറ്റവും മൂല്യമേറിയ സുഹൃത്തിനെ കണ്ടെത്താൻ യൗവനത്തിലേ സാധിച്ചാൽ ജീവിതം ആനന്ദപ്രദമാകും. അതിന് സഭയിൽ നടക്കുന്ന രക്ഷാകരമായ ആത്മീയ കൂദാശകളിലുള്ള സജീവ പങ്കാളിത്തവും കാരുണ്യ പ്രവർത്തികളും സാമൂഹിക സാംസ്കാരിക ഇടപെടലുകളും വിപ്ലവകരമായ മാറ്റങ്ങൾക്കായുള്ള തീക്ഷ്ണത നിറഞ്ഞ നിലപാടുകളും യുവജനങ്ങൾക്ക് ഉൾപ്രേരകങ്ങൾ ആകണമെന്ന് സഭ ആഗ്രഹിക്കുന്നു. അത് ഈ യുവജനവർഷത്തിൽ കൂടുതൽ തെളിവായി വരട്ടെ എന്നു ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.

**യുവജന സൗഹൃദ സഭ**

ഈ യുവജനവർഷത്തിൽ നാം ആത്മവിമർശനത്തോടെ ചോദിക്കേണ്ടത് നമ്മുടെ സഭ, ദേവാലയങ്ങൾ, സഭാസ്ഥാപനങ്ങൾ ഇവയൊക്കെയും യുവജന സൗഹൃദപരമാണോ എന്നാണ്. സഭയെയും സഭാസംവിധാനങ്ങളെയും യുവജന സൗഹൃദപരമാക്കാൻ സാധിച്ചാൽ ഈ യുവജനവർഷാചരണം സഭാനവീകരണത്തിന് പുതിയ മാനം നൽകും എന്നതിൽ ഒരു സംശയവുമില്ല. നമ്മുടെ ദേവാലയങ്ങൾ യുവാക്കളെ സ്വാഗതം ചെയ്യുകയും പിന്തുണയ്ക്കുകയും ചെയ്യുന്നുണ്ടെന്ന് ഉറപ്പാക്കാൻ ഒരു യുവജനസൗഹൃദ സഭാപ്രോട്ടോകോൾ (Youth Friendly Church Protocole -YFCP) ഉണ്ടാവുന്നത് അഭികാമ്യം ആണെന്നു തോന്നുന്നു. അതിനായുള്ള ചില പ്രായോഗിക മാർഗനിർദേശങ്ങൾ താഴെ ചേർക്കുന്നു.

**സഭയുടെ ആരാധനാജീവിതത്തിൽ യുവജന പങ്കാളിത്തം**

യുവാക്കളുടെ വിശാലമായ ശ്രേണിയെ ആകർഷിക്കാൻ പരമ്പരാഗത ആരാധനാക്രമങ്ങൾക്കൊപ്പം സമകാലീന ആരാധനാരീതികൾ ഉൾപ്പെടുത്തുക. വായനകൾ, സംഗീതം, മറ്റ് ആരാധനാപരമായ റോളുകൾ എന്നിവയിലൂടെ സേവനങ്ങളിൽ യുവജന പങ്കാളിത്തം പ്രോത്സാഹിപ്പിക്കുക.

**യുവജന നേതൃത്വവും പങ്കാളിത്തവും**

സഭാ തീരുമാനങ്ങൾ എടുക്കുന്ന പ്രക്രിയകളിൽ യുവജനങ്ങൾക്ക് ശബ്ദം നൽകുന്നതിന് യുവജന കൗൺസിലുകളോ ഉപദേശക

സമിതികളോ സ്ഥാപിക്കുക. സഭയിലും സമൂഹത്തിലും വിവിധ റോളുകൾക്കായി യുവാക്കളെ സജ്ജരാക്കുന്നതിന് നേതൃത്വ പരിശീലനപരിപാടികൾ വാഗ്ദാനം ചെയ്യുക. പള്ളികളിലെ പാസ്റ്ററൽ കൗൺസിൽ, പ്ലാനിങ് കമ്മിറ്റി, ഫിനാൻസ് കമ്മിറ്റി തുടങ്ങിയവയിൽ യുവജന പ്രാതിനിധ്യം ഉറപ്പാക്കുക.

**യുവജന വിശ്വാസ പരിശീലനം**

യുവജനകാറ്റിക്കിസം ആകർഷകവും നിർബന്ധവും ആക്കുക മൾട്ടിമീഡിയയും ഇന്ററാക്ടീവ് സമീപനങ്ങളും ഉപയോഗിച്ച് പ്രസക്തവും ആകർഷകവുമായ കാറ്റകാറ്റിക്കിൽ പ്രോഗ്രാമുകൾ വികസിപ്പിക്കുക. വിശ്വാസത്തിന്റെ ആഴത്തിലുള്ള പര്യവേക്ഷണം പ്രോത്സാഹിപ്പിക്കുന്നതിന് ചെറിയ ഗ്രൂപ്പ് ചർച്ചകളും സമപ്രായ ക്കാരുടെ നേതൃത്വത്തിൽ ബൈബിൾ, യുക്യാറ്റ്, ഡുക്യാറ്റ് പഠന ശിബിരങ്ങൾ സംഘടിപ്പിക്കുക.

**സുരക്ഷിതവും സ്വാഗതാർഹവുമായ അന്തരീക്ഷം**

എല്ലാ യുവാക്കളുടെയും ക്ഷേമം സംരക്ഷിക്കുന്നതിന് സമഗ്രമായ സുരക്ഷാ നയങ്ങൾ നടപ്പിലാക്കുക. സാമൂഹികവൽക്കരണത്തിനും അനൗപചാരിക ഒത്തുചേരലുകൾക്കുമുള്ള മേഖലകൾ ഉൾപ്പെടെ, യുവജന സൗഹൃദമായ, സ്വാഗതാർഹമായ ഭൗതിക ഇടങ്ങൾ (സംഘടനാ കാര്യാലയങ്ങൾ) സൃഷ്ടിക്കുക. രൂപതകളിലും ദേവാലയ ങ്ങളിലും യുവജനങ്ങൾക്ക് കൂടിവരാനായി യൂത്ത് സെന്ററുകൾ ഉണ്ടാവുക.

**സമുദായ സേവനവും സാമൂഹിക നീതിയും**

ഗവൺമെന്റുകളുടെയും സഭയുടെയും സാമൂഹിക സേവന പദ്ധതികളിലും സാമൂഹിക നീതി സംരംഭങ്ങളിലും പങ്കെടുക്കാൻ യുവാക്കളെ പ്രോത്സാഹിപ്പിക്കുക. ജീവകാരുണ്യ പ്രവർത്തനങ്ങളി ലൂടെയും ഉപവി പ്രവൃത്തികളിലൂടെയും സുവിശേഷം ജീവിക്കേണ്ട തിന്റെ പ്രാധാന്യം എടുത്തു കാണിക്കുക.

**മുതിർന്നവരുടെ മെന്റർഷിപ്പും വൈദികരുടെ അജപാലന സഹഗമനവും ഉറപ്പാക്കൽ**

മാർഗനിർദേശത്തിനും പിന്തുണയ്ക്കുമായി യുവാക്കളെ സഭയിലെ മുതിർന്ന അംഗങ്ങളുമായി സംവദിക്കുന്ന മെന്റർഷിപ്പ് പ്രോഗ്രാമുകൾ നടത്തുക. യുവാക്കളുടെ കാലികമായ വെല്ലുവിളികൾക്കും ആശങ്ക കൾക്കും അനുസൃതമായി അവർക്കു തുറന്ന മനസ്സോടെയുള്ള അജപാലന പരിചരണം നൽകുക. യുവജന അജപാലന ശുശ്രൂഷ

നിർബന്ധമാക്കുകയും അതിനായി സെമിനാരികളിൽ കാര്യക്ഷമമായ പരിശീലനപരിപാടികൾ നടത്തുകയും ചെയ്യുക.

**സാങ്കേതികവിദ്യയുടെയും സോഷ്യൽ മീഡിയയുടെയും ഉപയോഗം**

മീഡിയ അസിസ്റ്റഡ് മിനിസ്ട്രി (MAM) യുവാക്കൾ ഏറ്റവും സജീവമായ ഇടങ്ങളിൽ അവരുമായി ഇടപഴകുന്നതിന് സോഷ്യൽ മീഡിയയും ഡിജിറ്റൽ പ്ലാറ്റ്ഫോമുകളും കൃത്യമായി ഉപയോഗിക്കുക. വ്യക്തിഗത പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് ഓൺലൈൻ ഉറവിടങ്ങളും വെർച്വൽ കമ്മ്യൂണിറ്റികളും വാഗ്ദാനം ചെയ്യുക.

**യുവജന സൗഹൃദ കുടുംബങ്ങൾ**

വീടിനുള്ളിൽ യുവാക്കളുടെ വിശ്വാസ വികാസത്തെ പിന്തുണയ്ക്കുന്നതിന് മാതാപിതാക്കളും രക്ഷിതാക്കളുമായും പങ്കാളിത്തം വളർത്തുക. സഭയും കുടുംബജീവിതവും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുന്ന കുടുംബാധിഷ്ഠിത പരിപാടികൾ സംഘടിപ്പിക്കുക.

**യുവജന സൗഹൃദ സഭാസ്ഥാപനങ്ങൾ**

ഇടവകാതിർത്തിയിലെ സഭാസ്ഥാപനങ്ങൾ യുവജനശുശ്രൂഷ മേഖലകളായി മാറാനും അവരുടെ കലാകായിക പരിശീലനവേദികളാക്കി മാറ്റാനുമുള്ള പദ്ധതികൾ അതതു സ്ഥലത്തെ സന്യസ്ത ഭവനങ്ങളുടെ വിഭവശേഷികൾ യുവജന ശുശ്രൂഷയിൽ പങ്കുചേർക്കുക.

**രൂപതയിൽ യുവജന ഡേറ്റ ബാങ്ക്**

രൂപതയിലെ യുവജനങ്ങളുടെ സമഗ്രമായ വിവരശേഖരണം, ആ വിവരങ്ങളുടെ ശാസ്ത്രീയമായ വിശകലനം, അതിന്റെ അടിസ്ഥാനത്തിൽ ക്രിയാത്മകപദ്ധതികൾ എന്നിവ **യുവജന സൗഹൃദ സഭ** എന്ന ദർശനത്തിലേക്കു കേരള സഭയെ നയിക്കും.

**യുവജനശുശ്രൂഷക്കായി നീതിപൂർവകമായ സാമ്പത്തിക ഓഹരി ബഡ്ജറ്റിൽ ഉൾപ്പെടുത്തൽ**

**നിർവഹണവും വിലയിരുത്തലും**

ഈ പ്രോട്ടോക്കോളുകളുടെ നടത്തിപ്പിന് മേൽനോട്ടം വഹിക്കാൻ ഓരോ രൂപതയുടെയും യുവജന മന്ത്രാലയ കോ-ഓർഡിനേറ്ററെ നിയമിക്കാൻ പ്രോത്സാഹിപ്പിക്കുന്നു. യുവാക്കളെ ഫലപ്രദമായി പിന്തുണയ്ക്കാൻ അവർ സജ്ജരാണെന്ന് ഉറപ്പാക്കാൻ വൈദികർക്കും സാധാരണ നേതാക്കൾക്കും നിരന്തരമായ പരിശീലനവും ശിൽപശാലകളും നൽകണം. കൂടാതെ, നമ്മുടെ സമീപനങ്ങൾ തുടർച്ചയായി പരിഷ്കരിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും യുവാക്കളിൽ നിന്നും അവരുടെ കുടുംബങ്ങളിൽ നിന്നുമുള്ള ആനുകാലിക വിലയിരുത്തലുകളും ഫീഡ്ബാക്കും അത്യന്താപേക്ഷിതമാണ്.

ഉപസംഹാരമായി, യുവജന സൗഹൃദസഭകൾ സൃഷ്ടിക്കുന്നത് കേവലം ഘടനാപരമായ ഒരു സംരംഭമല്ല; അത് യുവജന അജപാലനത്തിന്റെ അനിവാര്യതയാണ്. ഈ പ്രോട്ടോക്കോളുകളും മാർഗനിർദേശങ്ങളും സ്വീകരിക്കുന്നതിലൂടെ, നമ്മുടെ യുവജനങ്ങളുടെ വിശ്വാസം പരിപോഷിപ്പിക്കുന്നതിനുള്ള സഭയുടെ പ്രതിബദ്ധത ഉറപ്പിക്കുന്നു. ക്രിസ്തു നായിനിലെ വിധവയുടെ മകനോട് പറഞ്ഞതുപോലെ, (ലുക്കാ 7, 11–17) ജായ്റോസിന്റെ മകളോട് പറഞ്ഞതുപോലെ, (ലൂക്ക 8, 40–56) കേരളസഭ തന്റെ യുവതയോടു 'യുവാവേ, യുവതീ എഴുന്നേൽക്കു' എന്നു പറയുന്നു. ഏശയ്യ പ്രവാചകനിലുടെ ഇസ്രായേൽ ജനത്തോട് പറഞ്ഞതുപോലെ പറയുന്നു, 'ഉണർന്നു പ്രശോഭിക്കൂ' (ഏശയ്യ 60.1). അങ്ങനെ അവർ നമ്മുടെ സഭാസമൂഹത്തിന്റെ അവിഭാജ്യവും തേജസ്സുറ്റതുമായ ഘടകമാണെന്ന് ഉറപ്പാക്കുന്നു. ഈ സുപ്രധാന ദൗത്യം ഏറ്റെടുക്കുമ്പോൾ പരിശുദ്ധാത്മാവിന്റെ മാർഗനിർദേശത്തിനായി നമുക്ക് പ്രാർത്ഥിക്കാം. നമ്മുടെ യുവജനങ്ങളെ, ക്രിസ്തുവിനോടും അവിടുത്തെ സഭയോടും അടുപ്പിക്കുന്ന സഭയുടെ പ്രയത്നങ്ങൾ അവരുടെ ജീവിതത്തിൽ ഫലം കായ്ക്കട്ടെ. ഒരു യുവജന സൗഹൃദസഭയായി കേരളസഭ മാറട്ടെ. അതിനായി നമ്മെ ഏവരെയും സർവ്വേശ്വരൻ അനുഗ്രഹിക്കട്ടെ.

**റൈറ്റ് റവ. ഡോ. ക്രിസ്തുദാസ് ആർ**
(ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

**ഡോ. മാർ ജോസഫ് പണ്ടാരശ്ശേരിൽ**
(വൈസ് ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

**ഡോ. മാത്യൂസ് മാർ പോളികാർപ്പോസ്**
(വൈസ് ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം, പി.ഒ.സി., കൊച്ചി - 682 025

---

N.B. 2024 ജൂലൈ 7–ാം തീയതി ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലാറ്റിൻ, സീറോ മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

# കച്ചേരിക്കാര്യം

ജൂലൈ 2024

**1. ജൂലൈ 3 ദുക്റാനത്തിരുനാൾ**

ഭാരതത്തിന്റെ അപ്പസ്തോലനും നമ്മുടെ പിതാവുമായ മാർതോമാശ്ലീഹായുടെ രക്തസാക്ഷിത്വദിനം സീറോ മലബാർ സഭയിൽ സഭാദിനമായാണ് ആചരിക്കുന്നത്. നമ്മുടെ അതിരൂപതയിലെ എല്ലാ ദൈവാലയങ്ങളിലും ദുക്റാന തിരുനാൾ ഉചിതമായി ആചരിക്കണമെന്ന് ഓർമപ്പെടുത്തുന്നു.

സീറോ മലബാർ സഭയുടെ വി. കുർബാന അർപ്പണത്തിന്റെ ഏറ്റവും ആഘോഷപൂർവ്വമായ റാസകുർബാന സാധിക്കുന്ന ഇടവകകളിൽ ദുക്റാനത്തിരുനാളിൽ അർപ്പിക്കുന്നത് ഏറ്റവും ഉചിതമാണ്. മാർതോമാശ്ലീഹായുടെ തിരുസ്വരൂപം എഴുന്നള്ളിച്ചുവച്ച് നൊവേനയും ലദീഞ്ഞും നടത്തുകയും ശ്രാദ്ധമായി ആചരിച്ച് പാച്ചോർ നേർച്ച നടത്തുന്നതും ഉചിതമായിരിക്കും.

**2. റവ. ഫാ. ആർമണ്ട് മാധവത്ത് OFM Cap. – ദൈവദാസപദവിയിലേക്ക്**

പട്ടാരം വിമലഗിരി, ഭരണങ്ങാനം അസ്സിസി എന്നീ ധ്യാനകേന്ദ്രങ്ങളുടെ സ്ഥാപകനും കേരള കരിസ്മാറ്റിക് നവീകരണത്തിന്റെ ആരംഭകരിൽ പ്രധാനിയുമായിരുന്ന കപ്പൂച്ചിൻ സഭ മലബാർ പ്രൊവിൻസ് അംഗം ബഹു. ആർമണ്ട് മാധവത്ത് അച്ചനെ ദൈവദാസപദവിയിലേക്ക് ഉയർത്താനുള്ള അനുമതി വത്തിക്കാനിൽ നിന്നും ലഭിച്ചു. 2024 ജൂലൈ 13 ന് ഉച്ചകഴിഞ്ഞ് 2 മണിക്ക് പട്ടാരം വിമലഗിരി ധ്യാനകേന്ദ്രത്തിൽ ആരംഭിക്കുന്ന തിരുക്കർമ്മങ്ങൾക്ക് തലശ്ശേരി അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി മുഖ്യകർമ്മികത്വം വഹിക്കും. സീറോ മാലബാർ സഭയ്ക്ക് മലബാറിൽനിന്നുള്ള ആദ്യത്തെ ദൈവാസനാണ് ബഹു. ആർമണ്ട് അച്ചൻ. ചടങ്ങിൽ അഭിവന്ദ്യ പിതാക്കൻക്കന്മാരും ജനപ്രതിനിധികളും കപ്പൂച്ചിൻ സഭാധികാരികളും പങ്കെടുക്കും. വിശുദ്ധരുടെ നാമകരണ നടപടിക്രമങ്ങളിൽ

ആദ്യത്തേതാണ് ദൈവദാസപദവി. ജീവിതവിശുദ്ധിയെക്കുറിച്ചുള്ള പഠനശേഷം വത്തിക്കാനിലെ വിശുദ്ധരുടെ നാമകരണനടപടികളുടെ കാര്യാലയത്തിൽനിന്നുള്ള അറിയിപ്പുപ്രകാരം രൂപതാദ്ധ്യക്ഷനാണ് തുടർനടപടികൾക്ക് നേതൃത്വം നൽകുക. പാലാ രൂപതയിൽ മരങ്ങാട്ടുപിള്ളിയിൽ 1930 നവംബർ 25 ന് ജനിച്ച ആർമണ്ട് അച്ചൻ 1954 മെയ് 13 ന് കപ്പൂച്ചിൻ സഭയിൽ വ്രതവാഗ്ദാനവും, 1960 മാർച്ച് 25 ന് അഭിവന്ദ്യ മാർ ആന്റണി പടിയറ പിതാവിൽനിന്ന് തിരുപ്പട്ടവും സ്വീകരിച്ചു. ഭരണങ്ങാനം അസീസ്സി ധ്യാനകേന്ദ്രത്തിൽ ആദ്യത്തെ കരിസ്മാറ്റിക് ധ്യാനം നടത്തിയത് ആർമണ്ട് അച്ചൻ ആണ്. പിന്നീട് തലശ്ശേരി അതിരൂപതയിൽ ഇരിട്ടി അടുത്ത് പട്ടാരത്ത് ബഹു. ആർമണ്ട് അച്ചൻ ശുശ്രൂഷ ആരംഭിച്ചു. 2001 ജനുവരി 12 ന് അദ്ദേഹം നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. 2019 ൽ തലശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവ് നാമകരണ നടപടികൾക്ക് തുടക്കം കുറിച്ചു.

### 3. PPF അംഗങ്ങളുടെ ശ്രദ്ധയ്ക്ക്

നമ്മുടെ വൈദിക കൂട്ടായ്മയിൽനിന്നും നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട ബഹു. ജോർജ് കൊടകനാടി അച്ചന്റെ നിയോഗത്തിൽ ഒരു ദിവ്യബലി അർപ്പിക്കേണ്ടതാണ്.

### 4. റിഫ്രഷർ കോഴ്സ്

ബഹു. വൈദികരുടെ ഈ വർഷത്തെ റിഫ്രഷർ കോഴ്സിന്റെ രണ്ടാമത്തെ ബാച്ച് 2024 ജൂലൈ 15, 16, 17 തീയതികളിൽ തലശ്ശേരി സന്ദേശഭവനിൽ വച്ച് നടത്തപ്പെടുന്നു. 15-ാം തീയതി രാവിലെ 10 മണിക്ക് ആരംഭിച്ച് 17 ന് ഉച്ചകഴിഞ്ഞ് 1.30 ന് അവസാനിക്കുന്നവിധമാണ് കോഴ്സ് ക്രമീകരിച്ചിരിക്കുന്നത്. ബഹു. വൈദികരുടെ തുടർ പരിശീലനത്തിനു സഹായകമാകുന്ന ആനുകാലിക വിഷയങ്ങളും ചർച്ചകളുമാണ് കോഴ്സിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ബഹു. വൈദികർ കോഴ്സിൽ ആദ്യവസാനം പങ്കെടുക്കാൻ സാധിക്കുന്ന വിധത്തിൽ ഇടവകയിലെ ശുശ്രൂഷകൾ ക്രമീകരിക്കുമല്ലോ.

**റിഫ്രഷർ കോഴ്സ് (രണ്ടാം ബാച്ച്) 2024 ജൂലൈ 15, 16, 17**

**റവ. ഫാദേഴ്സ്**

1. അരീപ്ലാക്കൽ മാത്യു
2. അറയ്ക്കൽ കുര്യാക്കോസ്
3. ആനക്കല്ലിൽ ആന്റണി
4. ആനക്കല്ലിൽ ജോസഫ്
5. അമ്പാട്ട് സെബാസ്റ്റ്യൻ
6. അന്ത്യാംകുളം ജോൺസൺ
7. ആമക്കാട്ട് തോമസ്
8. ആലംകോട്ട് മാത്യു
9. ആനിത്താനം ജോസഫ്
10. ആശാരിക്കുന്നേൽ ജോർജ്
11. ആശാരിപ്പറമ്പിൽ മാത്യു
12. ഇരുപ്പക്കാട്ട് ഫിലിപ്പ്
13. ഇലവുംകുന്നേൽ ജോർജ് (സീനി.)
14. ഇലവുംകുന്നേൽ ജോർജ് (ജൂനി.)
15. ഇളംതുരുത്തിപ്പടവിൽ മാത്യു

16. ഈനാച്ചേരിൽ ജോസഫ്
17. ഒറ്റപ്ലാക്കൽ ജോസഫ്
18. ഓരത്തേൽ കുര്യാക്കോസ്
19. ഓലിക്കൽ മാത്യു
20. ഓണംകുളം ജോൺ
21. കളപ്പുര ജോർജ്
22. കളരിക്കൽ കുര്യാക്കോസ്
23. കളരിക്കൽ ജോസഫ്
24. കളരിമുറിയിൽ ജോർജ്
25. കവിയിൽ ഫിലിപ്പ്
26. കാക്കരമറ്റത്തിൽ ജോസഫ്
27. കക്കാട്ടിൽ ജോസ്
28. കാഞ്ഞിരക്കാട്ട് ജോർജ്
29. കായംമാക്കൽ മാത്യു
30. കാരക്കാട്ട് ഫിലിപ്പ്
31. കറുകമാലിൽ ജോസഫ്
32. കാവനാടി ജോസഫ്
33. കൊച്ചുകരോട്ട് തോമസ്
34. കൊളുത്താപ്പള്ളി ജോസഫ്
35. കോയിപ്പുറം ജോസഫ് (സീനി.)
36. കോണിക്കൽ മാത്യു
37. കൊട്ടുകാപ്പിള്ളി തോമസ്
38. കോലക്കുന്നേൽ കുര്യാക്കോസ്
39. കോവാട്ട് ജോർജ്
40. കിഴക്കേത്തലയ്ക്കൽ മാർട്ടിൻ
41. കിടാരത്തിൽ തോമസ്
42. കീഴാരത്തിൽ തോമസ്
43. കിഴുതറ ജോർജ്
44. കുനങ്കിയിൽ ഇമ്മാനുവേൽ
45. കുറ്റിക്കാട്ടുകുന്നേൽ ജേക്കബ്
46. കുടിപ്പറമ്പിൽ ചാക്കോ
47. കുടിലിൽ മാത്യു
48. കരോട്ട് ജോർജ്
49. ചക്കനാനിക്കൽ സ്കറിയ
50. ചക്കാനിക്കുന്നേൽ തോമസ്
51. ചാണേക്കാട്ടിൽ ആന്റണി
52. ചേന്നപ്പിള്ളിൽ ജോർജ്
53. ചെല്ലംകോട്ട് ജെയിംസ്
54. ചെരിപുറത്ത് സെബാസ്റ്റ്യൻ
55. ചെരിയംപുറത്ത് വർഗീസ്
56. ചെന്നോത്ത് സെബാസ്റ്റ്യൻ
57. ചേലമരം ജോർജ്
58. ചൊള്ളമ്പുഴ ജോസഫ്
59. തേനമ്മാക്കൽ ജോസഫ്
60. തേലക്കാട്ട് സേവ്യർ
61. തയ്യിൽ തോമസ്
62. തെക്കേമുറിയിൽ ആന്റണി
63. തെങ്ങുംപള്ളിൽ തോമസ്
64. തെക്കേമുറിയിൽ മാത്യു
65. തെക്കേൽ ആൻഡ്രൂസ്
66. തെക്കുന്നുംപുറം ജോർജ്
67. തെക്കുന്നുംപുറം ജോസഫ്
68. നരിക്കുഴി മാത്യു
69. നിരപ്പേൽ സ്കറിയ
70. നെടുങ്ങാട്ട് ജേക്കബ്
71. നൂറമ്മാക്കൽ ജോൺ
72. പട്ടാംകുളം തോമസ്
73. പള്ളിനീരാക്കൽ ജേക്കബ്
74. പരവരാകത്ത് മാത്യു
75. പറപ്പള്ളിയാത്ത് മാർട്ടിൻ
76. പാമ്പയ്ക്കൽ തോമസ്
77. പാലമറ്റം മാത്യു
78. പാലാക്കുഴി സെബാസ്റ്റ്യൻ
79. പാണ്ട്യാമാക്കൽ അഗസ്റ്റിൻ
80. പുത്തൻനടയിൽ ജെയിംസ്
81. പുത്തൻപുരയ്ക്കൽ സേവ്യർ (സീനി.)
82. പുത്തൻപുരയ്ക്കൽ സേവ്യർ (ജൂനി.)
83. ആന്റണി പുന്നൂര്
84. പുറത്തെമുതുകാട്ടിൽ ഡോൺ ബോസ്കോ
85. പുതുശ്ശേരിൽ അബ്രാഹം
86. പുതുശ്ശേരിൽ ജോസഫ്
87. പൂവന്നിക്കുന്നേൽ ജോസ്
88. പൂവത്തോലിൽ ജോസഫ്
89. പൂവത്തിങ്കൽ ഇമ്മാനുവേൽ
90. പടിഞ്ഞാറെമുറിയിൽ പയസ്
91. പൗവ്വത്ത് ജോസഫ്
92. പതിക്കൽ തോമസ്

93. പതിയോട്ടിൽ ജോസഫ്
94. പോണാട്ട് അബ്രാഹം
95. പൊട്ടംപ്ലാക്കൽ മാത്യു
96. പൊടിമറ്റം സെബാസ്റ്റ്യൻ
97. പൊന്നമ്പേൽ ജോൺ
98. പൈമ്പിള്ളിൽ തോമസ്
99. മേൽവെട്ടം മാണി
100. മഞ്ചപ്പിള്ളിൽ ജോസഫ്
101. മറ്റത്തിൽ ഐസക്
102. മറ്റത്തിൽ ജോസഫ്
103. മഞ്ഞളാംകുന്നേൽ ആന്റണി
104. മാപ്പിളപറമ്പിൽ തോമസ് (ജൂനി.)
105. മാണിക്കത്താഴെ ജോസ്
106. മേനാച്ചേരിൽ ലൂയി മരിയദാസ്
107. മുട്ടത്തുപാറ സെബാസ്റ്റ്യൻ
108. മുട്ടത്തുകുന്നേൽ ജോസഫ്
109. മുണ്ടയ്ക്കൽ ജോസ്
110. മുണ്ടോളിക്കൽ ജോൺ
111. മുതുകുന്നേൽ ആന്റണി
112. മൂക്കിലിക്കാട്ട് സെബാസ്റ്റ്യൻ
113. മൂന്നാനപ്പിള്ളിൽ ജെയിംസ്
114. മഠത്തിമ്യാലിൽ അബ്രാഹം
115. മണവത്ത് തോമസ്
116. വള്ളിമല ജോർജ്
117. വരമ്പകത്ത് ലാസർ
118. വരിക്കാനിക്കൽ മാർട്ടിൻ
119. വളവനാൽ മാത്യു
120. വാരണത്ത് ജോസഫ്
121. വാഴകാട്ട് ജേക്കബ്
122. വടക്കൻ അഗസ്റ്റിൻ
123. വടശ്ശേരിൽ സ്കറിയ
124. വടക്കേമുറിയിൽ തോമസ്
125. വടക്കേമുളഞ്ഞനാൽ തോമസ്
126. വള്ളോപ്പിള്ളിൽ പോൾ
127. വെട്ടിക്കൽ ജോസ്
128. വെണ്ണായിപ്പിള്ളിൽ ജേക്കബ്
129. വേങ്ങക്കുന്നേൽ മാത്യു
130. ശാസ്താംപടവിൽ മാത്യു
131. റാത്തപ്പിള്ളിൽ ഫ്രാൻസീസ്
132. അരീച്ചാലിൽ സെബാസ്റ്റ്യൻ OCD
133. ചക്കാനിക്കുന്നേൽ പോൾ CMI
134. കുറുമ്പുറത്ത് മാത്യു HGN
135. കുത്തുളി ജോസഫ് HGN
136. മങ്ങാട്ടിൽ മാത്യു OFM Cap.
137. മേപ്രത്ത് ജസ്റ്റിൻ HGN
138. മൈലംമൂട്ടിൽ ജോസ് OSB
139. ഒടിയത്തിങ്കൽ ലോറൻസ് SCJ
140. ഓലിക്കൽ പോൾ CST
141. പാലിയത്തിൽ മാത്യു OFM Cap.
142. പൂവാശ്ശേരിൽ മാത്യു OFM Cap.
143. തെക്കനാൽ സേവ്യർ MCBS
144. വാളിമലയിൽ ജെയിംസ് CST

**5. ആദരാഞ്ജലികൾ**



**1. റവ. സി. സിസിലി ജോസ് ചെറുനിലത്ത് എസ്.എച്ച്. (87):** തിരുഹൃദയ സന്യാസിനീ സമൂഹം തലശ്ശേരി സെന്റ് ജോസഫ്സ് പ്രൊവിൻസ് അംഗമായ ബഹു. സി. സിസിലി ജോസ് ചെറുനിലത്ത് എസ്.എച്ച്. 2024 മെയ് 28 ന് നിര്യാതയായി. മൃതസംസ്കാരശുശ്രൂഷകൾ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ കാർമ്മികത്വത്തിൽ 2024 മെയ് 29 ന് പേരാവൂർ പ്രൊവിൻഷ്യൽ ഹൗസ് സെമിത്തേരിയിൽ നടന്നു. പ്രൊവിൻഷ്യൽ സുപ്പീരിയർ (1988-94), ഹൈസ്കൂൾ അധ്യാപിക (പേരാവൂർ 1963-1992), പ്രൊവിൻഷ്യൽ കൗൺസിലർ, സുപ്പീരിയർ എന്നീ നിലകളിൽ ബഹു. സിസ്റ്റർ

സേവനം ചെയ്തിട്ടുണ്ട്. പ്രിയപ്പെട്ട സിസ്റ്ററിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.



**2. റവ. സി. ഹിൽഡ കുറ്റിക്കാട്ടുകുന്നേൽ എസ്.എച്ച്. (81):** തിരുഹൃദയ സന്യാസിനീ സമൂഹം തലശ്ശേരി സെന്റ് ജോസഫ്സ് പ്രൊവിൻസ് അംഗമായ ബഹു. സി. ഹിൽഡ കുറ്റിക്കാട്ടുകുന്നേൽ എസ്.എച്ച്. 2024 മെയ് 30 ന് നിര്യാതയായി. മൃതസംസ്കാരശുശ്രൂഷകൾ 2024 മെയ് 31 ന് പേരാവൂർ പ്രൊവിൻഷ്യൽ ഹൗസ് സെമിത്തേരിയിൽ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ കാർമ്മികത്വത്തിൽ നടന്നു പേരാവൂർ, കൂരാച്ചുണ്ട്, കൊട്ടിയൂർ, വായാട്ടുപറമ്പ്, ഉദയഗിരി, വെള്ളാട്, തൊക്കിലങ്ങാടി എന്നിവിടങ്ങളിലും 25 വർഷം മുരിങ്ങൂർ ധ്യാനകേന്ദ്രത്തിലും ബഹു. സിസ്റ്റർ ശുശ്രൂഷ ചെയ്തു. പ്രിയപ്പെട്ട സിസ്റ്ററിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.

**3. ശ്രീ. സ്കറിയ കോയിപ്പുറം (81):** ബഹു. ജോസഫ് (ജിബി) കോയിപ്പുറം അച്ചന്റെ പ്രിയപ്പെട്ട പിതാവ് ശ്രീ. സ്കറിയ കോയിപ്പുറം 2024 മെയ് 30 ന് നിര്യാതനായി. മൃതസംസ്കാരശുശ്രൂഷകൾ 2024 ജൂൺ 01 ന് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെയും മാർ ജോർജ് വലിയമറ്റം പിതാവിന്റെയും കാർമ്മികത്വത്തിൽ എണ്ണപ്പാറ ഹോളിസ്പിരിറ്റ് സെമിത്തേരിയിൽ നടന്നു. പ്രിയപ്പെട്ട പിതാവിന്റെ വേർപാടിൽ ദുഃഖിക്കുന്ന ബഹു. കോയിപ്പുറം അച്ചനും കുടുംബാംഗങ്ങൾക്കും അതിരൂപതാ കുടുംബത്തിന്റെ അനുശോചനങ്ങൾ അറിയിക്കുന്നു. പരേതന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.

**4. ശ്രീ. മാത്യു ചെറുകര (88):** ബഹു. തോമസ് ചെറുകര അച്ചന്റെ പ്രിയപ്പെട്ട പിതാവ് ശ്രീ. മാത്യു ചെറുകര 2024 ജൂൺ 09 ന് നിര്യാതനായി. മൃതസംസ്കാരശുശ്രൂഷകൾ 2024 ജൂൺ 11 ന് അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെയും മാർ ജോർജ് വലിയമറ്റം പിതാവിന്റെയും കാർമ്മികത്വത്തിൽ മേരിഗിരി ലിറ്റിൽ ഫ്ളവർ ദൈവാലയ സെമിത്തേരിയിൽ നടന്നു. പ്രിയപ്പെട്ട പിതാവിന്റെ വേർപാടിൽ ദുഃഖിക്കുന്ന പ്രിയപ്പെട്ട തോമസ് അച്ചനും കുടുംബാംഗങ്ങൾക്കും അതിരൂപതാ കുടുംബത്തിന്റെ അനുശോചനങ്ങൾ അറിയിക്കുന്നു. പരേതന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.

**5. ശ്രീ. പീലിപ്പോസ് മുട്ടുമണ്ണിൽ (73):** ബഹു. ഫിലിപ്പ് മുട്ടുമണ്ണിൽ അച്ചന്റെ പ്രിയപ്പെട്ട പിതാവ് ശ്രീ. പീലിപ്പോസ് മുട്ടുമണ്ണിൽ 2024 ജൂൺ 18 ന് നിര്യാതനായി. മൃതസംസ്കാര ശുശ്രൂഷകൾ 2024 ജൂൺ 19 ന് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെയും മാർ ജോർജ്

വലിയമറ്റം പിതാവിന്റെയും കാർമ്മികത്വത്തിൽ പൊന്മല സെന്റ് ജോസഫ് ദൈവാലയ സെമിത്തേരിയിൽ നടന്നു. പ്രിയപ്പെട്ട പിതാവിന്റെ വേർപാടിൽ ദുഃഖിക്കുന്ന ഫിലിപ്പച്ചനും അച്ചനും കുടുംബാംഗങ്ങൾക്കും അതിരൂപതാ കുടുംബത്തിന്റെ അനുശോചനങ്ങൾ അറിയിക്കുന്നു. പരേതന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.



**6. റവ. ഫാ. സെബാസ്റ്റ്യൻ പൂക്കളം (84):** അവിഭക്ത തലശ്ശേരി അതിരൂപതാംഗമായ റവ. ഫാ. സെബാസ്റ്റ്യൻ പൂക്കളം 2024 ജൂൺ 19ന് നിര്യാതനായി. താമരശ്ശേരി രൂപതയിലെ ഈരൂട് വിയാനി വൈദിക മന്ദിരത്തിൽ വിശ്രമജീവിതം നയിക്കുകയായിരുന്നു. തലശ്ശേരി അതിരൂപതയിലെ ആലക്കോട് ഇടവകയിൽ അസിസ്റ്റന്റ് വികാരിയായും കണ്ണിവയൽ, മാനടുക്കം, പടുപ്പ് എന്നീ ഇടവകകളിൽ വികാരിയായും സേവനം ചെയ്തിട്ടുണ്ട്. മൃതസംസ്കാര ശുശ്രൂഷകൾ 2024 ജൂൺ 20 ന് അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെയും മാർ ജോർജ് വലിയമറ്റം പിതാവിന്റെയും മുഖ്യകാർമ്മികത്വത്തിൽ നടന്നു. ബഹു. സെബാസ്റ്റ്യനച്ചന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം. തലശ്ശേരി അതിരൂപതാ കുടുംബത്തിന്റെ ആദരാഞ്ജലികൾ.

**6. സ്നേഹസ്മൃതി**

1. റവ. ഫാ. മാണി വാഴചാരിയ്ക്കൽ - 02-07-2014
2. റവ. ഫാ. ജോസ് കണിവേലിൽ - 01-07-2017
3. റവ. ഫാ. അബ്രാഹം മൂങ്ങാമ്മാക്കൽ - 05-07-1989
4. റവ. ഫാ. ഫിലിപ്പ് മുറിഞ്ഞകല്ലേൽ (സീനിയർ) - 07-07-1994
5. റവ. ഫാ. ജോൺ കല്ലുങ്കൽ - 08-07-2012
6. റവ. ഫാ. ജോസഫ് കീച്ചൻകേരി - 11-07-2021
7. റവ. ഫാ. സേവ്യർ പുത്തൻപുരയിൽ - 15-07-1999
8. റവ. ഫാ. അബ്രാഹം മൂക്കനോലിൽ - 16-07-1981
9. റവ. ഫാ. ജേക്കബ് വെള്ളക്കട - 20-07-1970
10. റവ. ഫാ. മാത്യു കൊട്ടുകാപ്പിള്ളി - 26-07-2003
11. റവ. ഫാ. മാത്യു പൊയ്യക്കര - 27-07-2008
12. റവ. ഫാ. ജോൺ കടുകമ്മാക്കൽ - 28-07-2010
13. റവ. ഫാ. ജെയിംസ് മുകളേൽ - 29-07-2009
14. റവ. ഫാ. ജോസഫ് മണിമലത്തറപ്പിൽ - 30-07-2012

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*



# അനുസ്മരണം

## റവ. ഫാ. ജോർജ് കൊടകനാടി (83)

തലശ്ശേരി അതിരൂപതാംഗമായ റവ. ഫാ. ജോർജ് കൊടകനാടി 2024 മെയ് 27 തിങ്കളാഴ്ച രാത്രി 7.45 ന് നിത്യ സമ്മാനത്തിനായി വിളിക്കപ്പെട്ടു. കരുവഞ്ചാൽ വൈദിക മന്ദിരത്തിൽ വിശ്രമജീവിതം നയിക്കവെയാണ് ബഹു. ജോർജച്ചന്റെ വിയോഗം സംഭവിക്കുന്നത്. 1941 ഒക്ടോബർ 10 ന് പാലാ രൂപതയിലെ മരങ്ങാട്ടു പിള്ളി കൊടകനാടി മാത്യു - ഏലിയാമ്മ ദമ്പതികളുടെ മകനായി ബഹു. ജോർജച്ചൻ ജനിച്ചു. മരങ്ങാട്ടുപിള്ളി സെന്റ് തോമസ് സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം 1959 ൽ പാലാ ഗുഡ്ഷെപ്പേർഡ് മൈനർ സെമിനാരിയിൽ വൈദിക പരിശീലനത്തിനായി പ്രവേശിച്ചു. ആലുവ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ മേജർ സെമിനാരി യിൽനിന്നും തത്വശാസ്ത്ര-ദൈവശാസ്ത്ര പഠനങ്ങൾ പൂർത്തിയാക്കി. 1967 ഡിസംബർ 19 ന് കർദ്ദിനാൾ മാർ ജോസഫ് പാറേക്കാട്ടിൽ പിതാവിൽനിന്നും തിരുപ്പട്ടം സ്വീകരിച്ചു. പരേതനായ ജോസഫ് കൊടകനാടി, ജോയി കൊടകനാടി, റവ. സി. കോൺസീലിയ, പരേ തയായ ആനീസ് കൊടകനാടി എന്നിവർ ബഹു. ജോർജച്ചന്റെ സഹോദരങ്ങളാണ്.

1968 ൽ പുറവയൽ സെന്റ് ജോർജ് ഇടവകയിൽ അസ്തേന്തിയാ യാണ് ബഹു. ജോർജച്ചൻ തന്റെ അജപാലനശുശ്രൂഷ ആരംഭിച്ചത്. മാട്ടറ, മാടത്തിൽ, മേരിഗിരി, ചെമ്പനോട, കോഴിച്ചാൽ, രാജഗിരി, ജോസ്മൗണ്ട്, ചെമ്പന്തൊട്ടി, പേരട്ട, പൊൻമല, ഒറ്റത്തൈ, വരക്കാട്, ഉദയപുരം, മുണ്ടാനൂർ, ചെങ്ങോം, കാലിച്ചാനടുക്കം, ബാലേശുഗിരി, കല്ലുവയൽ എന്നീ ഇടവകകളിൽ വികാരിയായും 1969 മുതൽ 1980 വരെ കുന്നോത്ത് സാൻതോം എസ്റ്റേറ്റിന്റെ മാനേജരായും ബഹു. ജോർജച്ചൻ ശുശ്രൂഷ ചെയ്തു. 2018- 2019 കാലഘട്ടത്തിൽ പേരാവൂർ ഫൊറോനാ പള്ളിയിൽ റസിഡന്റ് പ്രീസ്റ്റായും ശുശ്രൂഷചെയ്തിട്ടുണ്ട്. പേരാവൂരിൽ നിന്നാണ് വിശ്രമജീവിതത്തിനായി കരുവഞ്ചാൽ ശാന്തിഭവനിൽ എത്തിയത്.

57 വർഷങ്ങൾ നീണ്ടുനിന്ന പൗരോഹിത്യജീവിതത്തിൽ തലശ്ശേരി അതിരൂപതയിലെ 21 ഇടവകകളിൽ ബഹു. ജോർജച്ചൻ ശുശ്രൂഷ ചെയ്തിട്ടുണ്ട്. കുന്നോത്ത് നസ്രത്ത് സിസ്റ്റേഴ്സിന്റെ സ്ഥാപന കാലഘട്ടത്തിൽ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിനോടൊപ്പം സഹായിയായി ബഹു. ജോർജച്ചൻ പ്രവർത്തിച്ചു. ചേപ്പറമ്പ് പള്ളിയുടെ തുടക്കം കുറിച്ചതും കോടോപ്പള്ളിയിൽ ബിഷപ്പ് വള്ളോപ്പിള്ളി മെമ്മോറിയൽ ചാപ്പൽ നിർമ്മിച്ച് ആഴ്ചയിലൊരിക്കൽ വി. കുർബ്ബാന ആരംഭിച്ചതും ബഹു. ജോർജച്ചനായിരുന്നു.

മലബാറിലെ കുടിയേറ്റ ജനതയുടെ ആദ്യകാല പ്രതിസന്ധികളിൽ അവരുടെ ഒപ്പം നിലകൊണ്ട കഠിനാദ്ധ്വാനിയായ ഒരു അജപാലക നായിരുന്നു ബഹു. ജോർജച്ചൻ. നവീനമായ അജപാലന ശൈലികൾ ബഹു. ജോർജച്ചന്റെ സവിശേഷതായിരുന്നു. ചെമ്പന്തൊട്ടി ഇടവക യിൽ അച്ചൻ ശുശ്രൂഷചെയ്തിരുന്ന കാലത്ത് നടപ്പിലാക്കിയ ചില അജപാലന രീതികൾ ഇന്നും ആളുകൾ അനുസ്മരിക്കുന്നുണ്ട്. ഇടവകാജനത്തെ എപ്പോഴും സജീവമായി നിലനിറുത്തുവാൻ ബഹു. ജോർജച്ചൻ ശ്രമിച്ചിരുന്നു. യുവജനങ്ങളുടെ സ്നേഹിതനായിരുന്നു കൊടകനാടി അച്ചൻ. അച്ചൻ ശുശ്രൂഷ ചെയ്ത ഇടവകകളിലെ യുവജനങ്ങളെ സംഘടിപ്പിക്കുവാൻ വളരെയേറെ താല്പര്യം കാണി ച്ചിരുന്നു. വളരെ സൗമ്യനും ശാന്തനുമായിരുന്ന ജോർജച്ചൻ കുട്ടിക ളുടെ സ്വാഭാവ രൂപീകരണത്തിലും വലിയ ശ്രദ്ധ ചെലുത്തിയിരുന്നു. കമ്പ്യൂട്ടർ അത്ര സാധാരണമാകാത്ത കാലത്ത് കമ്പ്യൂട്ടർ പരിജ്ഞാനം സ്വന്തമാക്കുകയും അത് അജപാലനരംഗത്ത് പ്രയോജനപ്പെടുത്തു കയും ചെയ്ത വ്യക്തിയുമായിരുന്നു ബഹു. ജോർജച്ചൻ.

തലശ്ശേരി അതിരൂപതയുടെ വളർച്ചയിൽ വിസ്മരിക്കാനാവാത്ത സംഭാവനകൾ നല്കിയാണ് ബഹു. ജോർജച്ചൻ കാലയവനികയിൽ മറയുന്നത്. പ്രിയപ്പെട്ട ജോർജച്ചാ, അങ്ങയുടെ ശ്രേഷ്ഠമായ പൗരോഹിത്യശുശ്രൂഷയ്ക്ക് നിത്യപുരോഹിതനായ ഈശോ പ്രതിഫലം നല്കട്ടെ. അങ്ങയുടെ ദീപ്തമായ സ്മരണകൾക്കു മുമ്പിൽ തലശ്ശേരി അതിരൂപതാ കുടുംബത്തിന്റെ ബാഷ്പാഞ്ജലികൾ....

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*

# സെമിനാരി വാർത്തകൾ

**ഒന്നാം വർഷ വൈദികാർത്ഥികൾ**

തലശ്ശേരി അതിരൂപത മൈനർ സെമിനാരിയിൽ ഈ വർഷം മുപ്പത്തിമൂന്ന് വൈദികവിദ്യാർത്ഥികൾ വൈദിക പരിശീലനം ആരംഭിച്ചു. ദൈവവിളി തിരിച്ചറിയുവാൻ ഇവരെ സഹായിച്ച ബഹു. വൈദികർക്കും സിസ്റ്റേഴ്സിനും മതാധ്യാപകർക്കും വൊക്കേഷൻ ബ്യൂറോ അംഗങ്ങൾക്കും നന്ദി പറയുന്നു. തങ്ങളുടെ മക്കളെ സംബന്ധിച്ച ദൈവഹിതം തിരിച്ചറിഞ്ഞ് അവർക്ക് പൂർണ പിന്തുണ നല്കുന്ന മാതാപിതാക്കളോടുള്ള കൃതജ്ഞത അറിയിക്കുന്നു. തീക്ഷ്ണതയോടെ വൈദികപരിശീലനം ആരംഭിച്ചിരിക്കുന്ന ഈ കുഞ്ഞനുജൻമാരെ പ്രാർത്ഥനയിൽ അനുസ്മരിക്കാം.

| No | House Name And Name | Parish |
|---|---|---|
| 01 | Amarathuparambil Joseph (Sanjay) | Mangode |
| 02 | Arayathinal Joswin | Mandalam |
| 03 | Aythamattathil Joyal | Puncha |
| 04 | Cheriyanolikkal Sebastian (Albin) | Velimanam |
| 05 | Chirakkalakath Thomas (Abin) | Thadikkadavu |
| 06 | Cholappallil Mathew (Sefin) | Palavayal |
| 07 | Churathil Joswin | Vellarikundu |
| 08 | Jeerakasseriyil Jacob (Jelbin) | Chedikkulam |
| 09 | Kalapurackal Thomas (Shinto) | Kanakappally |
| 10 | Kalloorkulam Joseph (Akhil) | Pulingome |
| 11 | Kaniyamkunnel Chacko (Edwin) | Padimaruth |
| 12 | Kottarathil Thomas (Aibi) | Chemperi |
| 14 | Maniyangattu Joseph (Dayan) | Anamanjal |

| | | |
|---|---|---|
| 13 | Maniyangattu Luka (Dayon) | Anamanjal |
| 15 | Manjamattathil Mathew | Ayannur |
| 16 | Mulloorpeedikayil Joseph (Savio) | Peravoor |
| 17 | Olikkarottu Martin | Arivilanjapoil |
| 18 | Palamalayil Tomson (Abijith) | Peravoor |
| 19 | Parakkanassery Sanjo | Charal |
| 20 | Pareeckal Judin | Mandalam |
| 21 | Podoor Joyal | Nellickampoil |
| 22 | Pulickal Mathew (Jeffin) | Ayannur |
| 23 | Puthenpurackal Jorlin | Kamballur |
| 24 | Puthiyakunnel Martin | Puncha |
| 25 | Puthukkulangara George (Stalin) | Manikkadavu |
| 26 | Thadathil Mathew (Almitt) | Pathanpara |
| 27 | Thazhathuvadakkel Mathew (Nevin) | Chemperi |
| 28 | Thengapparayil Chacko (Abhishek) | Peravoor |
| 29 | Urukuzhiyil Sebastian (Joyal) | Kanakappally |
| 30 | Vadakara Jacob (Ashin) | Kanjiradukkom |
| 31 | Vadakkedath Joseph (Christy) | Mattara |
| 32 | Valolickal Philippo | Kariyappally |
| 33 | Vettiyolil Alphons | Sreekandapuram |

**അതിരൂപത വൊക്കേഷൻ ബ്യൂറോ മീറ്റിംഗ്**

ജൂലൈ 13 ശനിയാഴ്ച അതിരൂപത വൊക്കേഷൻ ബ്യൂറോ മീറ്റിംഗ് സംഘടിപ്പിക്കുന്നു. തലശ്ശേരി മൈനർ സെമിനാരിയിൽ രാവിലെ 10.30 ന് ആരംഭിക്കുന്ന മീറ്റിംഗിൽ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് പങ്കെടുക്കുന്നതാണ്. മീറ്റിംഗ് ഉച്ചയ്ക്ക് 1 മണിക്ക് സമാപിക്കുന്നതാണ്. വൊക്കേഷൻ ബ്യൂറോ അംഗങ്ങളായ ബഹു. വൈദികരേയും, സിസ്റ്റേഴ്സിനെയും, അത്മായ നേതൃത്വത്തിൽ ഉള്ളവരേയും പ്രത്യേകം ക്ഷണിക്കുന്നു. എല്ലാ വൊക്കേഷൻ ബ്യൂറോ അംഗങ്ങളും മീറ്റിംഗിൽ സംബന്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**ഫാ. കുര്യാക്കോസ് പ്ലാവുനിൽക്കുംപറമ്പിൽ**
*വൊക്കേഷൻ പ്രൊമോട്ടർ*
9400652328

**റവ. ഡോ. ജോർജ് കരോട്ട്**
*റെക്ടർ*
8304871142

# കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ്

"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്കാ 2:52).

## 1. ദുക്റാനത്തിരുനാൾ

"കർത്താവേ നീ എവിടേക്കു പോകുന്നുവെന്ന് ഞങ്ങൾക്കറിഞ്ഞുകൂടാ. പിന്നെ വഴി ഞങ്ങൾ എങ്ങനെ അറിയും? ഈശോ പറഞ്ഞു: വഴിയും സത്യവും ജീവനും ഞാനാണ്. എന്നിലൂടെ അല്ലാതെ ആരും പിതാവിന്റെ പക്കലേക്ക് വരുന്നില്ല". സ്വർഗ്ഗത്തിലേക്കുള്ള വഴി കണ്ടെത്തിയവനാണ് മാർ തോമ്മാശ്ലീഹാ. നമുക്കു വിശ്വാസം പകർന്നുതന്ന മാർ തോമ്മാശ്ലീഹായെ അനുകരിച്ച് വിശ്വാസത്തിൽ ആഴപ്പെടുവാനും ജീവിക്കുവാനും പ്രഘോഷിക്കുവാനും മിശിഹായ്ക്ക് സാക്ഷ്യം വഹിക്കുവാനും നമുക്കു പരിശ്രമിക്കാം. ദുക്റാനത്തിരുന്നാളിന്റെ മംഗളങ്ങൾ ഏവർക്കും ആശംസിക്കുന്നു.

## 2. വിശ്വാസപരിശീലന പ്രവർത്തനവർഷ ഉദ്ഘാടനം - നന്ദി

2024-2025 അധ്യയവർഷത്തെ വിശ്വാസപരിശീലനപ്രവർത്തനങ്ങളുടെ ഔദ്യോഗിക ഉദ്ഘാടനം കോളയാട് സെന്റ് അൽഫോൻസ ദൈവാലയത്തിൽവച്ച് അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവ് നിർവ്വഹിച്ചു.

## 3. പ്രവേശനോത്സവം - നന്ദി

2024-2025 അധ്യയവർഷത്തിലെ പ്രവേശനോത്സവത്തിന്റെ അതിരൂപതാതല ഉദ്ഘാടനം ജൂൺ 9 ഞായറാഴ്ച കരുവഞ്ചാൽ ലിറ്റിൽ ഫ്ളവർ ദൈവാലയത്തിൽവച്ച് അതിരൂപതാ ഡയറക്ടർ നിർവ്വഹിച്ചു.

## 4. മതബോധന മണിക്കൂർ

കുട്ടികളെ അനുധാവനം ചെയ്യുന്നതിന്റെ ഭാഗമായി മതബോധന മണിക്കൂർ (എല്ലാ ശനിയാഴ്ചയും രാത്രി 8 മണി മുതൽ 9 മണി വരെ) കഴിഞ്ഞ അധ്യയനവർഷം മുതൽ ആരംഭിച്ചുവല്ലോ. ക്ലാസ് അധ്യാപകരുടെ വാട്സ്ആപ്പ് ഗ്രൂപ്പുവഴി മതബോധന മണിക്കൂറിൽ ചർച്ച ചെയ്യുകയും പഠിക്കുകയും ചെയ്യേണ്ട കാര്യങ്ങൾ നൽകുന്നതാണ്. വിശ്വാസപരി

ശീലകർ അവ കുട്ടികൾക്ക് നൽകണം. മതബോധന മണിക്കൂറിൽ പഠിക്കാനും ചർച്ച ചെയ്യാനും കൊടുത്ത കാര്യങ്ങൾ കുടുംബങ്ങളിൽ ചെയ്തിട്ടുണ്ടെന്ന് വിശ്വാസപരിശീലകർ ഉറപ്പുവരുത്തേണ്ടതാണ്.

**5. സർവ്വേ ഫോം - 2024**

2024-2025 അധ്യയനവർഷത്തെ മതാധ്യാപകരുടെയും കുട്ടികളുടെയും വിവരങ്ങൾ രേഖപ്പെടുത്തിയ സർവ്വേ ഫോം ജൂലൈ 16-ന് മുമ്പായി ഓഫീസിലേക്ക് അയച്ചുതരുമല്ലോ.

**6. ഫുൾഡേ ക്ലാസ്**

വാർഷിക കലണ്ടറിൽ നല്കിയിരിക്കുന്നപ്രകാരം മാസത്തിലെ അവസാന ഞായറാഴ്ച എല്ലാ സൺഡേസ്കൂളുകളിലും ഫുൾഡേ ക്ലാസ് നടത്തുമല്ലോ. ഗ്രൂപ്പുകളുടെ കലാപരിപാടികൾ, സംഘടനാ പ്രവർത്തനങ്ങൾ, സെമിനാറുകൾ, ആരാധന, കുമ്പസാരം മുതലായവയ്ക്ക് ഉച്ചകഴിഞ്ഞുള്ള സമയം പ്രയോജനപ്പെടുത്താവുന്നതാണ്.

**7. എയ്ഞ്ചൽ/ബൈബിൾ നേഴ്സറി**

സീറോമലബാർ കാറ്റക്കെറ്റിക്കൽ കമ്മീഷന്റെ നിർദ്ദേശമനുസരിച്ച് തലശ്ശേരി അതിരൂപതയിൽ ഇതിനോടകം വളരെയധികം സൺഡേ സ്കൂളുകളിൽ ഒന്നാം ക്ലാസിന് മുമ്പുള്ള കുട്ടികൾക്കായുള്ള എയ്ഞ്ചൽസ് നേഴ്സറി ആരംഭിച്ചു. ഈ വർഷവും സാധിക്കുന്നത്ര സൺഡേ സ്കൂളുകളിൽ എയ്ഞ്ചൽസ് നേഴ്സറി ആരംഭിക്കേണ്ടതാണ്. പുസ്തകം ഓഫീസിൽ ലഭ്യമാണ്.

**8. ഡിപ്ലോമ സർട്ടിഫിക്കറ്റുകൾ**

2023-2024 പ്രവർത്തനവർഷത്തിൽ നടന്ന ഡിപ്ലോമ പരീക്ഷയുടെ സർട്ടിഫിക്കറ്റുകൾ ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസിൽവച്ച് വിതരണം ചെയ്തിരുന്നു. സർട്ടിഫിക്കറ്റുകൾ എത്രയും പെട്ടന്നുതന്നെ കുട്ടികൾക്ക് നല്കേണ്ടതാണ്. സർട്ടിഫിക്കറ്റ് സംബന്ധമായ എന്തെങ്കിലും തിരുത്തലുകൾ ഉണ്ടെങ്കിൽ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

**9. അസൈൻമെന്റ് ക്ലാസ് XII**

പന്ത്രണ്ടാം ക്ലാസിലെ കുട്ടികളുടെ ഈ അധ്യയന വർഷത്തെ അസൈൻമെന്റിന്റെ വിഷയം **'മാധ്യമങ്ങളുടെ നന്മയും അവ ഉയർത്തുന്ന വെല്ലുവിളികളും'** എന്നതാണ്. കുട്ടികളെ വിഷയം നേരത്തേ അറിയിച്ച് അസൈൻമെന്റ് എഴുതാനുള്ള ക്രമീകരണങ്ങൾ അവർക്കു ചെയ്തുകൊടുക്കുമല്ലോ. അസൈൻമെന്റിന് കുറഞ്ഞത് 10 പേജുകളെങ്കിലും ഉണ്ടായിരിക്കണം.

**10. ആമുഖസെമിനാർ ജൂലൈ 11-14**

തുടക്കക്കാരായ വിശ്വാസപരിശീലകർക്കായി ജൂലൈ 11 മുതൽ 14 വരെയുള്ള തീയതികളിൽ ആമുഖസെമിനാർ സന്ദേശഭവനിൽ വച്ച് സംഘടിപ്പി

ക്കുന്നു. സെമിനാർ ജൂലൈ മാസം 11–ാം തീയതി വ്യാഴാഴ്ച വൈകുന്നേരം 5 മണിക്ക് ആരംഭിച്ച് 14–ാം തീയതി ഞായറാഴ്ച ഉച്ചയ്ക്ക് 1 മണിക്ക് അവസാനിക്കുന്നതാണ്. ഇതുവരെയും ആമുഖസെമിനാറിൽ പങ്കെടുക്കാത്ത എല്ലാ വിശ്വാസപരിശീലകരും നിർബന്ധമായും സെമിനാറിൽ പങ്കെടുക്കേണ്ടതാണ്. സെമിനാറിന്റെ ഫീസ് 1400 രൂപയായിരിക്കും.

### 11. മതബോധന കൗൺസിൽ/പി.ടി.എ

എല്ലാ ഇടവകകളിലും കുട്ടികളുടെ രക്ഷിതാക്കളെ വിളിച്ചു ചേർത്ത് ക്ലാസ് കൊടുക്കേണ്ടതും മതബോധന കൗൺസിൽ രൂപീകരിക്കേണ്ടതുമാണ്.

### 12. അതിരൂപതാ സന്ദർശകരുടെ സമ്മേളനം - ജൂലൈ 2

അതിരൂപതാ സന്ദർശകരുടെ പ്രഥമസമ്മേളനം ജൂലൈ 2 -ന് ചൊവ്വാഴ്ച രാവിലെ 10 മണി മുതൽ സന്ദേശഭവനിൽവച്ച് നടത്തുന്നു. എല്ലാവരും കൃത്യസമയത്ത് എത്തിച്ചേരുമല്ലോ. പുതിയതായി തിരഞ്ഞെടുക്കപ്പെട്ടവരുടെ വിവരങ്ങൾ ഫൊറോന പ്രസിഡന്റുമാർ ഓഫീസിൽ അറിയിക്കുമല്ലോ.

### 13. ഓർമ്മിക്കേണ്ട തീയതികൾ

2024–2025 അധ്യയനവർഷത്തിലെ പ്രധാനപ്പെട്ട തീയതികൾ. **ഓണ പരീക്ഷ:** സെപ്റ്റംബർ 01, **ക്രിസ്മസ് പരീക്ഷ**: ഡിസംബർ 08, **ഡിപ്ലോമ പരീക്ഷ:** ജനുവരി 26, **വിശ്വാസോത്സവം:** ഏപ്രിൽ 01–04, **ഈസ്റ്റർ പരീക്ഷ:** ഏപ്രിൽ 06, **മതാധ്യാപക ദിനം:** നവംബർ 03.

### 14. ഓഫീസ്, റിക്കാർഡുകൾ

എല്ലാ സൺഡേസ്കൂളുകളിലെയും ഓഫീസും റിക്കാർഡുകളും ഈ അധ്യയനവർഷം പുനഃക്രമീകരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ഓഫീസ്, റിക്കാർഡുകൾ, ഫയലുകൾ തുടങ്ങിയവ ഹെഡ്മാസ്റ്ററിന്റെയും സെക്രട്ടറിയുടേയും നേതൃത്വത്തിൽ ക്രമമാക്കേണ്ടതും ചിട്ടയായി സൂക്ഷിക്കേണ്ടതുമാണ്. ഓഫീസിൽ ലെറ്റർപാഡും സീലും ഉണ്ടായിരിക്കേണ്ടതാണ്.

### 15. പുതിയ ഹെഡ്മാസ്റ്റർ

പുതിയ ഹെഡ്മാസ്റ്റർമാരെ നിയമിക്കുമ്പോൾ അവരുടെ വിലാസവും മറ്റുവിവരങ്ങളും ബന്ധപ്പെട്ടവർ രേഖാമൂലം ഓഫീസിൽ അറിയിക്കേണ്ടതാണ്.

### 16. ഗിരിദീപം

തലശ്ശേരി അതിരൂപതയുടെ മുഖപത്രമായ 'ഗിരിദീപം' എല്ലാ പ്രധാനാധ്യാപകർക്കും അയയ്ക്കുന്നുണ്ട്. അഡ്രസ്സ് മാറ്റേണ്ടവരും ഗിരിദീപം ലഭിക്കാത്തവരും ഓഫീസിൽ അറിയിക്കുമല്ലോ. **എല്ലാ മാസത്തെയും ആദ്യത്തെ ഞായറാഴ്ചത്തെ സ്റ്റാഫ് മീറ്റിംഗിൽ** വിശ്വാസ പരിശീലനത്തെ സംബന്ധിച്ച് ഗിരിദീപത്തിൽ പറഞ്ഞിട്ടുള്ള വിഷയങ്ങൾ പ്രധാനാധ്യാപകൻ സ്റ്റാഫംഗങ്ങളെ അറിയിക്കുകയും ചർച്ചചെയ്യുകയും ചെയ്യേണ്ടതാണ്.

### 17. ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസ് - നന്ദി

2024 ജൂൺ 17 തിങ്കളാഴ്ച സാൻജോസ് മെട്രോപൊളിറ്റൻ സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസ് നടത്തി. മാർ ജോസഫ് പാംപ്ലാനി

പിതാവ് കോൺഫറൻസ് ഉദ്ഘാടനം ചെയ്തു. മാർ ജോർജ് വലിയമറ്റം പിതാവ് അനുഗ്രഹപ്രഭാഷണം നടത്തി. മോൺ. ആന്റണി മുതുകുന്നേൽ മീറ്റിംഗിന് അദ്ധ്യക്ഷത വഹിച്ചു. റവ. ഡോ. ഫിലിപ്പ് കവിയിൽ, ശ്രീ. ജോസഫ് സി.ജെ. ചെമ്പൊത്തനാടിയിൽ എന്നിവർ ആശംസാ പ്രസംഗം നടത്തി. വിവിധ അവാർഡുകൾ, സ്കോളർഷിപ്പുകൾ, സർട്ടിഫിക്കറ്റുകൾ എന്നിവ മീറ്റിംഗിൽ വച്ച് വിതരണം ചെയ്തു. ജോസ് പുഷ്പകുന്നേൽ, ബെന്നി ഫ്രാൻസിസ് കലയത്താങ്കൽ, റോസ്‌ലിറ്റ് ജെയിംസ് വാലുമ്മേൽ, ബിന്റോ സെബാസ്റ്റ്യൻ പുതിയാപറമ്പിൽ എന്നിവർ മറുപടി പ്രസംഗം നടത്തി. റവ. ഡോ. ജേക്കബ് വെണ്ണായപ്പിള്ളിൽ സ്വാഗതവും റവ. ഫാ. ജോസഫ് വടക്കേപ്പറമ്പിൽ നന്ദിയും പറഞ്ഞു. സി. റോസിലിയ എൻഎസ്, സി. ട്രീസ എഫ്സിസി എന്നിവർ പ്രാർത്ഥന ശുശ്രൂഷയ്ക്ക് നേതൃത്വം നല്കി. അഞ്ഞൂറോളം വിശ്വാസപരിശീലകർ കോൺഫറൻസിൽ പങ്കെടുത്തു.

### a) ജൂബിലി ആഘോഷിച്ചവർ

മതാധ്യാപനരംഗത്ത് 50, 25 വർഷം പൂർത്തിയാക്കിയവരെയും മതാധ്യാപനരംഗത്തുനിന്ന് വിരമിച്ചവരെയും ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസിൽ അഭിവന്ദ്യ പിതാവ് ആദരിച്ചു. സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച അധ്യാപകർക്ക് അതിരൂപതാ വിശ്വാസപരിശീലനകുടുംബത്തിന്റെ അഭിനന്ദനങ്ങളും പ്രാർത്ഥനകളും ആശംസിക്കുന്നു.

### i) സുവർണ്ണജൂബിലി

ശ്രീ. ജോസ് പുഷ്പക്കുന്നേൽ (മണിക്കടവ്).

### ii) രജതജൂബിലി ആഘോഷിച്ചവർ

എൽസമ്മ അറയ്ക്കൽ, ജോണി പൂവത്തിങ്കൽ (ചുള്ളി), സി. ലിദിയ എംഎസ്എംഐ (നെല്ലിക്കുറ്റി), ഷിജോ പുതുപ്പറമ്പിൽ (കാർത്തികപുരം), സജി തോമസ് പൊടിമറ്റത്തിൽ (മാടത്തിൽ), ഷിബു കാവുകാട്ട് (ചാവറഗിരി), സി. മെർലിൻ എസ്കെഡി (കാലാങ്കി), ലില്ലി ജോയി തുമ്പേപ്പറമ്പിൽ (കുന്നോത്ത്), സി. ലിസ്സി എംപിവി (കുന്നോത്ത്), ലത പേന്താനത്ത് (കല്ലുവയൽ), മേരി ഇടനിലത്തിൽ (കണിച്ചാർ), മോളി ലൂക്കോസ് തോനാത്ത് (ബിരിക്കുളം), സി. ഫിൽസി എസ്എബിഎസ് (കണിച്ചാർ), അഗസ്റ്റിൻ എടക്കരക്കണ്ടത്തിൽ (മണക്കടവ്), സി. പൗളിൻ എസ്എച്ച് (വായാട്ടുപറമ്പ്), മേഴ്സി ജോസ് ഒഴക്കനാട്ട് (മണിക്കടവ്), ജാൻസി മാത്യു കുന്നേൽ (മണിക്കടവ്), ഡെയ്സി ജോസഫ് കണയനാട്ട് (മണിക്കടവ്), ബീന സജി പൊട്ടംകുളങ്ങരയിൽ (മണ്ടളം), സി. കരോലിൻ എസ്എബിഎസ് (പാലാവയൽ), യേശുദാസ് തോമസ് പാറേമ്മാക്കൽ (കോഴിച്ചാൽ), തോമസ് കെ.എം കുളച്ചിത്തറ (ചെങ്ങോം), സി. സിൽവിയ എസ്എംഎസ് (അട്ടക്കണ്ടം), ബേബി മാടപ്പള്ളിൽ (കാലിച്ചാനടുക്കം), ജെയ്സി സുനിൽ അഞ്ചിൽ, കൊച്ചുറാണി കെ.വി. ആലുങ്കൽ (നെടുവാലൂർ), ബെന്നി ഫ്രാൻസിസ് കലയത്താങ്കൽ (തയ്യേനി), സി. റാണി ഇല്ലിക്കൽ എ.ഒ, സി. എൽസമ്മ മടത്തിക്കുന്നേൽ എ.ഒ, തങ്കമ്മ വെട്ടത്ത് (പൈസക്കരി).

**b) വിരമിച്ച പ്രധാനധ്യാപകർ**

ജോർജ് പുളിക്കത്തടത്തിൽ (കൊന്നക്കാട്), ജോൺസൺ പാറയ്ക്കൽ (വിളമന), ബേബി പി.സി. പുത്തൻപുരയിൽ (നെല്ലിപ്പാറ), പ്രിൻസ് ചെമ്പരത്തിക്കൽ (തിരുമേനി), റോസി ആന്റണി മുകളയിൽ (നിർമ്മലഗിരി), ജോഷി അഴകത്ത് (പരിയാരം), അബ്രാഹം കല്ലൂകുളങ്ങര (ബളാൽ), സെമിൽ പോൾ മടത്തിമ്മ്യാലിൽ (ബെഡൂർ), ഷൈനി ജോസഫ് പേണ്ടാനത്ത് (കാഞ്ഞങ്ങാട്), ജെയ്സ് പുളിയാനിക്കാട്ട് (കീഴ്പ്പള്ളി), ബിജു ആലുംപറമ്പിൽ (പാടാംകവല), ജോബി മാത്യു കൊച്ചുപറമ്പിൽ (എണ്ണപ്പാറ), സണ്ണി വർഗ്ഗീസ് കാട്ടുതറ (ചായ്യോത്ത്), പ്രതീഷ് പോൾ കൊല്ലംകുന്നേൽ (നീലേശ്വരം), റോബിൻ ഉറുമ്പിൽ (എടപ്പുഴ).

**c) വിരമിച്ച വിശ്വാസപരിശീലകർ**

തോമസ് പുല്ലൻകണ്ണപ്പിള്ളി (എടൂർ), ഏലിയാമ്മ ചക്കാനിക്കുന്നേൽ (പൈസക്കരി), മേഴ്സി ജോസ് ഒഴക്കനാട്ട് (മണിക്കടവ്), ലീലാമ്മ തോമസ് പുത്തൻപുരയിൽ (കടുമേനി), ലൈസൻ തോമസ് പനംതോട്ടം (കുളിനീർ), ജയ പൈനാടത്ത് (മണ്ടളം), ബേബി ജോസ് ആയല്ലൂർ, ജാൻസി ആയല്ലൂർ (കാര്യപ്പള്ളി), പ്രകാശ് മാത്യു മൂന്നുപീടികയിൽ (കാര്യപ്പള്ളി), സെബാസ്റ്റ്യൻ കീരുത്താനത്ത് (ഭീമനടി), മേരി പാലക്കുന്നേൽ (പടിമരുത്).

**d) അധ്യാപകർക്ക് അഭിനന്ദനങ്ങൾ**

പന്ത്രണ്ടു വർഷവും മുടങ്ങാതെ എല്ലാ ഞായറാഴ്ചകളിലും വിശ്വാസം പരിശീലിപ്പിച്ച ജിജി തെക്കുംചേരിക്കുന്നേൽ (പടുപ്പ്), ബിന്റോ സെബാസ്റ്റ്യൻ പുതിയാപറമ്പിൽ (കാര്യപ്പള്ളി), ബിജി വടക്കേൽ (പാണത്തൂർ), ഷൈല മടത്തിപ്പറമ്പിൽ (പാണത്തൂർ), വൽസമ്മ അഗസ്റ്റിൻ കുറുവത്താഴത്ത് (കാഞ്ഞിരക്കൊല്ലി), ജിജു കോലക്കുന്നേൽ (കാഞ്ഞിരക്കൊല്ലി) എന്നീ അധ്യാപകരെ ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസിൽവച്ച് സർട്ടിഫിക്കറ്റും മെമെന്റോയും നൽകി ആദരിച്ചു.

**e) കുട്ടികൾക്ക് അഭിനന്ദനങ്ങൾ**

പന്ത്രണ്ടു വർഷവും എല്ലാ ഞായറാഴ്ചകളിലും വിശ്വാസപരിശീലന ക്ലാസ്സുകളിൽ ഹാജരായി പഠനം പൂർത്തിയാക്കിയ ആൻമരിയ ഓതറുകുന്നേൽ (മണ്ഡപം), ക്ലെയർ മരിയ ആനാനിഉറുമ്പേൽ (മാലോം), തെരേസ് സോബി മാത്തൻകുന്നേൽ (എണ്ണപ്പാറ), സെബിൻ വർഗ്ഗീസ് കല്ലുകളത്തിൽ (വിമലശ്ശേരി), അൽഫോൻസ ജേക്കബ് കാരാമയിൽ (നെല്ലിക്കാംപൊയിൽ), ജോസഫ് അറയ്ക്കൽ (ഓടന്തോട്), അഗസ്റ്റിൻ ചെന്നിലത്തുകുന്നേൽ (ബിരിക്കുളം), മരിയ ബിജു ചിറ്റാട്ടിൽ (ജയഗിരി), ഡോണ തെരേസ് പുതുപ്പറമ്പിൽ (ആയന്നൂർ), എയ്ഞ്ചൽ അന്ന പെരുകിലക്കാട്ട് (വിളക്കന്നൂർ), അലീന തഴുപ്പിൽപറമ്പിൽ (പാണത്തൂർ), അൽഫോൻ പയ്യപ്പള്ളിൽ (വെണ്ണക്കല്ല്),

ജോൺ കവളക്കാട്ട്, മെറിൻ വീണപ്ലാക്കൽ (വിജയപുരം), ക്രിസ്റ്റീൻ ജോ പോൾ തയ്യിൽ (വെള്ളരിക്കുണ്ട്), റോസ്ലിറ്റ് ജെയിംസ് വാലുമ്മേൽ (പരപ്പ), മരിയ ചാത്തനാട്ട് (തടിക്കടവ്), ഗ്രെയ്സ് മരിയ കടൂക്കുന്നേൽ (കീഴ്പ്പള്ളി), ആൻമരിയ കളപ്പുരത്തൊട്ടിയിൽ (അട്ടക്കണ്ടം), മരിയ തെരേസ് വാത്തോലിൽ (ചായ്യോത്ത്), തെരേസ അരീക്കുഴിയിൽ (കാലിച്ചാമരം), ഹെൽന മുക്കാട്ടുകാവുങ്കൽ (നടുവിൽ), ജോർജുകുട്ടി തുരുത്തിമറ്റത്തിൽ (നടുവിൽ), ആൻ മരിയ തകിടിയേൽ (പെരുമ്പടവ്), ഇമ്മാനുവേൽ ഷിബു കാവുംപുറത്ത് (അരീക്കമല) എന്നീ കുട്ടികളെ ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസിൽ വച്ച് സർട്ടിഫിക്കറ്റും ക്യാഷ് അവാർഡും നൽകി ആദരിച്ചു.

### 18. വിശ്വാസോത്സവ ആൽബം എൻഡോവ്മെന്റ്

വിശ്വാസോത്സവ ദിവസങ്ങളിൽ ''വിശുദ്ധ കുർബാനയാകുന്ന വിസ്മയം'' എന്ന വിഷയത്തെ ആസ്പദമാക്കി കുട്ടികൾക്കായി നടത്തിയ റവ. ഫാ. അബ്രാഹം ഒറ്റപ്ലാക്കൽ വിശ്വാസോത്സവ ആൽബം എൻഡോവ്മെന്റിന് പേരാവൂർ സൺഡേസ്കൂൾ ഒന്നാം സ്ഥാനത്തിനും, പൈസക്കരി സൺഡേസ്കൂൾ രണ്ടാം സ്ഥാനത്തിനും, മണ്ഡപം, കാസർഗോഡ് സൺഡേസ്കൂളുകൾ മൂന്നാം സ്ഥാനത്തിനും അർഹരായി. വിജയികളായവർക്ക് അഭിനന്ദനങ്ങൾ.

### 19. പ്രവർത്തനവർഷ ആൽബം എൻഡോവ്മെന്റ്

റവ. ഫാ. അബ്രാഹം ഒറ്റപ്ലാക്കൽ പ്രവർത്തനവർഷ ആൽബം എൻഡോവ്മെന്റ് നീലേശ്വരം സെന്റ് മേരീസ് സൺഡേസ്കൂൾ കരസ്ഥമാക്കി.

### 20. അഭിനന്ദനങ്ങൾ

കണ്ണൂർ യൂണിവേഴ്സിറ്റിയിൽ ബിഎ മലയാളം ഒന്നാം റാങ്കിന് അർഹയായ ആനപ്പന്തി സൺഡേസ്കൂൾ വിശ്വാസപരിശീലക ഡെസ്നി രാജേഷ് വലിയതൊട്ടിയിലിന് ക്യാഷ് അവാർഡും മെമെന്റോയും നൽകി ആദരിച്ചു.

### 21. എൻഡോവ്മെന്റുകൾ

2023-2024 അധ്യയനവർഷത്തിൽ വിജയികളായ അധ്യാപകർക്കും കുട്ടികൾക്കുമായി സൺഡേസ്കൂൾ തലത്തിൽ വിതരണം ചെയ്ത വിവിധ എൻഡോവ്മെന്റുകൾ താഴെകൊടുക്കുന്നു.

1) ആർച്ച്ബിഷപ്പ് മാർ ജോർജ് വലിയമറ്റം എപ്പിസ്കോപ്പൽ രജതജൂബിലി മെമ്മോറിയൽ എൻഡോവ്മെന്റ്. 2) ബിഷപ്പ് മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി എപ്പിസ്കോപ്പൽ സുവർണ്ണജൂബിലി മെമ്മോറിയൽ എൻഡോവ്മെന്റ്. 3) ആർച്ച് ബിഷപ്പ് മാർ ജോർജ് വലിയമറ്റം പൗരോഹിത്യ സുവർണ്ണ ജൂബിലി മെമ്മോറിയൽ എൻഡോവ്മെന്റ്. 4) ശ്രീ. ജോസഫ് ഇരുപ്പക്കാട്ട് മെമ്മോറിയൽ എൻഡോവ്മെന്റ്. 5) ചിറമേൽ ജേക്കബ് മറിയം എൻഡോവ്മെന്റ്. 6) റവ. ഡോ. ജോസ് ജേക്കബ് നെടുംതകടി പൗരോഹിത്യ സുവർണ്ണ ജൂബിലി മെമ്മോറിയൽ എൻഡോവ്മെന്റ്. 7) റവ. ഡോ. കുര്യാക്കോസ്

മുണ്ടപ്ലാക്കൽ മെമ്മോറിയൽ എൻഡോവ്മെന്റ്. 8) റവ. ഫാ. തോമസ് മണ്ണൂരാംപറമ്പിൽ പൗരോഹിത്യ രജതജൂബിലി മെമ്മോറിയൽ എൻഡോവ്മെന്റ്. 9) കൂറ്റാരപ്പള്ളി ശ്രീ. പോത്തൻ ജോസഫ്, അന്നമ്മ ജോസഫ് മെമ്മോറിയൽ എൻഡോവ്മെന്റ്. 10) റവ. ബ്രദർ മാത്യു കാവുങ്കൽ എൻഡോവ്മെന്റ്. 11) റവ. ഫാ. ജോർജ് കാഞ്ഞിരക്കാട്ട് പൗരോഹിത്യ രജതജൂബിലി എൻഡോവ്മെന്റ്. 12) റവ. ഫാ. അബ്രാഹം ഒറ്റപ്ലാക്കൽ മെമ്മോറിയൽ എൻഡോവ്മെന്റ്.

## 22. വിശ്വാസപരിശീലകരുടെ ധ്യാനം – "റേമ 2024"

| തിയതി | പങ്കെടുക്കേണ്ട ഫൊറോനകൾ |
|---|---|
| ജൂലൈ 26–28 | പേരാവൂർ, എടൂർ, കുന്നോത്ത് |
| ഓഗസ്റ്റ് 23–25 | നെല്ലിക്കാംപൊയിൽ, മണിക്കടവ്, പൈസക്കരി, ചെമ്പേരി |
| സെപ്റ്റംബർ 16–18 | ചെമ്പൻതൊട്ടി, വായാട്ടുപറമ്പ്, ആലക്കോട്, മേരിഗിരി |
| ഒക്ടോബർ 25–27 | ചെറുപുഴ, തോമാപുരം, മാലോം, വെള്ളരിക്കുണ്ട് |
| നവംബർ 22–24 | കാഞ്ഞങ്ങാട്, കാസർഗോഡ്, പനത്തടി, തളിപ്പറമ്പ് |
| ഡിസംബർ 06–08 | മുകളിൽ പറഞ്ഞ തീയതികളിൽ ധ്യാനത്തിൽ പങ്കെടുക്കാൻ സാധിക്കാത്തവർ. |

## 23. ആദരാഞ്ജലികൾ

തലശ്ശേരി സൺഡേസ്കൂൾ മുൻവിശ്വാസപരിശീലക ശ്രീമതി സുമ രാജു മണ്ടാനിയിൽ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. കുടുംബാംഗങ്ങളെ വിശ്വാസപരിശീലന കേന്ദ്രത്തിന്റെ അനുശോചനവും പ്രാർത്ഥനയും അറിയിക്കുന്നു.

## 24. ഡയറക്ടറച്ചൻമാരുടെ സന്ദർശനം

ഡയറക്ടറച്ചൻ എടൂർ, നെല്ലിപ്പാറ, കോളയാട്, കരുവഞ്ചാൽ, അൽഫോൻസഗിരി, പടന്നക്കാട്, അരീക്കമല എന്നീ സൺഡേ സ്കൂളുകളിലും അസി. ഡയറക്ടറച്ചൻ മണിക്കടവ് സൺഡേ സ്കൂളിലും സന്ദർശനം നടത്തി.

**ഫാ. ജേക്കബ് വെണ്ണായപ്പിള്ളിൽ**
*ഡയറക്ടർ*

# ബൈബിൾ അപ്പൊസ്റ്റോലേറ്റ്
## ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

### തിയോളജി കോഴ്സുകളിലേക്കുള്ള രജിസ്ട്രേഷൻ

2024-25 വർഷത്തെ തിയോളജി പഠനപ്രോഗ്രാമുകളിലേക്കുള്ള അഡ്മിഷൻ ജൂലൈ 15 വരെ തുടരുന്നു.

### തിയോളജി കോഴ്സുകൾ

1. Diploma in Theology (6 Months)
2. Bachelors Degree in Theology (3 Years)
3. Masters Degree in Theology (2 Years)

**പ്രത്യേകതകൾ**

- പഠിതാക്കൾക്ക് നിലവിലുള്ള പ്രവർത്തനങ്ങൾക്കും ജോലിക്കും ഒപ്പം പഠിക്കാവുന്ന രീതിയിലാണ് കോഴ്സുകൾ ക്രമീകരിച്ചിരിക്കുന്നത്.
- ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ദൈവശാസ്ത്ര കോഴ്സുകൾ ഇംഗ്ലീഷ്/ മലയാളം ഭാഷകളിൽ പഠിക്കാവുന്നതാണ്.
- രജിസ്റ്റർ ചെയ്യുന്ന മുഴുവൻ പഠിതാക്കൾക്കും ഇംഗ്ലീഷ്/ മലയാളം ഭാഷകളിൽ എല്ലാ വിഷയങ്ങളുടെയും Printed Text Books ലഭിക്കുന്നതാണ്.
- ക്ലാസ്സുകൾ ഓൺലൈനായി നടത്തുന്നു. സാധാരണ ക്ലാസ്സുകളിലേതുപോലെതന്നെ വിദ്യാർത്ഥികൾക്ക് സംവദിക്കാനും സംശയനിവാരണം നടത്താനും കഴിയുന്ന തരത്തിലാണ് ക്ലാസ്സുകൾ ക്രമീകരിച്ചിരിക്കുന്നത് Zoom or Google Meet Platforms ലാണ്.
- തിയോളജി ക്ലാസ്സുകൾ അതതു വിഷയങ്ങളിൽ ഏറ്റവും പ്രഗത്ഭരായ ദൈവശാസ്ത്ര പണ്ഡിതർ നയിക്കുന്നതാണ്.

പ്രവേശനമാഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വെബ്സൈറ്റ് വഴി പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

**Website: www.alphathalassery.org.** കൂടുതൽ വിവരങ്ങൾക്ക്: Email - alphits @gmail.com, Ph: 8086312826.

### തീസിസ് സമർപ്പണം

അവസാനവർഷ ബിരുദ, ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾ ജൂലൈ 31 നു മുമ്പായി തീസിസ് ആൽഫാ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. ബിരുദ വിദ്യാർത്ഥികൾ 60 മുതൽ 80 വരെ പേജുകളും ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾ 80 മുതൽ 100 പേജുകൾ വരെയുള്ള പ്രബന്ധമാണ് തയ്യാറാക്കേണ്ടത്.

ബിരുദ വിദ്യാർത്ഥികൾ ബൈൻഡ് ചെയ്ത ഒരു കോപ്പിയും ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾ ബൈൻഡ് ചെയ്ത 2 കോപ്പികളും (ടൈപ്പ് ചെയ്തതായിരിക്കണം) സമർപ്പിക്കണം. കൃത്യസമയത്തിനുള്ളിൽ തീസിസ് സമർപ്പിക്കാത്ത വിദ്യാർത്ഥികൾക്ക് ഈ വർഷത്തെ കോൺവൊക്കേഷനിൽ പങ്കെടുക്കാൻ സാധിക്കുന്നതല്ല.

### ലോഗോസ് ബൈബിൾ ക്വിസ് - 2024

കെ.സി.ബി.സി ബൈബിൾ കമ്മീഷന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന 24-ാമത് ലോഗോസ് ബൈബിൾ ക്വിസിന്റെ പഠനഭാഗങ്ങളും തീയതിയും ശ്രദ്ധിക്കുമല്ലോ.

| പഠനഭാഗങ്ങൾ | |
|---|---|
| **ന്യായാധിപന്മാർ 1-10** | **പ്രഭാഷകൻ 34-40** |
| **വി. ലൂക്കാ 9-16** | **2 കൊറി 7-13** |

| പരീക്ഷാ തീയതികൾ | |
|---|---|
| രൂപതാതലം | : 2024 സെപ്റ്റംബർ 29, 2.00 - 3.30 pm |
| സംസ്ഥാനതലം | : 2024 നവംബർ 10 |
| മെഗാ ഫൈനൽ | : 2024 നവംബർ 23-24 |
| രജിസ്ട്രേഷൻ | : **2024 ജൂൺ 1 മുതൽ ജൂലൈ 31 വരെ** |
| രജിസ്ട്രേഷൻ ഫീസ് | : **20 രൂപ** |

മത്സരത്തിൽ പങ്കെടുക്കുന്നവരെ പ്രായത്തെ അടിസ്ഥാനമാക്കി A, B, C, D, E, F എന്നീ 6 വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. മൂല്യ നിർണയം നടത്തുന്നതും സമ്മാനങ്ങൾ നല്കുന്നതും ഈ അടിസ്ഥാനത്തിലായിരിക്കും.

A വിഭാഗം : 1-1-2013-നും അതിനുശേഷവും ജനിച്ചവർ

B വിഭാഗം : 1 -1-2008-നും 31-12-2012-നും ഇടയ്ക്ക് ജനിച്ചവർ

C വിഭാഗം : 1-1-1993-നും 31-12-2007-നും ഇടയ്ക്ക് ജനിച്ചവർ

D വിഭാഗം : 1-1-1973-നും 31-12-1992-നും ഇടയ്ക്ക് ജനിച്ചവർ

E വിഭാഗം : 1-1-1960-നും 31-12-1972-നും ഇടയ്ക്ക് ജനിച്ചവർ

F വിഭാഗം : 31-12-1959-നും അതിനു മുമ്പും ജനിച്ചവർ

നിർബന്ധമായും രജിസ്ട്രേഷൻ മുൻകൂട്ടി ചെയ്തിരിക്കേണ്ടതാണ്. എല്ലാ രൂപതകളും ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യേണ്ടതാണെന്ന് ഓർമിപ്പിക്കുന്നു. 25 മത്സരാർത്ഥികളുള്ള ഒരു ഇടവകയെയോ ഒരു കത്തോലിക്കാ സ്ഥാപനത്തെയോ ഒരു പരീക്ഷ സെന്ററായി അംഗീകരിക്കുന്നതാണ്. അവിടെ നിങ്ങൾക്ക് പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 20 രൂപ. ലോഗോസ് ലഘുപഠനത്തിന്റെ പ്രിന്റു രൂപം ഉണ്ടായിരിക്കുന്നതല്ല (വിഷയത്തിന്റെ പശ്ചാത്തലപഠനത്തിൽ താത്പര്യമുള്ളവർക്ക് ലഘുപഠനത്തിനും കഴിഞ്ഞ വർഷങ്ങളിലെ ചോദ്യങ്ങൾക്കുമായി സെപ്റ്റംബർ 1 നു ശേഷം www.keralabiblesociety.com സന്ദർശിക്കാവുന്നതാണ്). പഠനത്തിനായി ഉപയോഗിക്കേണ്ടത് പി.ഒ.സി. ബൈബിളും, ഇംഗ്ലീഷിൽ NRSV ബൈബിളും തമിഴിന് TNBCLC-യുടെ തിരുവിവിലിയവും ആണ്.

അഖില കേരള മത്സരപ്പരീക്ഷയിൽ പങ്കെടുക്കാനുള്ളവരുടെ ജനന സർട്ടിഫിക്കറ്റും (വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയത്) ഇപ്പോഴത്തെ അഡ്രസ്സും ഓരോ ഫോട്ടോയും രൂപതാ ഡയറക്ടർമാർ ഒക്ടോബർ 22 ന് മുൻപായി പി.ഒ.സി.യിൽ എത്തിച്ചിരിക്കണം. രൂപതാതല വിജയികൾക്കായുള്ള (3×6=18) സംസ്ഥാനതല എഴുത്തുപരീക്ഷ കേരളത്തിലെ മൂന്നു സെന്ററുകളിൽ 2024 നവംബർ 10-ന് 2.00 pm ന് ആരംഭിക്കും. ഓരോ ഗ്രൂപ്പിലെയും 10 പേർക്കുള്ള ഫൈനൽ നവംബർ 23-ാം തീയതി സംഘടിപ്പിക്കുന്നു. **ലോഗോസ് പ്രതിഭ** ടെലികിസ് പി.ഒ.സിയിൽ വച്ച് നവംബർ 24-ാം തീയതിയായിരിക്കും.

## ബധിര ഭിന്നശേഷിക്കാർക്കുള്ള ലോഗോസ്

1. ഈ വർഷവും ബധിര-ഭിന്നശേഷിക്കാർക്കുള്ള ലോഗോസ് പരീക്ഷ സംഘടിപ്പിക്കുന്നു. രൂപതയിൽ ഉന്നത മാർക്കു നേടുന്നവർക്കായി നവംബർ 23-ന് പി.ഒ.സിയിൽ ഫൈനൽ മത്സരം നടത്തുന്നു.

2. രൂപതയിൽനിന്ന് ഉന്നതമാർക്കു നേടുന്നവരെ തിരഞ്ഞെടുക്കുന്നതിനായി പൊതുപരീക്ഷയുടെ ചോദ്യപേപ്പറോ ഓരോ രൂപതയും അവർക്കുവേണ്ടി പ്രത്യേകമായി നടത്തുന്ന പരീക്ഷയോ/മത്സരമോ സംഘടിപ്പക്കാവുന്നതാണ്.

3. സംസ്ഥാനതലത്തിൽ മത്സരിക്കുന്ന ബധിര-ഭിന്നശേഷിക്കാർക്കുവേണ്ടി ഒരു മാതൃക ചോദ്യാവലി ആഗസ്റ്റ് മാസം അവസാനത്തിൽ നല്കുന്നതാണ്. മറ്റ് അറിയിപ്പുകൾ പിന്നീട് നല്കുന്നതാണ്.

## ലോഗോസ് ഫമിലിയ ക്വിസ്

1. ഒരു ടീമിൽ പങ്കെടുക്കുന്നവർ കുറഞ്ഞത് രണ്ട് തലമുറകളിൽ നിന്നുള്ള വരായിരിക്കണം.

2. ഫമിലിയ പരീക്ഷയ്ക്ക് പൊതുപരീക്ഷയുടെ ചോദ്യപേപ്പർ ആയി രിക്കും. ഫാമിലി ടീമിലെ ഓരോരുത്തർക്കും കിട്ടുന്ന മാർക്കിന്റെ ആവറേജ് ആണ് ഫാമിലിയുടെ മാർക്കായി പരിഗണിക്കുക.

3. സംസ്ഥാനതലത്തിലെ പരീക്ഷയ്ക്ക് രൂപതയിൽ നിന്ന് ഒരു ടീമിനെ മാത്രമെ അയക്കാവൂ.

## സമ്മാനങ്ങൾ

ആകർഷകമായ ക്യാഷ് അവാർഡുകൾ, ഷീൽഡുകൾ, പുസ്തകങ്ങൾ, സ്വർണ്ണമെഡലുകൾ, ട്രോഫികൾ കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ സർട്ടിഫിക്കറ്റുകൾ എന്നീ നിരവധി സമ്മാനങ്ങൾ നല്കപ്പെടുന്നു.

**അഖില കേരളതലത്തിൽ** (ഒരോ വിഭാഗത്തിനും പ്രത്യേകം)

1-ാം സമ്മാനം 15,000 രൂപയും സ്വർണമെഡലും സർട്ടിഫിക്കറ്റും

2-ാം സമ്മാനം 10,000 രൂപയും സ്വർണമെഡലും സർട്ടിഫിക്കറ്റും

3-ാം സമ്മാനം 5,000 രൂപയും സ്വർണമെഡലും സർട്ടിഫിക്കറ്റും

4-ാം സമ്മാനം 1,000 രൂപയും മെഡലും, സർട്ടിഫിക്കറ്റും
(ഓരോ വിഭാഗത്തിലും 7 പേർക്കു വീതം)

5-ാം സമ്മാനം 500 രൂപയും മെഡലും എല്ലാവർക്കും ലഭിക്കുന്നതാണ്.

**രൂപതാതലത്തിൽ** (ഒരോ വിഭാഗത്തിനും പ്രത്യേകം)

1-ാം സമ്മാനം 1000 രൂപയും സർട്ടിഫിക്കറ്റും

2-ാം സമ്മാനം 750 രൂപയും സർട്ടിഫിക്കറ്റും

3-ാം സമ്മാനം 500 രൂപയും സർട്ടിഫിക്കറ്റും

4-ാം സമ്മാനം 250 രൂപയും സർട്ടിഫിക്കറ്റും 7 പേർക്ക് വീതം

5-ാം സമ്മാനം 100 രൂപ വിലവരുന്ന ബൈബിൾ സംബന്ധമായ പുസ്തകവും സർട്ടിഫിക്കറ്റും 15 പേർക്ക് വീതം

A വിഭാഗത്തിൽ 60 ശതമാനത്തിൽ കൂടുതൽ മാർക്കും B-F വിഭാഗത്തിൽ 70 ശതമാനത്തിൽ കൂടുതൽ മാർക്കു വാങ്ങുന്ന എല്ലാവർക്കും കെ.സി. ബി.സി. ബൈബിൾ കമ്മീഷന്റെ സർട്ടിഫിക്കറ്റ് നല്കുന്നതാണ്. സെപ്റ്റംബർ 29-ാം തീയതി നടത്തുന്ന രൂപതാതല പരീക്ഷയുടെ ഫലവും രൂപതാതല സമ്മാനങ്ങൾ ഇടവകയ്ക്ക് നല്കുന്ന തീയതിയും രൂപതാകേന്ദ്രത്തിൽ നിന്നും അറിയിക്കേണ്ടതാണ്.

● രൂപതാതല രജിസ്ട്രേഷന്റെ എണ്ണമനുസരിച്ച് സമ്മാനങ്ങളുടെ തുക ക്രമീകരിക്കുവാൻ ബൈബിൾ അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർമാർക്ക് അധികാര മുണ്ടായിരിക്കും.

**ഇടവകതലത്തിൽ**

ഓരോ പ്രായവിഭാഗമനുസരിച്ച് 25-ന്റെ ഒരോ ഗുണിതത്തിനും (50, 75, 100, 125...) ഒരു സമ്മാനം എന്ന അനുപാതത്തിൽ എല്ലാ കേന്ദ്രങ്ങൾക്കും സമ്മാനങ്ങൾ ഉണ്ടായിരിക്കും.

- 50-ൽ കൂടുതൽ പേരെ പങ്കെടുപ്പിക്കുന്ന കേന്ദ്രത്തിൽ 2 പേർക്ക് സമ്മാനങ്ങൾ
- 125-ൽ കൂടുതൽ പേരെ പങ്കെടുപ്പിക്കുന്ന കേന്ദ്രത്തിൽ 5 പേർക്ക് സമ്മാനങ്ങൾ
- 1000-ൽ കൂടുതൽ പേരെ പങ്കെടുപ്പിക്കുന്ന കേന്ദ്രത്തിൽ 40 പേർക്ക് സമ്മാനങ്ങൾ
- 2000-ൽ കൂടുതൽ പേരെ പങ്കെടുപ്പിക്കുന്ന കേന്ദ്രത്തിൽ 80 പേർക്ക് സമ്മാനങ്ങൾ

ഏറ്റവും കൂടുതൽ മത്സരാർഥികളെ പങ്കെടുപ്പിക്കുന്ന രൂപതകൾക്കും ഇടവകകൾക്കും ജനസംഖ്യയ്ക്കാനുപാതികമായി കൂടുതൽപേരെ പങ്കെടുപ്പിക്കുന്ന രൂപതകൾക്കും ക്യാഷ് അവാർഡ് ഉണ്ടായിരിക്കും.

* 60 ശതമാനത്തിൽ കൂടുതൽ മാർക്കു വാങ്ങുന്ന A പ്രായവിഭാഗ ത്തിലുള്ളവർക്കും 70 ശതമാനത്തിൽ കൂടുതൽ മാർക്കു വാങ്ങുന്ന B, C, D, E, F പ്രായവിഭാഗങ്ങളിലുള്ളവർക്കും കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ സർട്ടിഫിക്കറ്റ് നല്കുന്നതാണ്. കൂടാതെ ഏറ്റവും കൂടുതൽ അംഗങ്ങളെ ചേർക്കുന്ന രൂപതകൾക്കും ഇടവകൾക്കും പ്രത്യേക ക്യാഷ് അവാർഡും ഷീൽഡും നല്കുന്നതായിരിക്കും. ലോഗോസ് ക്വിസ് 2024-ന്റെ പോസ്റ്റർ, രജിസ്ട്രേഷൻ ഷീറ്റ് എന്നിവയ്ക്ക് ഇടവകകൾ രൂപത ബൈബിൾ അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർമാരുമായി ബന്ധപ്പെടേണ്ടതാണ്. ലോഗോസ് ക്വിസ് 2024-ന്റെ രക്ഷാധികാരി കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ ചെയർമാനും, ചീഫ് കോ-ഓർഡിനേറ്റർ കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ സെക്രട്ടറിയും, രൂപതാ കോ-ഓർഡിനേറ്റർമാർ രൂപതാ ബൈബിൾ അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർമാരും ആയിരിക്കും. അന്വേഷണ ങ്ങൾക്കും രജിസ്ട്രേഷനുമായി രൂപതാ ബൈബിൾ അപ്പൊസ്റ്റൊലേറ്റ് ഡയറക്ടറുമായി ബന്ധപ്പെടേണ്ടതാണ്.

**ഫാ. തോമസ് മാപ്പിളപ്പറമ്പിൽ**
*ഡയറക്ടർ,*
*ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്*

**ഫാ. ഫിലിപ്പ് കവിയിൽ**
*ഡയറക്ടർ,*
*ബൈബിൾ അപ്പൊസ്റ്റൊലേറ്റ്*

# ചിൽഡ്രൻ അപ്പൊസ്റ്റോലേറ്റ്

## ചെറുപുഷ്പ മിഷൻലീഗ്

സ്നേഹ ബഹു. അച്ചന്മാരെ, സിസ്റ്റേഴ്സ്, പ്രിയ മിഷനറിമാരെ,

നേരിൽ കണ്ട്, സ്പർശിച്ചനുഭവിച്ച ക്രിസ്തുവിനെ ലോകം മുഴുവൻ അറിയിക്കാൻ ആഗ്രഹിച്ച വി. തോമാശ്ലീഹായുടെ ദുക്റാനത്തിരുനാളിന്റെയും സഹനത്തെ സുഖമുള്ള നൊമ്പരമാക്കി സ്വർഗ്ഗീയ കിരീടമണിഞ്ഞ വി. അൽഫോൻസാമ്മയുടെ തിരുനാളിന്റെയും മംഗളങ്ങൾ ഏവർക്കും ആശംസിക്കുന്നു.

ഈ പുതിയ പ്രവർത്തനവർഷത്തിൽ **'ദൈവകേന്ദ്രീകൃത കുടുംബം ദൈവവിളികളുടെ ഉറവിടവും ശക്തിയും'** എന്ന ആപ്തവാക്യത്തെ നെഞ്ചോട് ചേർത്ത് കൂടുതൽ തീഷ്ണതയോടെ, വിശുദ്ധിയോടെ മുന്നേറുവാൻ നമുക്ക് പരിശ്രമിക്കാം. ഈ വർഷം മിഷൻലീഗ് സംഘടനയിൽ അംഗങ്ങളായി കടന്നുവന്നിരിക്കുന്ന എല്ലാ കുഞ്ഞുമിഷനറിമാർക്കും മിഷൻലീഗ് സംഘടനാ പ്രവർത്തനം വഴി ധാരാളം ദൈവാനുഗ്രഹങ്ങൾ ലഭിക്കട്ടെയെന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

| |
|---|
| അനുസ്മരിക്കുന്ന തിരുനാൾ : ദുക്റാനത്തിരുനാൾ |
| അനുസ്മരിക്കുന്ന വിശുദ്ധർ : വി. തോമാശ്ലീഹ, വി. അൽഫോൻസാമ്മ |
| പ്രാർത്ഥനാനിയോഗം : എല്ലാ മെത്രാന്മാർക്കും വേണ്ടി |
| സുകൃതജപം : എന്റെ കർത്താവേ എന്റെ ദൈവമെ എന്നിൽ കനിയണമെ |
| വിശുദ്ധയെ അറിയാൻ സ്നേഹിക്കാൻ : നവമാലിക അദ്ധ്യായം 1 |

**1. ശാഖകൾ ശ്രദ്ധിക്കാൻ**

1 തിങ്കൾ : 7 Month Challenge
ഡോക്ടേഴ്സ് ഡേ

3 ബുധൻ : ദുക്റാനത്തിരുനാൾ, അംഗത്വ സ്വീകരണം, അസാധാരണ സമ്മേളനം, പൊതുദിവ്യകാരുണ്യ സ്വീകരണം.

6 ശനി : വി. മരിയാഗൊരേത്തിയുടെ തിരുനാൾ

12 വെള്ളി : വി. കൊച്ചുത്രേസ്യായുടെ മാതാപിതാക്കളുടെ തിരുനാൾ, കുടുംബദിനാചരണം.

16 ചൊവ്വ : കർമ്മല മാതാവിന്റെ തിരുനാൾ

26 വെള്ളി : മാർ തോമസ് തറയിൽ ചരമവാർഷികം

28 ഞായർ : വി. അൽഫോൻസാമ്മയുടെ തിരുനാൾ, അസാധാരണ സമ്മേളനം, പൊതു ദിവ്യകാരുണ്യസ്വീകരണം. വൈസ് ഡയറക്ടേഴ്സ് ദിനം, ശാഖാ വൈസ്ഡയറക്ടേഴ്സ് ഓൺലൈൻ സംഗമം, ലോക പ്രകൃതിസംരക്ഷണദിനം, പ്രകൃതി സംരക്ഷണ പ്രതിജ്ഞ.

## 2. മേഖലകൾ ശ്രദ്ധിക്കാൻ

എക്സിക്യൂട്ടീവ്, അൽഫോൻസാ ക്വിസ്സ്, കൊച്ചുത്രേസ്യായുടെ മാതാപിതാക്കളുടെ തിരുനാൾ, കുടുംബദിനാചരണം, വി. അൽഫോൻസാമ്മയുടെ തിരുനാൾ – വൈസ്ഡയറക്ടേഴ്സ് ദിനം, ഡോക്ടേഴ്സ് ഡേ, അതിരൂപതാ മാനേജിംഗ് കമ്മറ്റി – ജൂനിയർ ഭാരവാഹികളുടെ ഇലക്ഷൻ, ദുക്റാനതിരുനാൾ.

## 3. Seven Month Challenge

അതിരൂപത ദിവ്യകാരുണ്യ വർഷത്തോടനുബന്ധിച്ച് ജൂലൈ 1 മുതൽ ഡിസംബർ 31 വരെ എന്നും വി. കുർബ്ബാനയിൽ സംബന്ധിക്കുന്ന 5 മുതൽ 12 വരെ പഠിക്കുന്ന കുട്ടികൾക്ക് അതിരൂപത ചെറുപുഷ്പ മിഷൻലീഗിന്റെ നേതൃത്വത്തിൽ പ്രശ്സ്തി പത്രം നൽകുന്നു. എല്ലാവരും കുട്ടികളിലേക്ക് ഈ അറിയിപ്പ് എത്തിക്കുകയും പരമാവധി കുട്ടികളെ ദിവ്യകാരുണ്യ വർഷത്തിൽ വി. കുർബ്ബാനയിൽ സംബന്ധിക്കാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യുമല്ലോ.

**4. അംഗത്വസ്വീകരണം :** ദുക്റാന തിരുനാളിനോടനുബന്ധിച്ച് ജൂലൈ 3 നോ തൊട്ടടുത്ത ഞായറാഴ്ചയോ ഈ വർഷത്തെ അംഗത്വ സ്വീകരണം നടത്തി ജൂലൈ 31 നുള്ളിൽ കഴിഞ്ഞ വർഷത്തേതിന്റെ തുടർച്ചയായ നമ്പറിട്ട് അംഗത്വ ലിസ്റ്റ് ഓഫീസിൽ എത്തിക്കുമല്ലോ. അംഗത്വ കാർഡിന്റെ മറുവശത്ത് വികാരിയച്ചനെകൊണ്ട് ഒപ്പ് ഇടീച്ചതിനുശേഷം അതിരൂപതയിൽ കൊണ്ടുവരുവാൻ ശ്രദ്ധിക്കുമല്ലോ. അംഗത്വ കാർഡിനോടൊപ്പം അതിരൂപതയിൽനിന്ന് തന്ന അംഗത്വ ഫോമിൽ കുട്ടികളുടെ പേര്, വീട്ടുപേര്, ജനനത്തീയതി, പിതാവിന്റെ പേര്, കുട്ടിയെ വിളിക്കുന്നപേര്. അംഗത്വം സ്വീകരിച്ച തീയതി എന്നിവ കൃത്യമായി എഴുതികൊണ്ടുവരാൻ ശ്രദ്ധിക്കുമല്ലോ.

## 5. അതിരൂപതാതല അൽഫോൻസാക്വിസ്സ്

**നിബന്ധനകൾ**

1) 5 മുതൽ 12 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് മത്സരത്തിൽ പങ്കെടുക്കാം.

2) ഒരുമേഖലയിൽ നിന്ന് 3 കുട്ടികൾക്ക് മത്സരത്തിൽ പങ്കെടുക്കാം. ഉത്തരം പരസ്പരം ചർച്ചചെയ്ത് എഴുതാവുന്നതാണ്.
3) ഒരു ആൺകുട്ടിയും ഒരു പെൺകുട്ടിയും നിർബന്ധമായും ഗ്രൂപ്പിൽ ഉണ്ടായിരിക്കണം.
4) ഓഗസ്റ്റ് 15-ാം തീയതിക്കുള്ളിൽ മേഖലകളിൽ മത്സരം നടത്തി ഒന്നാം സ്ഥാനം കിട്ടുന്ന ടീമിന്റെ പേരുകൾ അതിരൂപതയിൽ തരേണ്ടതാണ്.
5) പഠനഭാഗം: **വി. അൽഫോൻസ ആത്മീയതയുടെ അനശ്വരദീപ്തി** എന്ന പുസ്തകത്തിൽ **'വിശ്വസിച്ചവൾ ഭാഗ്യവതി'** എന്ന തലക്കെട്ട് മുതൽ **'എല്ലാം നിന്റെ ഇഷ്ടം'** എന്ന തലക്കെട്ട് ഉൾപ്പെടെയുള്ള ഭാഗവും **'നവമാലിക' 10,11** അദ്ധ്യായങ്ങളിൽ നിന്നുമാണ് ചോദ്യങ്ങൾ.
6) ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്ന ടീമിന് ട്രോഫിയും ക്യാഷ് അവാർഡും ഉണ്ടായിരിക്കും.
7) ഒന്നാം സ്ഥാനം നേടുന്ന ടീമിനെ മിഷൻ തീർത്ഥയാത്രയ്ക്ക് കൊണ്ടുപോകുന്നതായിരിക്കും.
8) അതിരൂപതാതല മത്സരം ഓഗസ്റ്റ് 20-ാം തീയതി നടത്തപ്പെടുന്നതായിരിക്കും. സമയവും സ്ഥലവും പിന്നീട് അറിയിക്കുന്നതായിരിക്കും.
9) കൂടുതൽ വിവരങ്ങൾക്ക് മാർഗ്ഗരേഖ പേജ് 57 കാണുക.

**6. ഡോക്ടേഴ്സ് ഡേ**

ജൂലൈ ഒന്ന് ഡോക്ടേഴ്സ് ഡേ ആണല്ലോ. അന്നേ ദിവസം ആതുര ശുശ്രൂഷാരംഗത്ത് സ്തുത്യർഹമായ സേവനം ചെയ്തുകൊണ്ടിരിക്കുന്ന ഡോക്ടേഴ്സിനെ മേഖലാ - ശാഖാ തലങ്ങളിൽ ആദരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. അതിരൂപതാതല ഡോക്ടേഴ്സ് ഡേ ആഘോഷം ചെറുപുഴ സെന്റ് സെബാസ്റ്റ്യൻസ് ഹോസ്പിറ്റലിൽ വച്ച് നടത്തപ്പെടുന്നതാണ്.

**7. അംഗത്വ സ്വീകരണവും, സെന്റ് തോമസ് ഡേ ദിനാചരണവും**

അതിരൂപതാതല അംഗത്വ സ്വീകരണവും, സെന്റ് തോമസ് ഡേ ദിനാചരണവും ജൂലൈ 7-ാം തീയതി വെള്ളരിക്കുണ്ട് ശാഖയിൽ വച്ച് നടത്തപ്പെടുന്നു. എല്ലാ ശാഖകളിലും അന്നേ ദിനം അംഗത്വ സ്വീകരണവും, സെന്റ് തോമസ് ഡേ ദിനാചരണവും, അസാധാരണ സമ്മേളനവും, പൊതു ദിവ്യകാരുണ്യ സ്വീകരണവും നടത്തുമല്ലോ.

**8. വി. അൽഫോൻസാമ്മയുടെ തിരുനാളും, വൈസ് ഡയറക്ടേഴ്സ് ദിനവും**

അതിരൂപതാതല വി. അൽഫോൻസാമ്മയുടെ തിരുനാളും, വൈസ് ഡയറക്ടേഴ്സ് ദിനവും മണിപ്പാറ ശാഖയിൽ വച്ച് നടത്തപ്പെടുന്നു. എല്ലാ ശാഖകളിലും അന്നേ ദിനം തിരുനാൾ ആഘോഷിക്കുവാനും, ശാഖാ - മേഖലാ വൈസ് ഡയറക്ടേഴ്സിനെ ആദരിക്കുവാനും ശ്രദ്ധിക്കുമല്ലോ. അതോടൊപ്പം

അന്നേദിനം അസാധാരണ സമ്മേളനവും, പൊതു ദിവ്യകാരുണ്യ സ്വീകരണവും നടത്തുമല്ലോ. അന്നേ ദിനം അതിരൂപതയുടെ നേതൃത്വത്തിൽ ശാഖാ - മേഖലാ വൈസ്ഡയറക്ടേഴ്സിന് ഓൺലൈൻ സംഗമം ഉണ്ടായിരിക്കും. അന്നത്തെ പ്രോഗ്രാമുകളെക്കുറിച്ച് പിന്നീട് നിങ്ങളെ അറിയിക്കുന്നതായിരിക്കും.

**9. വി. കൊച്ചുത്രേസ്യായയുടെ മാതാപിതാക്കളുടെ തിരുനാൾ, കുടുംബദിനാചരണം**

വി. കൊച്ചുത്രേസ്യായുടെ മാതാപിതാക്കളുടെ തിരുനാൾ ദിനം ജൂലൈ 12-ാം തീയതി ആണല്ലോ അന്നേദിനം മിഷൻലീഗ് അംഗങ്ങൾ കുടുംബദിനാചരണമായി ആചരിക്കുകയാണല്ലോ. അന്നേദിവസമോ തൊട്ടടുത്ത ഞായറാഴ്ചയോ ശാഖകളിലും, മേഖലകളിലും വി. കൊച്ചുത്രേസ്യായുടെ മാതാപിതാക്കളുടെ തിരുനാളും കുടുംബദിനാചരണം നടത്തുവാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യുമല്ലോ. അതിരൂപതാതല ആചരണം ജൂലൈ 21-ാം തീയതി എണ്ണപ്പാറ ശാഖയിൽ വച്ച് നടത്തുന്നതായിരിക്കും.

**10. അതിരൂപതാ മാനേജിംഗ് കമ്മറ്റി**

2024 ജൂലൈ 13 ശനിയാഴ്ച രാവിലെ 9.30 മുതൽ 1 മണിവരെ തളിപ്പറമ്പ് സെന്റ് മേരീസ് ദൈവാലയ ഓഡിറ്റോറിയത്തിൽ വച്ച് അതിരൂപതാ മാനേജിംഗ് കമ്മറ്റിയും ജൂനിയർ ഭാരവാഹികളുടെ തെരഞ്ഞെടുപ്പും നടത്തുന്നതാണ്. എല്ലാ മേഖലകളിലെയും ജൂനിയർ - സീനിയർ ഭാരവാഹികൾ മാനേജിംഗ് കമ്മറ്റിയിൽ പങ്കെടുക്കണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

**11. ബെസ്റ്റ് ശാഖാ - മേഖലാ തിരഞ്ഞെടുപ്പ്**

ബെസ്റ്റ് ശാഖാ - മേഖലാ നിർണ്ണയത്തിനായി അതിരൂപതാ ഭാരവാഹികൾ ജൂലൈ 10 നും 20 നും ഇടയിൽ തെരഞ്ഞെടുക്കപ്പെട്ട ശാഖകളും മേഖലകളും സന്ദർശിക്കുന്നതായിരിക്കും എന്ന കാര്യം സ്നേഹപൂർവ്വം ഓർമ്മപ്പെടുത്തുന്നു.

**12. നിയമാവലി ക്വിസ് മത്സരം**

എല്ലാ ശാഖാ - മേഖലാ വൈസ്ഡയറക്ടേഴ്സിനും ആഗസ്റ്റ് 15 ന് ഗൂഗിൾ ഫോമിൽ നിയമാവലി ക്വിസ് മത്സരം നടത്തപ്പെടുന്നതാണ്. കൂടുതൽ വിവരങ്ങൾ പിന്നീട് നിങ്ങളെ അറിയിക്കുന്നതാണ്. എല്ലാവരും നന്നായി പഠിച്ച് ക്വിസ് മത്സരത്തിൽ പങ്കെടുക്കണമെന്ന് സ്നേഹപൂർവ്വം ഓർമ്മപ്പെടുത്തുന്നു.

**13. ഹൃദ്യമായ സ്വാഗതം**

എടൂർ മേഖല ഡയറക്ടർ ഫാ. അബ്രാഹം കൊച്ചുപുരയ്ക്കൽ, മണിക്കടവ് മേഖല ഡയറക്ടർ ഫാ. മാത്യു കുന്നേൽ, ആലക്കോട് മേഖല ഡയറക്ടർ ഫാ. ജോസഫ് കുളത്തറ, കുന്നോത്ത് മേഖല ഡയറക്ടർ ഫാ.

ഐസക് മറ്റത്തിൽ, പേരാവൂർ മേഖല ഡയറക്ടർ ഫാ. തോമസ് പന്തലാനിക്കൽ, തളിപ്പറമ്പ് മേഖല ഡയറക്ടർ ഫാ. ജോസഫ് വയലുങ്കൽ, പനത്തടി മേഖല ഡയറക്ടർ ഫാ. ജോസഫ് ഐക്കരപ്പറമ്പിൽ, ചെമ്പേരി മേഖല ഡയറക്ടർ ഫാ. കുര്യാക്കോസ് പന്തല്ലൂർപ്പറമ്പിൽ, തോമാപുരം മേഖല ഡയറക്ടർ ജോസഫ് മടപ്പാംതോട്ടുക്കുന്നേൽ ചെമ്പന്തൊട്ടി മേഖല വൈസ് ഡയറക്ടർ സി. ഡിഗ്ന എഫ്.സി.സി, മാലോം മേഖല വൈസ് ഡയറക്ടർ സി. അലോൺസ് എസ്.എ.ബി.എസ്, പനത്തടി മേഖല വൈസ് ഡയറക്ടർ സി. ആൻസലിൻ എസ്.എ.ബി.എസ്, തോമാപുരം മേഖല വൈസ് ഡയറക്ടർ സി. ലിബിന എസ്.ഡി. എന്നിവർക്ക് അതിരൂപതാ കുടുംബത്തിലേക്ക് ഹൃദ്യമായ സ്വാഗതം.

**14. കാഞ്ഞങ്ങാട് റീജിയണൽ വൈസ് ഡയറക്ടേഴ്സിന്റെ ശ്രദ്ധയ്ക്ക്**

കാഞ്ഞങ്ങാട് റീജിയണിൽ ഉള്ളവർക്ക് അംഗത്വകാർഡ് സീൽ ചെയ്യാൻ സൗകര്യത്തിനായി ഓഗസ്റ്റ് 3 ന് രാവിലെ 10 മണി മുതൽ 2 മണിവരെ അതിരൂപതാ ടീം പടന്നക്കാട് പാസ്റ്ററൽ സെന്ററിൽ ഉണ്ടായിരിക്കും. ഓഫീസ് സംബന്ധമായി നിങ്ങൾക്കാവശ്യമുള്ള സാധനങ്ങൾ അന്ന് വാങ്ങാൻ സൗകര്യമുണ്ടായിരിക്കും.

**15. അതിരൂപതാതല ടെലികിസ് മത്സരം**

ലോഗോസ് പരീക്ഷക്ക് ഒരുങ്ങുവാനും, ദിവ്യകാരുണ്യ വർഷത്തിൽ വി. കുർബാനയെ കുറിച്ച് പഠിക്കുന്നതിനും, വി. കൊച്ചുത്രേസ്യായുടെ ജീവിതത്തെ കുറിച്ച് കൂടുതൽ അറിയുന്നതിനുമായി അതിരൂപതയുടെ നേതൃത്വത്തിൽ ഓഗസ്റ്റ് മാസം മുതൽ ടെലികിസ് മത്സരം നടത്തപ്പെടുന്നു. മത്സരത്തെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1) 5-ാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ്സ് വരെയുള്ള കുട്ടികളാണ് മത്സരത്തിൽ പങ്കെടുക്കേണ്ടത്.
2) ഒരു കുട്ടിയോട് ചോദിക്കുന്ന സമയം 3 മിനുട്ട് ആയിരിക്കും.
3) ഏറ്റവും കുടുതൽ ഉത്തരം പറയുന്ന കുട്ടിക്കായിരിക്കും സമ്മാനം ലഭിക്കുക.
4) റീജിയൺ തിരിച്ചായിരിക്കും മത്സരം നടത്തപ്പെടുക.
5) **പഠനഭാഗം :** ലോഗോസ് പഠനഭാഗം, നവമാലിക, കുർബാന പുസ്തകത്തിൽ നിന്നും വി.കുർബാനയെ സംബന്ധിക്കുന്ന ചോദ്യങ്ങൾ.
6) ഫോൺ വിളിക്കേണ്ട സമയം ഓരോ റീജിയണും തന്നിരിക്കുന്ന ദിവസം 5 മണി മുതൽ 6 മണി വരെ മാത്രം ആയിരിക്കും.

**16. അതിരൂപതാതല ലോഗോ മത്സരം**

അതിരൂപതാതലത്തിൽ ഈ വർഷത്തെ മിഷൻലീഗ് ആപ്തവാക്യത്തെ അടിസ്ഥാനമാക്കി ലോഗോമത്സരം നടത്തപ്പെടുന്നു. മത്സരത്തെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1) മത്സരത്തിൽ പ്രായപരിധിയില്ല. മിഷൻലീഗ് അംഗത്വകാർഡ് ഉള്ളവർക്ക് മത്സരിക്കാവുന്നതാണ്.
2) പ്രമേയം : **ദൈവകേന്ദ്രീകൃത കുടുംബം ദൈവവിളികളുടെ ഉറവിടവും ശക്തിയും** (മിഷൻലീഗിന്റെ ഈ വർഷത്തെ ആപ്തവാക്യമാണ്. ഈ വിഷയത്തെ അടിസ്ഥാനമാക്കിയാണ് ലോഗോ വരയ്ക്കേണ്ടത്).
3) തന്നിരിക്കുന്ന വിഷയം വ്യക്തമായും കൃത്യമായും പ്രകടമാക്കുന്നതായിരിക്കണം. ലോഗോ മറ്റൊന്നിന്റെ കോപ്പി ആകരുത്. പൂർണ്ണമായും സ്വന്തം ആശയവും നിർമ്മിതിയുമായിരിക്കണം.
4) മത്സരം രണ്ട് വിധത്തിലാണ് നടത്തുന്നത്. ഡിജിറ്റലായും, പൂർണ്ണമായും കൈകൊണ്ട് വരച്ചും. ഏതെങ്കിലും ഒന്നിൽമാത്രമേ പങ്കെടുക്കാവൂ.
5) ലോഗോയുടെ അർത്ഥതലം 5 വാക്യത്തിൽ കൂടാതെ വിവരിച്ചിരിക്കണം.
6) ഒരു ശാഖയിൽ നിന്നും രണ്ടുമത്സരത്തിലും ഓരോ എൻട്രികൾ വീതമാണ് രൂപതയ്ക്ക് നൽകേണ്ടത്.
7) ജൂലൈ 25 ന് മുമ്പ് PDF ഫോർമാറ്റായി ഇവിടെ തന്നിരിക്കുന്ന നമ്പറിൽ അയച്ചുതരിക. 9495097312
8) **ഡിജിറ്റൽ ലോഗോ നിർമ്മാണം :** (Canvas size : 1080px X 1080px, Resolution **:** 300PPI, Colur mode: CMYK)

- ലോഗോ സ്ക്വയർ ഷെയ്പ്പിനുള്ളിൽ വെള്ള ബാക്ക്ഗ്രൗണ്ടിലാണ് നിർമ്മിക്കേണ്ടത്. ലോഗോ നിർമ്മിക്കാൻ ഏത് മൊബൈൽ ആപ്പ് വേണമെങ്കിലും ഉപയോഗിക്കാവുന്നതാണ്. വാട്ടർമാർക്ക് ഇമേജുകൾ ഉപയോഗിക്കാൻ പാടില്ല.

9) **ലോഗോ പൂർണ്ണമായും കൈകൊണ്ട് വരയ്ക്കുന്നവർ ശ്രദ്ധിക്കേണ്ടത്:**

- ഒരു A4 ഷീറ്റിൽ 11 ഇഞ്ച് എന്ന അളവിനുള്ളിലായിരിക്കണം ലോഗോ വരയ്ക്കേണ്ടത്. വരകൾ, കളർ ഷെയ്ഡുകൾ, സിംബലുകൾ എന്നിവ ലോഗോയിൽ ഉൾപ്പെടുത്താം. സ്കെച്ച് പെൻ, കളർ പെൻസിലുകൾ, പേനകൾ എന്നിവ ഉപയോഗിക്കാം.

10) ലോഗോ മത്സരത്തിൽ പങ്കെടുക്കുന്നവർ പേര്, വീട്ടുപേര്, ഇടവക, മേഖല, ഫോൺനമ്പർ, അംഗത്വ നമ്പർ എന്നിവ കൃത്യമായി രേഖപ്പെടുത്തിയിരിക്കണം.

**17. ഹൃദ്യമായ നന്ദി :** കർമ്മനിരതമായ പ്രവർത്തന ശൈലിയിലൂടെ, ത്യാഗനിർഭരമായ സേവനത്തിലൂടെ ചെറുപുഷ്പ മിഷൻലീഗ് പ്രവർത്തനങ്ങൾക്ക് മേഖലയിൽ ശുശ്രൂഷചെയ്ത് സ്ഥലം മാറിപ്പോകുന്ന തോമാപുരം മേഖല ഡയറക്ടർ ഫാ. തോമസ് കീഴാരത്തിൽ അച്ചന് അതിരൂപതാ കുടുംബത്തിന്റെ ഹൃദ്യമായ നന്ദിയും ആശംസകളും...

## 18. പ്രവർത്തനവർഷ ഉദ്ഘാടനവും വൈസ് ഡയറക്ടേഴ്സ് മീറ്റിംഗും മാർഗ്ഗരേഖാ പ്രകാശനവും

ചെറുപുഷ്പ മിഷൻലീഗ് തലശ്ശേരി അതിരൂപത 2024-2025 പ്രവർത്തന വർഷ ഉദ്ഘാടനവും മാർഗ്ഗരേഖാ പ്രകാശനവും വൈസ്ഡയറക്ടേഴ്സ് മീറ്റിംഗും ജൂൺ 15-ാം തീയതി ശനിയാഴ്ച തളിപ്പറമ്പ് സെന്റ് മേരീസ് ദൈവാലയ ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. രാവിലെ 9.15 ന് വി. കുർബാനയ്ക്ക്ശേഷം അതിരൂപതാ പ്രസിഡന്റ് ശ്രീ. ഷിജോ സ്രായിലിന്റെ അധ്യക്ഷതയിൽ ചേർന്ന പൊതുസമ്മേളനം അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് ഉദ്ഘാടനം ചെയ്ത് മാർഗ്ഗരേഖാ പ്രകാശനം നടത്തി. വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി തിരുബാലസഖ്യം മാർഗ്ഗരേഖയുടെ പ്രകാശനകർമ്മം നിർവഹിച്ചു. അതിരൂപതയിലെ എല്ലാ ശാഖകളിലും വിഷമുക്ത പച്ചക്കറിത്തോട്ടം നിർമ്മിക്കുക എന്ന ലക്ഷ്യത്തോടെ നടത്തിയ പച്ചക്കറി വിത്ത് പാസ്റ്ററൽ കോഡിനേറ്റർ റവ. ഡോ. ഫിലിപ്പ് കവിയിൽ വിതരണം ചെയ്തു. അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് വടക്കേപ്പറമ്പിൽ മാർഗ്ഗരേഖാ വിശകലന ക്ലാസ്സിന് നേതൃത്വം നൽകി. തളിപ്പറമ്പ് ഫൊറോന വികാരി ഫാ. മാത്യു ആശാരിപ്പറമ്പിൽ, വെള്ളരിക്കുണ്ട് മേഖല പ്രസിഡന്റ് ശ്രീ. മനോജ് മുടവനാട്ട്, എടൂർ മേഖലാ വൈസ് ഡയറക്ടർ സി. സിൻസി സി.എം.സി. എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. ഈ വർഷത്തെ ആപ്ത വാക്യത്തെ അടിസ്ഥാനമാക്കി 7 മക്കളിൽ 5 മക്കളെ ദൈവ ശുശ്രൂഷയ്ക്ക് നല്കിയ പൈസക്കരി ശാഖയിലെ കളരിക്കൽ മത്തായി - ത്രേസ്യാമ്മ ദമ്പതികളെ ആദരിച്ചു. വിവിധ മത്സരങ്ങൾക്ക് സമ്മാനങ്ങൾ നല്കി. തളിപ്പറമ്പ് ശാഖയിലെ മൽഹ മെറിൻ പള്ളത്ത് സംഗീതം ആലപിച്ചു. അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് വടക്കേപ്പറമ്പിൽ സ്വാഗതവും അതിരൂപതാ ജനറൽ സെക്രട്ടറി ബിജു കൊച്ചുപൂവ്വക്കോട്ട് നന്ദിയും പറഞ്ഞു.

## 19. നമ്മുടെ അച്ചൻ, സ്നേഹമുള്ള സിസ്റ്റർ, മിഷൻഗ്രാമം

അതിരൂപതയിലെ ബഹു. വൈദികർക്കും സിസ്റ്റേഴ്സിനും അഗതിമന്ദിരത്തിനും മിഷൻഗ്രാമത്തിനും വേണ്ടി പ്രാർത്ഥിക്കാനുള്ള ലിസ്റ്റ് എല്ലാ ശാഖകൾക്കും മേഖലകൾക്കും ലഭിച്ചുകാണും എന്ന് കരുതുന്നു. അതിരൂപതയിലെ ബഹുമാനപ്പെട്ട വൈദികരെയും സിസ്റ്റേഴ്സിനെയും ഓർത്ത് പ്രാർത്ഥിക്കുവാനായി ഓരോ ശാഖയ്ക്കും നൽകിയിരിക്കുന്ന ബഹു. വൈദികരെയും സിസ്റ്റേഴ്സിനെയും ഫോണിൽ വിളിച്ചും കത്തുകളെഴുതിയും അവർക്കായി പ്രാർത്ഥിക്കുന്നുണ്ടെന്ന് അറിയിക്കുകയും ഫീസ്റ്റ് ഡേ, ബർത്ത് ഡേ, വിയാനി ഡേ, ഓർഡിനേഷൻ ഡേ തുടങ്ങിയ അവസരങ്ങളിൽ ആശംസകൾ അർപ്പിക്കുകയും ചെയ്യാൻ ബഹു. വൈസ് ഡയറക്ടേഴ്സ് കുട്ടികളെ ഓർമ്മിപ്പിക്കുമല്ലോ.

ശാഖകൾക്ക് പ്രാർത്ഥിക്കുവാൻ ലഭിച്ചിരിക്കുന്ന വൃദ്ധസദനങ്ങൾ, ഓർഫനേജുകൾ, മിഷൻഗ്രാമങ്ങൾ എന്നിവിടങ്ങൾ സന്ദർശിച്ച് അവർക്കുവേണ്ട സഹായങ്ങൾ ചെയ്യുവാനും ശ്രദ്ധിക്കണേ. മിഷൻ ഗ്രാമങ്ങളുബന്ധപ്പെട്ട് അവരുമായി സൗഹൃദം നിലനിർത്തുവാൻ പരിശ്രമിക്കുകയും വേണം. ഏതെങ്കിലും ശാഖകൾക്ക് മിഷൻഗ്രാമങ്ങൾ ലഭിച്ചിട്ടില്ലെങ്കിൽ അതിരൂപതാ ഓഫീസിൽ അറിയിക്കുമല്ലോ.

**20. അഭിനന്ദനങ്ങൾ :** വിശ്വാസപരിശീലനത്തിൽ 12-ാം ക്ലാസ്സിൽ ഏറ്റവും കൂടുതൽ മാർക്ക് ലഭിക്കുന്ന കുട്ടികൾക്ക് ചെറുപുഷ്പ മിഷൻലീഗ് നൽകി വരുന്ന മാർ സെബാസ്റ്റ്യൻ വള്ളോപ്പള്ളി പൗരോഹിത്യ സുവർണ്ണജൂബിലി മെമ്മോറിയൽ അവാർഡ് കരസ്ഥമാക്കിയ പരപ്പ ശാഖയിലെ റോസ്‌ലിറ്റ് ജെയിംസ് വാലുമ്മേൽ അതോടൊപ്പം എം.റ്റി.സി. ഉണർവ്വ് ക്യാമ്പിൽ പങ്കെടുക്കുന്ന കുട്ടികളിൽ നിന്ന് 10, 12 ക്ലാസ്സുകളിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ്സ് വാങ്ങുന്ന കുട്ടികൾക്ക് നൽകുന്ന പോണാട്ട് ജോസഫ് - ഏലിക്കുട്ടി മെമ്മോറിയൽ എക്സലന്റ് അവാർഡ് കരസ്ഥമാക്കിയ കൊച്ചുകൂട്ടുകാർക്കും അതിരൂപതാ കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

**21. സെമിനാറുകൾ, ക്ലാസ്സുകൾ**

01.06.2024 ന് തയ്യേനി ശാഖയിലെ കുട്ടികൾക്ക് ശ്രീ. ഷിജോ സ്രായിൽ ക്ലാസ്സ് എടുത്തു.

**22. ആദരാഞ്ജലികൾ**

ഒളിമങ്ങാത്ത സ്നേഹവായ്പ്പോടെ ഈ ഭൂമിയിൽ തന്നെ ദൈവം ഭരമേൽപ്പിച്ചിരുന്ന എല്ലാ ഉത്തരവാദിത്വങ്ങളും അതിന്റെ പൂർണ്ണതയിൽ പൂർത്തിയാക്കി നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട ബഹു. ജോസഫ് കൊടകനാടി അച്ചന്റെ ആത്മശാന്തിക്കായി അതിരൂപതാ കുടുംബത്തിന്റെ പ്രാർത്ഥനകളും ആദരാഞ്ജലികളും.

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
*ഡയറക്ടർ*

## തിരുബാലസഖ്യം

സ്നേഹ ബഹുമാനപ്പെട്ട അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

വിശ്വാസത്തിന്റെ ദീപശിഖ തെളിയിച്ചുതന്ന ഭാരതത്തിന്റെ അപ്പസ്തോലനായ വി. തോമാശ്ലീഹായുടെയും സഹനത്തെ സ്നേഹിച്ച് ജീവിച്ച ഭാരതത്തിന്റെ പ്രഥമ വിശുദ്ധയായ വി. അൽഫോൻസാമ്മയുടെയും തിരുനാൾ ഈ മാസം നാം ആഘോഷിക്കുമ്പോൾ ഈ വിശുദ്ധരുടെ ജീവിത മാതൃക നമുക്കെന്നും പ്രചോദനമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നതോടൊപ്പം ഈ വർഷം തിരുബാലസഖ്യം സംഘടനയിൽ അംഗങ്ങളായി കടന്നുവന്നിരിക്കുന്ന എല്ലാ കൊച്ചുകൂട്ടുകാർക്കും തിരുബാലസഖ്യം പ്രവർത്തനം വഴി ധാരാളം ദൈവാനുഗ്രഹങ്ങൾ ലഭിക്കട്ടെയെന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

| |
|---|
| അനുസ്മരിക്കുന്ന തിരുനാൾ : ദുക്റാനത്തിരുനാൾ |
| അനുസ്മരിക്കുന്ന വിശുദ്ധർ : വി. തോമാശ്ലീഹ, വി. അൽഫോൻസാമ്മ, വി. മരിയഗൊരേത്തി |
| പ്രാർത്ഥനാനിയോഗം : രോഗികൾക്കുവേണ്ടി |
| സുകൃതംജപം : എന്റെ കർത്താവേ, എന്റെ ദൈവമേ |
| വചനം : വഴിയും സത്യവും ജീവനും ഞാനാകുന്നു. (വി. യോഹ14 :6) |
| പ്രവൃത്തി : വി. തോമാശ്ലീഹാ, വി. അൽഫോൻസാമ്മ, വി. മരിയ ഗൊരേത്തി എന്നിവരുടെ ജീവചരിത്രം മാതാപിതാക്കളുടെ സഹായത്തോടെ പഠിക്കുന്നു. |
| മന:പാഠമാക്കുക : അഞ്ച് സുകൃതജപം അധ്യാപകരുടെ സഹായത്തോടെ പഠിക്കുക. |
| എയ്ഞ്ചൽസ് വോയ്സ് : പ്രസംഗമത്സരം (അതിരൂപതാതലം) |

**1. ശാഖകൾ ശ്രദ്ധിക്കാൻ**

1 തിങ്കൾ : 7 Month Challenge
ഡോക്ടേഴ്സ് ഡേ

3 ബുധൻ : ദുക്റാനത്തിരുനാൾ, ബാഡ്ജ് ധരിച്ച് ദിവ്യബലിയിൽ പങ്കെടുക്കുക. പൊതു മീറ്റിംഗ് കൂടുക.

6 ശനി : വി. മരിയാഗൊരേത്തിയുടെ തിരുനാൾ

14 ഞായർ : അംഗത്വ സ്വീകരണം.
16 ചൊവ്വ : കർമ്മല മാതാവിന്റെ തിരുനാൾ
28 ഞായർ : വി. അൽഫോൻസാമ്മയുടെ തിരുനാൾ.

**2. ഈശോയെപ്പോലെ വളരാം .... വലുതാകാം...**

ഈശോയെപ്പോലെ വളരാം... വലുതാകാം എന്ന വർക്ക് ബുക്ക് എല്ലാ കൂട്ടുകാരുടെയും കൈകളിൽ എത്തിക്കാണുമല്ലോ. ഇനിയും കിട്ടാത്തവർക്ക് എത്രയും വേഗം എത്തിച്ചുകൊടുക്കുവാൻ ബഹു. ഡയറക്ടർ അച്ചൻമാരും ആനിമെറ്റേഴ്സും സൺഡേസ്കൂൾ ഹെഡ്മാസ്റ്റേഴ്സും ശ്രദ്ധിക്കുമല്ലോ. അടുത്ത മാസം മുതൽ (ഓഗസ്റ്റ്) ആണ് ഒന്നാം അധ്യായത്തിൽ കൊടുത്തിരിക്കുന്ന നിറംകൊടുക്കാമോ? നിങ്ങൾക്കറിയാമോ? എന്നിവ കളർ ചെയ്ത് പൂർത്തിയാക്കി അതിരൂപതയിലേക്ക് അയച്ചുതരേണ്ടത് എന്ന കാര്യം സ്നേഹപൂർവ്വം ഓർമ്മപ്പെടുത്തുന്നു.

**3. അതിരൂപതാതല പ്രസംഗ മത്സരം**

വി. തോമാശ്ലീഹായുടെയും വി. അൽഫോൻസാമ്മയുടെയും തിരുനാളിനോടനുബന്ധിച്ച് തിരുബാലസഖ്യം കുട്ടികൾക്കായി പ്രസംഗമത്സരം നടത്തുന്നു. ശാഖയിൽ ജൂലൈ മാസം മത്സരം നടത്തി ഒന്നാം സ്ഥാനം കിട്ടുന്ന ആൺകുട്ടിയുടെയും, പെൺകുട്ടിയുടെയും പ്രസംഗം വീഡിയോ ആയി അതിരൂപതാ ഓഫീസിൽ കിട്ടത്തക്കവിധം മെയിൽ ചെയ്യേണ്ടതാണ്. പ്രസംഗം പറയുന്ന കുട്ടിയുടെ പേര്, വീട്ടുപേര്, ഇടവക എന്നിവ കൃത്യമായി രേഖപ്പെടുത്തിയിരിക്കണം. പ്രസംഗം പറയേണ്ട സമയം 4 മിനിറ്റ്. പ്രസംഗം പറയുന്ന വീഡിയോ എടുത്ത് holychildhoodtly01@gmail.com എന്ന Email അക്കൗണ്ടിലേക്ക് അയക്കുക. അയക്കേണ്ട അവസാന ദിവസം ഓഗസ്റ്റ് 5. ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ ലഭിക്കുന്നവർക്ക് സമ്മാനം നൽകുന്നതാണ്. ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കും വ്യത്യസ്ത വിഷയമാണ് എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**വിഷയം :** വി. തോമാശ്ലീഹാ പകർന്ന് തന്ന വിശ്വാസത്തിന്റെ മഹത്വം (പെൺകുട്ടികൾക്ക്)

വി. അൽഫോൻസാമ്മയും രക്ഷാകരമായ സഹനവും. (ആൺകുട്ടികൾക്ക്)

**4. അംഗത്വസ്വീകരണം :** ജൂലൈ 16 നോ തൊട്ടടുത്ത ഞായറാഴ്ചയോ ഈ വർഷത്തെ അംഗത്വ സ്വീകരണം നടത്തി ജൂലൈ 31 നുള്ളിൽ കഴിഞ്ഞവർഷത്തേതിന്റെ തുടർച്ചയായ നമ്പറിട്ട് അംഗത്വ ലിസ്റ്റ് ഓഫീസിൽ എത്തിക്കുമല്ലോ. അംഗത്വ കാർഡിനോടൊപ്പം അതിരൂപതയിൽ നിന്ന് തന്ന അംഗത്വ ഫോമിൽ കുട്ടികളുടെ പേര്, വീട്ടുപേര്, ജനനത്തീയതി, പിതാവിന്റെ പേര്, കുട്ടിയെ വിളിക്കുന്നപേര്. അംഗത്വം സ്വീകരിച്ച തീയതി എന്നിവ കൃത്യമായി എഴുതികൊണ്ടുവരാൻ ശ്രദ്ധിക്കുമല്ലോ.

ഉണ്ണീശോ എല്ലാവരെയും അനുഗ്രഹിക്കട്ടെ...

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
*ഡയറക്ടർ*

# യൂത്ത് അപ്പൊസ്റ്റോലേറ്റ്

"യുവജനങ്ങളെ നിങ്ങൾ ശക്തരാണ്. ദൈവത്തിന്റെ വചനം നിങ്ങളിൽ വസിക്കുന്നു. നിങ്ങൾ ദുഷ്ടനെ ജയിക്കുകയും ചെയ്തിരിക്കുന്നു." (1 യോഹ 2.4)

സ്നേഹമുള്ള ഡയറക്ടറച്ചന്മാരെ, ആനിമേറ്റേഴ്സ്, യുവജന സുഹൃത്തുക്കളെ,

ജൂൺ 23 ന് തോമസ് മൂർ അനുസ്മരണത്തോടെ ഈ വർഷത്തെ കെസിവൈഎം പ്രവർത്തനങ്ങൾ ഇടവകകളിൽ ആരംഭിച്ചുവെന്ന് കരുതുന്നു. യുവജന ശുശ്രൂഷകളിൽ എല്ലാ അച്ചന്മാരുടെയും സിസ്റ്റേഴ്സിന്റെയും സഹകരണം പ്രതീക്ഷിക്കുന്നു. കാലത്തിനനുസരിച്ച് വിശ്വാസമുള്ള, മൂല്യമുള്ള ഒരു യുവതലമുറയെ രൂപപ്പെടുത്താൻ നമുക്കൊരുമിച്ച് പരിശ്രമിക്കാം. നമ്മുടെ ചെറിയ പ്രോത്സാഹനങ്ങൾ നാളെയുടെ നല്ല നേതാക്കളെയും വിശ്വാസികളെയും രൂപപ്പെടുത്താൻ ഇടയാകട്ടെ. കെസിവൈഎം പ്രവർത്തനങ്ങളിൽ എല്ലാ മാർഗ്ഗനിർദ്ദേശങ്ങളും പ്രതീക്ഷിക്കുന്നു.

### തോമസ് മൂർ ദിനാചരണം

ജൂലൈ 7 ഞായറാഴ്ച്ച അതിരൂപതാതല തോമസ് മൂർ ദിനാചരണം മാലോം ഫൊറോനയുടെ ആഭിമുഖ്യത്തിൽ നടത്തുന്നു.

### പ്രകൃതി സഹവാസ ക്യാമ്പ്

ജൂലൈ 12,13,14 തീയതികളിൽ എടൂർ ഫൊറോനയുടെ ആതിഥേയത്വത്തിൽ നടത്തപ്പെടുന്നു. ഒരു ഫൊറോനയിൽ നിന്നും 4 പേരെ പങ്കെടുപ്പിക്കുവാൻ ശ്രദ്ധിക്കുമല്ലോ

### ഹൃദ്യമായ നന്ദി...

കഴിഞ്ഞ നാലു വർഷങ്ങൾ തലശ്ശേരി അതിരൂപതയിലെ യുവജനങ്ങൾക്ക് പ്രചോദനവും പ്രോത്സാഹനവും മാർഗ്ഗനിർദ്ദേശവുമായി കൂടെ ഉണ്ടായിരുന്ന ബഹു. തോമസ് വാളിപ്ലാക്കൽ അച്ചന് ഹൃദയപൂർവ്വം നന്ദി. ധാരാളം മികവുറ്റ പ്രവർത്തനങ്ങൾ, അച്ചന്റെ നേതൃത്വത്തിൽ നടത്തുകയുണ്ടായി. പ്രിയപ്പെട്ട അച്ചാ, യുവജനങ്ങൾക്ക് നൽകിയ സൗഹൃദത്തിന്, പകുത്തു നൽകിയ സമയത്തിന്, പ്രചോദനമേകിയ പ്രവർത്തനങ്ങൾക്ക്, ക്രിയാത്മകമായ ഇടപെടലുകൾക്ക് തലശ്ശേരി യുവജന

കുടുംബത്തിന്റെ നന്ദി. അച്ചനിൽ നിക്ഷിപ്തമായ പുതിയ ഉത്തരവാദിത്വം പൂർണ്ണതയിൽ ചെയ്യാൻ അച്ചന് ദൈവാനുഗ്രഹങ്ങൾ ആശംസിക്കുന്നു.

### ക്രിക്കറ്റ് ടൂർണമെന്റ്

ആർച്ചുബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റ പൗരോഹിത്യ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് സംഘടിപ്പിച്ച ക്രിക്കറ്റ് ടൂർണമെന്റിന്റെ സീസൺ 3 മേരിഗിരി ഫൊറോനയുടെ ആതിഥേയത്വത്തിൽ പെരുമ്പടവ് വച്ച് നടത്തപ്പെട്ടു. **ചെറുപുഴ** ഫൊറോന ചാമ്പ്യന്മാരായി. **പേരാവൂർ** ഫൊറോന **പൈസക്കരി** ഫൊറോന യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. വിജയികൾക്ക് അഭിനന്ദനങ്ങൾ. മേരിഗിരി ഫൊറോന പ്രസിഡന്റ് ആൽബിൻ ചിറയിലിനും ഡയറക്ടർ ഫാ. അനിൽ മാങ്ങാട്ടിനും OFM Cap. സഹകരിച്ച എല്ലാ യുവജനങ്ങൾക്കും ഒത്തിരി നന്ദി.

### നേഴ്സസ് ഡേ

തലശ്ശേരി അതിരൂപത കെസിവൈഎം-ന്റെ നേഴ്സസ് ഡേ ദിനാഘോഷം പേരാവൂർ ഫൊറോനയുടെ ആതിഥേയത്വത്തിൽ തൊക്കിലങ്ങാടി ക്രിസ്തുരാജ ഹോസ്പിറ്റലിൽ വെച്ച് നടത്തപ്പെട്ടു. കൂത്തുപറമ്പ് ജില്ലാ പഞ്ചായത്ത് മെമ്പർ ജൂബിലി ചാക്കോ ഉദ്ഘാടനകർമ്മം നിർവഹിച്ചു. ക്രിസ്തുരാജ ഹോസ്പിറ്റൽ അഡ്മിനിസ്ട്രേറ്റർ സി. സിൻസി എസ്.എച്ച്, അതിരൂപത പ്രസിഡന്റ് അഖിൽ സി.ജെ., അതിരൂപത ഡയറക്ടർ ഫാ. മാത്യു മുക്കുഴി പേരാവൂർ ഫൊറോന പ്രസിഡന്റ് ജിബിൻ ജയ്സൺ, ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ഇടയാടിയിൽ, രൂപത, ഫൊറോന ഭാരവാഹികൾ എന്നിവർ പങ്കെടുത്തു.

### വനിതാക്യാമ്പ്

കെസിവൈഎം എസ്എംവൈഎം തലശ്ശേരി അതിരൂപതയുടെ വനിതാവിഭാഗമായ **VOW**-ന്റെ ആഭിമുഖ്യത്തിൽ നെല്ലിക്കാംപൊയിൽ ഫൊറോനയുടെ ആതിഥേയത്വത്തിൽ വനിതാക്യാമ്പ് ജൂൺ 7,8,9 തീയതികളിൽ നടത്തപ്പെട്ടു. ജില്ലാ പഞ്ചായത്ത് മെമ്പർ ശ്രീമതി ലിസി ജോസഫ് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. നാല്പതോളം പെൺകുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു. അഡ്വ. സി. ജോസിയ SD ആണ് ക്ലാസ്സെടുത്തത്. നെല്ലിക്കാംപൊയിൽ ഫൊറോന പ്രസിഡന്റ് അഖിലക്കും ഡയറക്ടർ ഫാ. ജോസഫ് കോയിപ്പുറത്തിനും സഹകരിച്ച എല്ലാ യുവജനങ്ങൾക്കും ഒത്തിരി നന്ദി.

### പരിസ്ഥിതി ദിനാചരണം

അതിരൂപത കെസിവൈഎം-ന്റെ നേതൃത്വത്തിൽ പരിസ്ഥിതി ദിനാചരണം കാഞ്ഞങ്ങാട് ഫൊറോനയുടെ ആതിഥേയത്വത്തിൽ പടന്നക്കാട് വെച്ച് നടത്തി. അതിരൂപത വികാരി ജനറാൾ മോൺ. മാത്യു ഇളംതുരുത്തിപ്പടവിൽ വൃക്ഷത്തൈ നട്ടുകൊണ്ട് ഉദ്ഘാടനകർമ്മം നിർവഹിച്ചു. നേതൃത്വം

കൊടുത്ത കാഞ്ഞങ്ങാട് ഫൊറോന പ്രസിഡന്റ് അൻസൽ പുളിക്കൽ, ഡയറക്ടർ ഫാ. ജോർജ് തെങ്ങുംപള്ളിൽ, ഫൊറോനയിലെ യുവജനങ്ങൾക്കും നന്ദി.

**EXCELLA 2K24**

കെസിവൈഎം, എസ്എംവൈഎം തലശ്ശേരി അതിരൂപതയുടെ ആഭിമുഖ്യത്തിൽ കാഞ്ഞങ്ങാട് ഫൊറോനയുടെ ആതിഥേയത്വത്തിൽ യൂണിവേഴ്സിറ്റി പരീക്ഷകളിൽ റാങ്ക് നേടിയവരെ ആദരിച്ചു. പടന്നക്കാട് പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ച പരിപാടിയുടെ ഉദ്ഘാടനം ഡോ. എ.എം ശ്രീധരൻ നിർവഹിച്ചു. കാഞ്ഞങ്ങാട് ഫൊറോന പ്രസിഡന്റ് അൻസൽ പുളിക്കലിനും, ഡയറക്ടർ ഫാ. ജോർജ് തെങ്ങുംപള്ളിയ്ക്കും സഹകരിച്ച എല്ലാ യുവജനങ്ങൾക്കും ഒത്തിരി നന്ദി.

**ഹൃദയപൂർവ്വം നന്ദി....**

കത്തോലിക്കാ യുവജനപ്രസ്ഥാനത്തിന് ഊർജ്ജവും ആത്മീയ ഉണർവ്വും നല്കി ഫൊറോന ഡയറക്ടേഴ്സായി സേവനമനുഷ്ഠിച്ച് പുതിയ സ്ഥലങ്ങളിലേക്ക് യാത്രയായ ഫാ. മാത്യു മുക്കുഴി (വെള്ളരിക്കുണ്ട്), ഫാ. ജോസഫ് മടപ്പാംതോട്ടുകുന്നേൽ (എടൂർ), ഫാ. തോമസ് പന്തലാനിക്കൽ (കുന്നോത്ത്), ഫാ. വർഗ്ഗീസ് വെട്ടിയാനിക്കൽ (ചെറുപുഴ), ഫാ. ജോസഫ് കൊട്ടാരത്തിൽ (പനത്തടി), ഫാ. ജോർജ് പുഞ്ചത്തറപ്പേൽ (ആലക്കോട്), ഫാ. സെബാസ്റ്റ്യൻ വെമ്മേനിക്കട്ടയിൽ (കാഞ്ഞങ്ങാട്), ഫാ. ജോർജ് ചാലിൽ CST (ചെമ്പത്തൊട്ടി) ഫാ. ജോസഫ് ചെരിയംകുന്നേൽ (പൈസക്കരി) എന്നിവർക്ക് അതിരൂപത യുവജന കുടുംബത്തിന്റെ നന്ദി. പുതിയ സ്ഥലത്ത് എല്ലാവിധ നന്മകളും നേരുന്നു.

**പുതിയ ഡയറക്ടർ അച്ചന്മാർക്ക് സ്വാഗതം**

വിവിധ ഫൊറോനകളിൽ പുതിയ ഡയറക്ടർമാരായി ചാർജെടുത്ത അച്ചന്മാർക്ക് യുവജന കുടുംബത്തിലേയ്ക്ക് ഹൃദ്യമായ സ്വാഗതം. ഫാ. സ്കറിയ ചിരണയ്ക്കൽ (വെള്ളരിക്കുണ്ട്), ഫാ. പോൾ കണ്ടത്തിൽ (എടൂർ), ഫാ. ജോൺ പോൾ പൂവത്താനിക്കൽ (കുന്നോത്ത്), ഫാ. ആന്റണി മറ്റക്കോട്ടിൽ (ചെറുപുഴ), ഫാ. ജൂഡ് കടക്കുഴിയിൽ (പനത്തടി), ഫാ. മാത്യു പരിയാനിക്കൽ (ആലക്കോട്), ഫാ. ജോർജ് തെങ്ങുംപള്ളിൽ (കാഞ്ഞയങ്ങാട്), ഫാ. വർഗ്ഗീസ് വെട്ടിയാനിക്കൽ (വായാട്ടുപറമ്പ), ഫാ. വർഗ്ഗീസ് കുന്നത്ത് (പൈസക്കരി), ഫാ. സിറിയക് എടത്തിനാൽ CST (ചെമ്പന്തൊട്ടി).

**YOUCAT - പഠന പരമ്പര**

യുവജന മതബോധന ഗ്രന്ഥത്തിന്റെ പഠന പരമ്പരയിൽ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിനോടൊപ്പം രൂപതാ ഭാരവാഹികളും കാസർഗോഡ് ഫൊറോനയിലെ യുവജനങ്ങളും പങ്കെടുത്തു. കാസർഗോഡ്

ഫൊറോന ഡയറക്ടർ ഫാ. ഷിൻസ് കുടിലിനും വൈസ് ഡയറക്ടർ സി. ഷാലിൻ എസ്എബിഎസിനും നന്ദി.

## നൈറ്റ് വിജിൽ

പൈസക്കരി ഫൊറോനയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന HESED നൈറ്റ്വിജിൽ പയ്യാവൂർ വച്ച് നടത്തി.

## യുവജന സംഗമം

മണിക്കടവ് ഫൊറോനയുടെ യുവജന സംഗമം ലിഫ്റ്റ് **2K24** മണിപ്പാറയിൽ വച്ച് നടത്തി.

## ഇലക്ഷൻ വിജ്ഞാപനം

കെസിവൈഎം യുവജന പ്രസ്ഥാനത്തെ 2024-25 വർഷത്തിൽ ക്രിസ്തീയ വിശ്വാസത്തിൽ അടിയുറച്ചു നിന്നുകൊണ്ട് നയിക്കുവാൻ പ്രാപ്തരായ പുതിയ നേതൃത്വനിരയെ യുണിറ്റുതലത്തിൽ ജൂൺ 23 മുതൽ ജൂലൈ 28 വരെയും ഫൊറോന തലത്തിൽ ഓഗസ്റ്റ് 18 ന് മുൻപും തിരഞ്ഞെടുക്കേതാണ്. ഫൊറോനയിൽ തിരഞ്ഞെടുക്കുന്ന ഭാരവാഹികളുടെ ലിസ്റ്റ് ഓഗസ്റ്റ് 25-ാം തീയതിക്കുള്ളിൽ അതിരൂപതയിൽ നിന്നു നൽകുന്ന ഫോമിൽ ഡയറക്ടറുടെ സാക്ഷ്യപത്രത്തോടെ തലശ്ശേരി കെസിവൈഎം ഓഫീസിൽ എത്തിക്കേണ്ടതാണ്.

ഓഗസ്റ്റ് 10 ന് മുൻപ് യൂണിറ്റുകളുടെ അഫിലിയേഷൻ പൂർത്തിയാക്കണം. അതിരൂപതാ ഓഫീസിൽ നൽകിയിരിക്കുന്ന അഫിലിയേഷൻ ലിസ്റ്റിൽ പേര് ഉള്ളവർക്ക് മാത്രമെ ഇലക്ഷനിലും മൽസരങ്ങളിലും പങ്കെടുക്കാൻ സാധിക്കുകയുള്ളു. I D Card നിർബന്ധമായിരിക്കും. തിരഞ്ഞെടുക്കപ്പെടുന്ന ഭാരവാഹികൾക്ക് ഐ ഡി കാർഡ് ആഗസ്റ്റ് 10-ാം തീയതി വരെ അതിരൂപതാ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. ഇടവകാ തലത്തിൽ ഡയറക്ടറും, സിസ്റ്റർ ആനിമേറ്ററും, അൽമായ ആനിമേറ്ററും കൂടാതെ 18 നും 35 നും ഇടയിൽ പ്രായമുള്ള 9 പേരെയാണ് തെരഞ്ഞെടുക്കേണ്ടത്. ആഗസ്റ്റ് 25 ന് ശേഷം വരുന്ന ഭാരവാഹികളുടെ ലിസ്റ്റിലുള്ളവരെ അതിരൂപതാ സെനറ്റിൽ പങ്കെടുപ്പിക്കാൻ സാധിക്കില്ല.

## യൂണിറ്റ് എക്സിക്യൂട്ടീവ് അംഗങ്ങൾ

ഡയറക്ടർ, ആനിമേറ്റർ, അൽമായ ആനിമേറ്റർ, പ്രസിഡന്റ്, വൈസ് പ്രസിഡന്റുമാർ (പുരുഷൻ +വനിത) ജനറൽ സെക്രട്ടറി, രണ്ട് സെക്രട്ടറിമാർ (പുരുഷൻ + വനിത), ട്രഷറർ, കൗൺസിലേഴ്സ് (പുരുഷൻ + വനിത) എന്നിവർ അടങ്ങുന്ന 12 പേരാണ് ഇടവകാ സമിതി. ഇത് യൂണിറ്റ് സമിതി എന്നറിയപ്പെടും. യുവതീ യുവാക്കന്മാർക്ക് ഏത് ഭാരവാഹിത്വത്തിലേക്കും തിരഞ്ഞെടുക്കപ്പെടാവുന്നതാണ്. എന്നാൽ 3 പേരെങ്കിലും ഇരുകൂട്ടരുടെയും ഭാഗത്തു

നിന്ന് പ്രതിനിധികളായിട്ടു തിരഞ്ഞെടുപ്പ് റിട്ടേണിംഗ് ഓഫീസർ ഉറപ്പുവരുത്തേണ്ടതാണ്. ഫൊറോന തലത്തിൽ ഡയറക്ടറും ആനിമേറ്റേഴ്സും ഉൾപ്പെടെ 12 അംഗങ്ങളായിരിക്കും ഫൊറോന എക്സിക്യൂട്ടീവിൽ ഉണ്ടായിരിക്കുക.

**ഫൊറോന എക്സിക്യൂട്ടീവ് അംഗങ്ങൾ**

ഡയറക്ടർ, ആനിമേറ്റർ, അൽമായ ആനിമേറ്റർ, പ്രസിഡന്റ്, വൈസ് പ്രസിഡന്റുമാർ (പുരുഷൻ + വനിത) ജനറൽ സെക്രട്ടറി, രണ്ട് സെക്രട്ടറിമാർ (പുരുഷൻ + വനിത), ട്രഷറർ, കൗൺസിലേഴ്സ് (പുരുഷൻ + വനിത) എന്നിവരായിരിക്കും ഫൊറോന ഭാരവാഹികൾ. സമിതിയിൽ 3 പേർ നിർബന്ധമായും യുവതികളായിരിക്കണം.

**തിരഞ്ഞെടുപ്പു സംബന്ധമായ ചില നിർദ്ദേശങ്ങൾ**

1. യൂണിറ്റ് ഫൊറോന തലങ്ങളിൽ കൗൺസിലർമാരായി തെരഞ്ഞെടുക്കപ്പെടുന്നവർ മുൻകാല കെസിവൈഎം പ്രവർത്തന പരിചയം ഉള്ളവർ ആയിരിക്കണം.
2. അതാതു വർഷം യൂണിറ്റിൽ ഭാരവാഹികളായി തിരഞ്ഞെടുക്കപ്പെടുന്നവർക്ക് മാത്രമെ ഫൊറോന ഭാരവാഹികളായി തിരഞ്ഞെടുക്കപ്പെടാൻ അവകാശമുള്ളു.
3. ഫൊറോന തലത്തിൽ അതാതു വർഷം തിരഞ്ഞെടുക്കപ്പെട്ടവർക്കു മാത്രമെ രൂപതാ തലത്തിൽ മത്സരിക്കാൻ അവകാശമുള്ളു.
4. നിലവിലുള്ള ഭാരവാഹികൾക്ക് അടുത്ത തിരഞ്ഞെടുപ്പു കഴിഞ്ഞ് പുതിയ ഭാരവാഹികൾ സ്ഥാനം എൽക്കുന്നതുവരെ തൽസ്ഥാനങ്ങളിൽ തുടരാവുന്നതാണ്.
5. അതിരൂപത ഭാരവാഹിത്വത്തിലേക്ക് മത്സരിക്കുന്നവർ അതാതു വർഷത്തെ തിരഞ്ഞെടുക്കപ്പെട്ട സെനറ്റ് അംഗങ്ങളായിരിക്കണം. (അതിരൂപതാ സിൻഡിക്കേറ്റ്, ഫൊറോന എക്സിക്യൂട്ടീവ് അംഗങ്ങൾ, അതിരൂപതാ ഭാരവാഹികളായ പ്രസിഡന്റ്, വൈസ് പ്രസിഡന്റുമാർ, ജനറൽ സെക്രട്ടറി, സെക്രട്ടറിമാർ, ട്രഷർ, കൗൺസിലർമാർ എന്നിവർ അടങ്ങുന്നതാണ് അതിരൂപതാ സെനറ്റ്)
6. അതിരൂപത ഭാരവാഹികളായി മത്സരിക്കുന്നവർക്ക് 2 രൂപത സെനറ്റിൽ പങ്കെടുത്ത പരിചയം ഉണ്ടായിരിക്കണം.
7. ഫൊറോനയിൽ നിന്നും വരുന്ന കൗൺസിലർമാർ ഉൾപ്പെടെയുള്ള 9 ഫൊറോന ഭാരവാഹികൾക്കും അതിരൂപതാ ഇലക്ഷൻ മാനദണ്ഡങ്ങൾ അനുസരിച്ച് മത്സരിക്കാവുന്നതാണ്.
8. കൗൺസിലർമാരിൽ ഒരാൾ യുവതിയും ഒരാൾ യുവാവും ആയിരിക്കണം. ഇവർക്ക് പതിനെട്ടിനും മുപ്പതിനും ഇടയിൽ വയസ്സ് ഉള്ളവരായിരിക്കണം.

9. അതിരൂപതയിൽ നിന്നുള്ള സംസ്ഥാന അംഗം, സംസ്ഥാന ഭാരവാഹി യായി തിരഞ്ഞെടുക്കപ്പെടുകയാണെങ്കിൽ സംസ്ഥാന ഭാരവാഹിത്വ കാലാ വധി തീരുമ്പോൾ അതിരൂപതാ ഭാരവാഹിത്വം നഷ്ടപ്പെടുന്നതായിരിക്കും.
10. തുടർച്ചയായി രണ്ടു പ്രാവശ്യം അതിരൂപത ഭാരവാഹിയായി തുടർന്ന് ഒരാൾക്ക് ഒരു വർഷത്തെ ഇടവേളയ്ക്കുശേഷമേ വീണ്ടും മത്സരിക്കാൻ അവകാശമുള്ളു.
11. അഫിലിയേഷൻ, മറ്റു കുടിശികകൾ എന്നിവ അടച്ചു തീർക്കുന്ന ഇടവ കകളിൽ നിന്നുള്ള യുവജനങ്ങൾക്ക് മാത്രമെ ഇലക്ഷനിൽ മത്സരിക്കാൻ അവകാശം ഉണ്ടായിരിക്കുകയുള്ളു.
12. സംഘടനയുടെ ഏതെങ്കിലും തലത്തിൽ ഭാരവാഹി/ അംഗം ശിക്ഷണ നടപടിക്ക് വിധേയമായാൽ അയാൾക്ക് 3 വർഷത്തേക്ക് യൂണിറ്റ്, ഫൊറോന, അതിരൂപതാ തലത്തിൽ ഭാരവാഹിയായിരിക്കാൻ യോഗ്യത ഉണ്ടായിരിക്കുന്നതല്ല.
13. അതിരൂപതാ ഭാരവാഹികളായി ഒന്നിലധികം പേർ ഒരു ഫൊറോനയിൽ നിന്നും തിരഞ്ഞെടുക്കപ്പെടുവാൻ അവകാശം ഉണ്ടായിരിക്കുന്നതല്ല. വനിത ഭാരവാഹികൾക്ക് ഇത് ബാധകമല്ല.
14. മേൽപ്പറഞ്ഞ യോഗ്യതയുള്ള മത്സരാർത്ഥികൾ ഇല്ലാതെ വന്നാൽ യുക്ത മായ തീരുമാനമെടുക്കുവാൻ സെനറ്റിന് അധികാരം ഉണ്ടായിരിക്കും.

സെനറ്റിൽ നിന്നും തിരഞ്ഞെടുക്കുന്ന പ്രതിനിധികൾ (പുരുഷൻ, വനിത) അതിരൂപത കൗൺസിലർ എന്ന് അറിയപ്പെടും. സംസ്ഥാന പ്രതിനി ധികളായി അതിരൂപതയിൽ നിന്നും പോകേണ്ട ഭാരവാഹികളെ അതാത് വർഷം വരുന്ന അതിരൂപത സമിതി തെരഞ്ഞെടുക്കും. ഇത്തരത്തിൽ തെര ഞ്ഞെടുക്കുമ്പോൾ ഒരു ഫൊറോനയിൽ നിന്നും ഒരു പ്രതിനിധി മാത്രമേ ഉണ്ടാകാൻ പാടുള്ളു.

## Ex-officio അംഗങ്ങൾ

Ex-officio അംഗങ്ങൾ സെനറ്റിൽ ക്ഷണിക്കപ്പെട്ട അതിഥികൾ മാത്ര മായിരിക്കും. അവർക്ക് തിരഞ്ഞെടുപ്പിൽ മത്സരിക്കാനും, വോട്ടുചെയ്യുവാനും അവകാശം ഉണ്ടായിരിക്കുന്നതല്ല.

## പ്രായപരിധി

പ്രായപരിധി മറ്റൊരു നിർദ്ദേശം മേൽഘടകങ്ങളിൽ നിന്നും ഉണ്ടാകു തുവരെ 35 വയസ്സ് ആയിത്തന്നെ തുടരുന്നതായിരിക്കും. ഒരു അംഗം ഏതെ ങ്കിലും തസ്തികയിലേക്ക് തിരഞ്ഞെടുക്കപ്പെടുമ്പോൾ 35 വയസ്സ് ആയിരി ക്കുകയും ആ പ്രവർത്തന വർഷം പൂർത്തിയാകുന്നതിനുമുമ്പ് 36 വയസ്സാ കുകയും ചെയ്താൽ അദ്ദേഹത്തിന് തൽസ്ഥാനത്ത് പ്രവർത്തന വർഷം പൂർത്തിയാകുംവരെ തുടരുവാൻ അവകാശമുണ്ടായിരിക്കും.

## എക്സ്പ്ലോറ 2k24 - ഇലക്ഷൻ സെനറ്റ്

2024-25 പ്രവർത്തന വർഷത്തേക്കുള്ള കെസിവൈഎം അതിരൂപതാ ഭാരവാഹികളെ തെരഞ്ഞെടുക്കുന്നതിന് എക്സ്പ്ലോറ 2k24 സെപ്റ്റംബർ 1-ാം തീയതി നടത്തുവാൻ തീരുമാനിച്ചു. 19 ഫൊറോനകളിൽ നിന്നുള്ള ഫൊറോന ഭാരവാഹികൾ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. എക്സ്പ്ലോറ ഇലക്ഷൻ സെനറ്റിൽ ആദ്യവസാനം വരെ പങ്കെടുക്കുന്നവർക്ക് മാത്രമെ ഇലക്ഷനിൽ തിരഞ്ഞെടുക്കപ്പെടുവാനും വോട്ടുചെയ്യുവാനും അവകാശം ഉണ്ടായിരിക്കുകയുള്ളു. മത്സരാർത്ഥികൾ അംഗത്വ കാർഡും, ഇടവക വികാരി, ഫൊറോന ഡയറക്ടർ എന്നിവരുടെ ശുപാർശ കത്തും കൊണ്ടുവരേണ്ടതാണ്.

## അംഗത്വവും രജിസ്ട്രേഷനും

1. കെസിവൈഎം അംഗമായി ചേരുന്ന വ്യക്തി 50 രൂപ യൂണിറ്റിൽ അടച്ചാണ് അംഗത്വം സ്വീകരിക്കേണ്ടത്.
2. അതിരൂപതയിലേക്കുള്ള അഫിലിയേഷൻ തുക ഓരോ ഇടവകയുടെയും ഗ്രേഡ് അനുസരിച്ച് മേഖലാ ഡയറക്ടർ ശേഖരിക്കേണ്ടതാണ്.
3. അഫിലിയേഷൻ ഫീസ് എല്ലാ ഇടവകകൾക്കും ബാധകമാണ്.

**ഇടവകയുടെ ഗ്രേഡ് - അഫിലിയേഷൻ ഫീസിന്റെ ക്രമം**

A+ - 2400/-

A - 2000/-

B - 1600/-

C - 1200/-

D - 800/-

4. അംഗങ്ങൾക്ക് മത്സരത്തിനും മറ്റ് ആവശ്യങ്ങൾക്കും ഫോട്ടോ പതിപ്പിച്ച അംഗത്വ കാർഡ് നിർബന്ധമാണ്.

**ഫാ. മാത്യു മുക്കുഴി**
*ഡയറക്ടർ*

# ഫാമിലി അപ്പൊസ്റ്റോലേറ്റ്

സ്വന്തം ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സ്ത്രീയും പുരുഷനുമായി സൃഷ്ടിച്ച ദൈവം സ്നേഹത്തിൽ അവരെ ഒന്നിപ്പിച്ച് കുടുംബത്തെ രൂപപ്പെടുത്താൻ അവരെ നിയോഗിച്ചത് വ്യക്തമായ ലക്ഷ്യങ്ങളോടെയാണ്. തന്റെ എല്ലാ മക്കളും സുവിശേഷത്തിന്റെ വിരുന്നിൽ സ്നേഹം പങ്കുവച്ച് ഭാഗഭാക്കുകളാകണമെന്നതാണ് തിരുഹിതം. ദൈവം എപ്പോഴും എല്ലാവർക്കുമായി കാത്തിരിക്കുന്നു. ഈ ആത്മവിശ്വാസമാവണം തങ്ങൾക്ക് ചുറ്റും സംഭവിക്കുന്ന എല്ലാ നല്ല കാര്യങ്ങളെയും പ്രോത്സാഹിപ്പിക്കുന്നതിനും പിൻതാങ്ങുന്നതിനും പരിപോഷിപ്പിക്കുന്നതിനും കുടുംബാംഗങ്ങളെ ശക്തരാക്കേണ്ടത് തിരുഹിതത്തിന് മുമ്പിൽ സ്വയാർപ്പണം ചെയ്ത് വിശുദ്ധിയുടെ ആഴങ്ങളെ പുൽകിയ ഭാരതത്തിന്റെ അപ്പസ്തോലൻ മാർ തോമാശ്ലീഹായും കേരളത്തിലെ പ്രഥമ വിശുദ്ധ അൽഫോൻസാമ്മയും ജീവിതയാത്രയിൽ നമുക്ക് പ്രചോദനവും ബലവും നൽകട്ടെ.

## I. മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് (എം.പി.സി)

ജൂൺ 13-15 തീയതികളിലായി പടന്നക്കാട് വച്ചു നടത്തിയ മാര്യേജ് പ്രിപ്പറേഷൻ കോഴ്സിൽ 87 ഓളം പേർ സംബന്ധിച്ചു.

**Time Schedule**

- കോഴ്സിന്റെ ഒന്നാം ദിവസം രാവിലെ 9 മണിക്ക് രജിസ്ട്രേഷനോടെ ആരംഭിച്ച് മൂന്നാം ദിവസം വൈകിട്ട് 4.30 ന് എം.പി.സി. സമാപിക്കുന്നു.
- എം.പി.സി. കോഴ്സ് കൂടാനായി ആഗ്രഹിക്കുന്നവർ **www.familytly.com** എന്ന വെബ് സൈറ്റിൽ രജിസ്റ്റർ ചെയ്യാൻ വികാരിയച്ചൻമാർ ഓർമ്മിപ്പിക്കുമല്ലോ. എം.പി.സിയുടെ ഫീസ് **1600** രൂപയായിരിക്കും. Online Registration ചെയ്യുമ്പോൾ Reg. Fee 600 രൂപ അടയ്ക്കേണ്ടതാണ്. കോഴ്സിനു വരുമ്പോൾ ബാക്കി 1000 രൂപ കൊണ്ടുവരേണ്ടതാണ്.
- കോഴ്സിൽ പങ്കെടുക്കുന്നവർ അപേക്ഷാഫോം ഡൗൺലോഡ് ചെയ്ത് പ്രിന്റ് ഔട്ട് എടുത്ത് വികാരിയച്ചന്റെ ഒപ്പും സീലും വച്ച് കൊണ്ടുവരേണ്ടതാണ്.

- **2024 ജനുവരി മുതൽ അവസാനദിവസം നടക്കുന്ന മാതാപിതാക്ക ളുടെ ക്ലാസ്സ് ഉണ്ടായിരിക്കുന്നതാണ്.**
- ഈ വർഷത്തെ എം.പി.സി. കോഴ്സിന്റെ ഷെഡ്യൂൾ താഴെ കൊടു ക്കുന്നു.

| MPC 2024 | | | |
|---|---|---|---|
| July | 18-20 | (Thursday, Saturday) | Padannakkad |
| August | 22-24 | (Thusday, Saturday) | Thalassery |
| September | 19-21 | (Thursday, Saturday) | Padannakkad |
| October | 17-19 | (Thursday, Saturday) | Thalassery |
| November | 14-16 | (Thursday, Saturday) | Padannakkad |
| December | 19-21 | (Thursday, Saturday) | Thalassery |

**II.** ജൂൺ 11 ന് കണ്ണൂർ വിഷൻ ചാനൽ സംഘടിപ്പിച്ച 'നേർരേഖ' എന്ന സംവാദ പരിപാടിയിൽ ഡയറക്ടർ സംബന്ധിച്ചു. വിവാഹ-കുടുംബ ജീവി തത്തോട് യുവതികൾ മടി കാണിക്കുന്നുവോ? എന്ന വിഷയത്തെക്കുറിച്ച് സഭയുടെ കാഴ്ച്ചപ്പാട് പങ്കുവെച്ചു.

## III . മാതൃവേദി

### (a) അതിരൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ്

മെയ് 6-ാം തീയതി ഓൺലൈനായി എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. ഏപ്രിൽ മാസത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും മെയ് മാസത്തെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെട്ട രീതിയിൽ എങ്ങനെ നടത്താം എന്ന് ചർച്ച ചെയ്യുകയും ചെയ്തു. മീറ്റിംഗിൽ അതിരൂപതാ ഭാരവാഹികൾ എല്ലാ വരും പങ്കെടുത്തു.

### (b) അഗതിമന്ദിര സന്ദർശനം

ദിവ്യകാരുണ്യ വർഷത്തോടനുബന്ധിച്ച് അതിരൂപതാതല ജീവകാരു ണ്യപ്രവർത്തനത്തിന്റെ ഭാഗമായി ജൂൺ 3ന് അതിരൂപതാ ടീം അംഗങ്ങളും, വായാട്ടുപറമ്പ് മേഖലാ ഭാരവാഹികളും ആശാൻകവല യൂണിറ്റ് അംഗങ്ങളും ചേർന്ന് ആശാൻ കവല തിരുരക്താശ്രമം സന്ദർശിച്ചു. ബേബി സാറിന്റെ നേതൃത്വത്തിൽ നടത്തുന്ന ഈ ആശ്രമത്തിൽ 98 അന്തേവാസികളെ ശുശ്രൂ ഷിച്ചു വരുന്നു. അമ്മമാരുടെ നേതൃത്വത്തിൽ ആശ്രമത്തിന്റെ പരിസരം വൃത്തിയാക്കുകയും ചെയ്തു. അന്നേ ദിവസത്തെ ഉച്ചഭക്ഷണം അമ്മമാർ സ്പോൺസർ ചെയ്തു. അതിരൂപതയിൽ നിന്നും 5000 രൂപ ധനസഹായം നല്കി.

### (c) ദിവ്യകാരുണ്യ ജ്വാല പ്രോഗ്രാം

ദിവ്യകാരുണ്യ വർഷത്തോടനുബന്ധിച്ച്, ദിവ്യകാരുണ്യ ജ്വാല തോമാപുരം മേഖലയുടെ കുന്നുംകൈ സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിൽ വച്ചും കാസർഗോഡ് മേഖലയുടെ കാസർഗോഡ് സെന്റ് ജോസഫ് പള്ളിയിൽ വച്ചും യഥാക്രമം ജൂൺ 1, 17 തീയതികളിൽ നടത്തപ്പെട്ടു. തോമാപുരം ഫൊറോന വികാരി വെരി. റവ. ഫാ. മാണി മേൽവെട്ടവും കാസർഗോഡ് ഫൊറോന വികാരി വെരി. റവ. ഫാ. ജോർജ് വള്ളിമലയും ഉദ്ഘാടനം ചെയ്ത് സന്ദേശം നല്കി. "ദിവ്യകാരുണ്യവും മാതൃത്വവും" എന്ന വിഷയത്തെ ആസ്പദമാക്കി ഡയറക്ടറച്ചൻ ക്ലാസ് നല്കി. ആരാധനയും, കുമ്പസാരവും, ദിവ്യബലിയും, ദിവ്യകാരുണ്യ പ്രദക്ഷിണവും ജ്വാല പ്രോഗ്രാമിൽ ഉൾപ്പെടുത്തിയിരുന്നു. മേഖലാ ഭാരവാഹികളുടേയും, യൂണിറ്റ് ഭാരവാഹികളുടേയും അംഗങ്ങളുടേയും സജീവ സാന്നിദ്ധ്യമുണ്ടായിരുന്നു.

### (d) യൂണിറ്റ് വാർഷികാഘോഷം - കരുവഞ്ചാൽ

കരുവഞ്ചാൽ നിർമ്മൽ ജ്യോതി മാതൃവേദി യൂണിറ്റിന്റെ വാർഷികാഘോഷം ജൂൺ 5ന് നടത്തപ്പെട്ടു. അതിരൂപതാ ഡയറക്ടർ ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. യൂണിറ്റ് ഡയറക്ടറും, അതിരൂപതാ ആനിമേറ്ററും, മേഖലാ പ്രസിഡന്റും അനുഗ്രഹപ്രഭാഷണവും ആശംസകളും നല്കി യൂണിറ്റ് അംഗങ്ങളെ പ്രബുദ്ധരാക്കി. പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് കാർഷിക മേഖലയിൽ സജീവമായി നിൽക്കുന്ന വ്യക്തിയെ ഫലവൃക്ഷത്തൈ നല്കി ആദരിച്ചു, അമ്മമാരുടെ വിവിധ കലാപരിപാടികൾ വാർഷികാഘോഷത്തിന് മാറ്റ് കൂട്ടി. പ്ലസ്ടുവിന് ഉന്നത വിജയം കരസ്ഥമാക്കിയവരെയും വിവാഹത്തിന്റെ രജത-സുവർണ്ണ ജൂബിലി ആഘോഷിക്കുന്നവരെയും ആദരിക്കുകയും ചെയ്തു.

### (e) മേഖലാ സന്ദർശനം

അതിരൂപതാ ഡയറക്ടറുടെ നേതൃത്വത്തിൽ ഏപ്രിൽ 24ന് വെള്ളരിക്കുണ്ട് മേഖലയും, മെയ് 22ന് ചെറുപുഴ മേഖലയും ജൂൺ 8ന് മേരിഗിരി മേഖലയും, ജൂൺ 11ന് കുന്നോത്ത് മേഖലയും സന്ദർശിച്ചു. എല്ലാ സ്ഥലങ്ങളിലും മേഖല ഡയറക്ടർ, ആനിമേറ്റർ, മേഖല ഭാരവാഹികൾ എന്നിവർ സന്നിഹിതരായിരുന്നു. മേഖലാപ്രവർത്തനങ്ങൾ വിലയിരുത്തി ചർച്ച നടത്തി. തുടർപ്രവർത്തനങ്ങളെക്കുറിച്ച് നിർദ്ദേശങ്ങൾ നല്കി.

### (f) വിവിധതരം മത്സരങ്ങൾ

#### 1. ദിവ്യകാരുണ്യ ക്വിസ് മത്സരം

ദിവ്യകാരുണ്യ വർഷത്തോടനുബന്ധിച്ച് അതിരൂപതയിലെ അമ്മമാർക്കായി മാതൃവേദി ഒരുക്കിയ ദിവ്യകാരുണ്യ ക്വിസ് മത്സരത്തിൽ 18 അമ്മമാർ പങ്കെടുത്തു. "നാഥാ ഞങ്ങളോടൊത്ത് വസിച്ചാലും" എന്ന അപ്പസ്തോലിക ലേഖനത്തിൽ നിന്നും, സീറോ മലബാർ സഭയുടെ കുർബ്ബാനക്ര

മത്തിൽ നിന്നുമാണ് ചോദ്യങ്ങൾ ചോദിച്ചത്. തളിപ്പറമ്പ് സെന്റ് മേരീസ് പള്ളിയിൽ വച്ചാണ് ക്വിസ് പ്രോഗ്രാം നടത്തിയത്.

**വിജയികളായവർ**

ഒന്നാം സമ്മാനം : മോളി കാരക്കട - ആലക്കോട്

രണ്ടാം സമ്മാനം : എൽസി ദേവസ്യ തൈപ്പറമ്പിൽ - ഉളിക്കൽ

മൂന്നാം സമ്മാനം : സൂസമ്മ ടോമി കിളിച്ചുണ്ടൻമാക്കൽ - വിമലശ്ശേരി

മൂന്നാം സ്ഥാനം : ലീന സണ്ണി പുത്തൻപുരയ്ക്കൽ - വിമലശ്ശേരി

**2. തിരുഹൃദയ ചിത്രരചനാമത്സരം**

തിരുഹൃദയതിരുനാളിനോടനുബന്ധിച്ച് അതിരൂപതയിലെ അമ്മമാർക്കായി തിരുഹൃദയ ചിത്രരചനാമത്സരം നടത്തി. 165 ഓളം അമ്മാമാർ പങ്കെടുത്തു.

**വിജയികളായവർ**

ഒന്നാം സമ്മാനം : ജെയിൻ പൂവത്തിങ്കൽ - മാടത്തിൽ യൂണിറ്റ്

രണ്ടാം സമ്മാനം : ടാലിയ കൈപ്പൻപ്ലാക്കൽ - കരുവഞ്ചാൽ യൂണിറ്റ്

മൂന്നാം സമ്മാനം : ജയ തകിടിയേൽ - പെരിങ്ങാല യൂണിറ്റ്

g) **ദിവ്യകാരുണ്യവർഷ ജീവകാരുണ്യ പ്രവർത്തനം (മിസരിക്കോർദിയ)**

ജൂലൈ 19 - സ്നേഹഭവൻ, പടന്നക്കാട്

h) **ദിവ്യകാരുണ്യ വർഷ ജ്വാല**

ജൂലൈ 06 - മാലോം

ജൂലൈ 13 - ചെമ്പേരി

ജൂലൈ 27 - എടൂർ

i) **ദിവ്യകാരുണ്യ ഓൺലൈൻ ആരാധന**

- ജൂൺ 28ന് ദിവ്യകാരുണ്യവർഷ പ്രതിമാസ ഓൺലൈൻ ആരാധന നടത്തി.

**അടുത്ത മാസത്തെ ഓൺലൈൻ ആരാധന**

- ജൂലൈ 26 - 8.00 pm - 09.00 pm

j) **ജൂലൈ മാസത്തെ മാർഗ്ഗരേഖ**

03 - ദുക്റാനതിരുനാൾ - സീറോ മലബാർ സഭയുടെ ചരിത്രം വിശദീകരിച്ചുകൊണ്ടുള്ള പ്രബന്ധമത്സരം 3 പേജിൽ കൂടരുത്.

06 - ജ്വാല @ മാലോം വി. മരിയ ഗൊരേത്തി ജീവിതവിശുദ്ധി കാത്തുസൂക്ഷിക്കാൻ രക്തസാക്ഷിയായ്തീർന്ന പുണ്യവതിയുടെ ജീവിതത്തെ ആസ്പദമാക്കി മൂന്ന് മിനിറ്റ് മോണോ ആക്ട് മത്സരം. വീഡിയോ 6ന് രാത്രി 12 മണിക്കു മുമ്പായി 9400206974 എന്ന നമ്പറിലേക്ക് അയച്ചു തരിക.

13 - ജ്വാല @ ചെമ്പേരി

16 - കർമ്മല മാതാവിന്റെ തിരുനാൾ- ഫോട്ടോ വാട്സാപ്പ് സ്റ്റാറ്റസ് ഇടുക.

19 - അതിരൂപതാതല ജീവകാരുണ്യപ്രവർത്തനം @ സ്നേഹഭവൻ പടന്നക്കാട്.

25 – വി. യാക്കോബ് ശ്ലീഹ – യാക്കോബ് ശ്ലീഹായുടെ ലേഖനത്തെ അടിസ്ഥാനമാക്കി മേഖലാതലത്തിൽ ക്വസ് മത്സരം നടത്തുക.

26 – യൊവാക്കിം – അന്ന വല്യപ്പച്ചന്മാർക്കും വല്യമ്മച്ചിമാർക്കും പ്രായമായവർക്കും വേണ്ടിയുള്ള ദിനത്തിൽ വൃദ്ധമാതാപിതാക്കളെ സമുചിതമായി ആചരിക്കുക. അതിരൂപതാതല ആഘോഷം പൈസക്കരി. ദിവ്യകാരുണ്യവർഷ ഓൺലൈൻ ആരാധന, സന്ദേശം (8.00 pm – 9.00 pm)

27 – ജ്വാല @ എടൂർ

28 – വി. അൽഫോൻസയായി വേഷം ധരിച്ച് അൽഫോൻസാമ്മയുടെ സൂക്തങ്ങൾ പറയുന്ന മൂന്ന് മിനിറ്റ് വീഡിയോ മത്സരം. 28ന് രാത്രി 12.00 മണിക്ക് മുമ്പായി 9400206974 എന്ന നമ്പറിലേക്ക് അയച്ചു തരിക.

29 – വി. മർത്ത – പ്രാർത്ഥനയോടെ വീട്ടുജോലികൾ ചെയ്യാൻ ശ്രദ്ധിക്കുക.

30 – അന്താരാഷ്ട്ര സൗഹൃദദിനം – സുഹൃത്തിന് ആശംസ നേർന്നുകൊണ്ട് ആശംസാകാർഡ് നിർമ്മിക്കുക.

**പ്രത്യേക പ്രവർത്തനങ്ങൾ**

- ദിവ്യകാരുണ്യ ചിത്രരചനാ മത്സരം – ദിവ്യകാരുണ്യത്തെ അർത്ഥവത്തായി അവതരിപ്പിക്കുന്ന ചിത്രം വരച്ച് കളർ നല്കുക. ജൂലൈ 31ന് മുമ്പായി 9400206974 എന്ന നമ്പറിലേക്ക് അയക്കുക.

### IV. സീറോമലബാർ മാട്രിമോണി

സീറോമലബാർ സഭയിലെ എല്ലാ രൂപതകളുമായി ലിങ്ക് ചെയ്തുകൊണ്ട് പ്രവർത്തിക്കുന്ന മാട്രിമോണിയിൽ രജിസ്റ്റർ ചെയ്യാൻ syromalabarmatrimony.org എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് ഫാമിലി അപ്പൊസ്റ്റോലേറ്റ് ഓഫീസുമായി ബന്ധപ്പെടുക.
Phone : 9400206974, 8078122191

## V. പ്രശാന്തി കൗൺസിലിംഗ് സെന്റർ

അതിരൂപതാ ഫാമിലി അപ്പൊസ്റ്റോലേറ്റിൽ കുടുംബബന്ധങ്ങളുടെ ശാക്തീകരണം ഉദ്ദേശിച്ച് ഒരു കൗൺസിലിംഗ് സെന്റർ പ്രവർത്തിക്കുന്നു. വ്യക്തികൾക്കും കുടുംബങ്ങൾക്കും കൗൺസിലിംഗിനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്. ഇടവകകളിൽ ഏതെങ്കിലും തരത്തിൽ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന കുടുംബങ്ങൾ ഉണ്ടെങ്കിൽ ഈ സൗകര്യം ഉപയോഗപ്പെടുത്താവുന്നതാണ് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.
Phone : 9400206974, 8078122191.

### VI. അമല പ്രൊലൈഫ്

മെയ് 26 ന് ഉച്ചക്കഴിഞ്ഞ് 2.30 ന് തലശ്ശേരി സന്ദേശഭവനിൽ വച്ച് ബഹുമാനപ്പെട്ട ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ പ്രൊലൈഫ് കോർ മീറ്റിങ്ങ് കൂടുകയുണ്ടായി. യോഗത്തിൽ പ്രൊലൈഫ് സമിതി അംഗങ്ങൾ 6 പേർ പങ്കെ

ടുത്തു. ഒരു മണിക്കൂർ പ്രാർത്ഥനയ്ക്കു ശേഷം വരും ദിനങ്ങളിലെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ചർച്ചകൾ നടത്തി. ഫാമിലി അപ്പൊസ്റ്റൊലേറ്റ് ആനിമേറ്ററായി ചാർജെടുത്ത സിസ്റ്റർ ലിന്റയെയും ബ്രദർ നിഖിലിനെയും പ്രൊലൈഫ് കൂട്ടായ്മയിലേക്ക് സ്വാഗതം ചെയ്തു. തുടർന്ന് നടന്ന ചർച്ചയിൽ കെസിബിസി പ്രൊലൈഫ് സമിതിയുടെ നേതൃത്വത്തിൽ കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ നടക്കുന്ന കേരള ലൈഫ് മാർച്ചിൽ കാസർഗോഡ്  കണ്ണൂർ ജില്ലകളിലായി ജൂലൈ 2,3 തീയതികളിൽ നടക്കുന്ന പരിപാടിയിൽ തലശ്ശേരി അതിരൂപതയിലെ പ്രൊലൈഫ് മിനിസ്ട്രിയുടെ പങ്കാളിത്തം ഉണ്ടാകണമെന്ന് തീരുമാനിച്ചു. ജൂലൈ 2-ാം തീയതി കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് ഫൊറോനയിൽ നിന്നാരംഭിക്കുന്ന പരിപാടി കണ്ണൂർ രൂപതയുടെ മെത്രാനായ ബഹുമാനപ്പെട്ട മാർ അലക്സ് വടക്കുംതല പിതാവിന്റെയും കെസിബിസി പ്രൊലൈഫ് ചെയർമാൻ അഭിവന്ദ്യ പോൾ ആന്റണി മുല്ലശ്ശേരി പിതാവിന്റെയും സാന്നിദ്ധ്യത്തിൽ ബഹുമാനപ്പെട്ട മാർ ജോസഫ് പാംപ്ലാനി പിതാവ് ഉദ്ഘാടനം ചെയ്യുന്നു. തുടർന്ന് മൂന്നാം തീയതി തലശ്ശേരി രൂപത പ്രൊലൈഫ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ തളിപ്പറമ്പ് ഫൊറോനയിൽ നിന്ന് രാവിലെ വിശുദ്ധ ബലിയോടുകൂടി മാർച്ച് തുടരുവാൻ തീരുമാനിച്ചു. തളിപ്പറമ്പിൽ നിന്ന് ആരംഭിക്കുന്ന പരിപാടി ആലക്കോട്, വായാട്ടുപറമ്പ്, ചെമ്പേരി, പയ്യാവൂർ, പൈസക്കരി, ഉളിക്കൽ നെല്ലിക്കാംപൊയിൽ, ഇരിട്ടി എന്നിവിടങ്ങളിലൂടെ മേഖലകളിലൂടെ പ്രൊലൈഫ് സന്ദേശവുമായി സന്ദർശനം നടത്തി വൈകുന്നേരത്തോടെ പേരാവൂർ ഫൊറോന പള്ളിയിൽ വച്ച് തലശ്ശേരി പ്രൊലൈഫ് മിനിസ്ട്രിയുടെ മൂന്നാം തീയതിയിലെ പരിപാടി സമാപിപ്പിക്കാൻ തീരുമാനിച്ചു.

- പ്രൊലൈഫ് എക്സിക്യൂട്ടീവ് അംഗമായ ശ്രീമതി സാലിയുടെ മാതാവിന്റെ നാൽപ്പത്തിയൊന്നാം ചരമദിനമായ ജൂൺ എട്ടാം തീയതിയിലെ ചടങ്ങിൽ പ്രൊലൈഫ് ഡയറക്ടർ വിശുദ്ധ ബലിയർപ്പിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. അച്ചനോടൊപ്പം പ്രൊലൈഫ് അംഗങ്ങൾ വിശുദ്ധ ബലിയിലും തുടർന്നുള്ള ചടങ്ങുകളിലും പങ്കെടുത്തു. തുടർന്ന് നടന്ന കോർ കമ്മിറ്റി മീറ്റിങ്ങിൽ തലശ്ശേരി അതിരൂപതയിൽ നാലിൽ കൂടുതൽ മക്കളുള്ള കുടുംബങ്ങളുടെ ലിസ്റ്റ് എടുക്കുവാനും, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ കുട്ടികളുടെ പഠനകാര്യങ്ങളിൽ സഹായിക്കാൻ സാമ്പത്തികമായി പിന്തുണ നല്കുന്നവരെ കണ്ടെത്താനും, സഹായം ആവശ്യമായ കുടുംബങ്ങളെ സന്ദർശിക്കുവാനും, അഗതിമന്ദിരസന്ദർശനം നടത്തി ശുശ്രൂഷ ചെയ്യുവാനും, പ്രൊലൈഫ് പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട് കണ്ടെത്തുവാനും തീരുമാനിച്ചു.

- ജൂൺ 30 ന് പ്രൊലൈഫ് മലബാർ റീജണൽ ടീമിന്റെ പ്രതിനിധി സംഘം തലശ്ശേരി അതിരൂപതാദ്ധ്യക്ഷൻ മാർ ജോസഫ് പാംപ്ലാനി പിതാവുമായി കൂടിക്കാഴ്ച്ച നടത്തി. പ്രൊലൈഫ് പ്രവർത്തനങ്ങളിൽ നേരിടുന്ന ബുദ്ധി മുട്ടുകൾ അറിയിച്ചു. കേരള ലൈഫ് മാർച്ചിന്റെ കാര്യങ്ങൾ വിജയകരമാ ക്കാൻ വേണ്ട കാര്യങ്ങൾ ചർച്ച ചെയ്തു.

**പ്രോലൈഫ് മാരേജ് ബ്യൂറോ**

മലബാർ മേഖല പ്രോലൈഫ് സമിതി നടത്തുന്ന ബ്യൂറോ പെൺകുട്ടി കൾക്ക് സൗജന്യ രജിസ്ട്രേഷൻ, ആൺകുട്ടികൾക്ക് രജി.ഫീ 500 രൂപ നാല് മാസത്തേക്ക്. Web Site: www.prolifemarry.com

**VII. മരിയൻ സിംഗിൾസ്**

ഏകസ്ഥരായ ചേച്ചിമാരുടെ കൂട്ടായ്മ മെയ് 26-27 തീയതികളിൽ സന്ദേശഭവനിൽ വച്ച് നടത്തി. 13 ചേച്ചിമാർ പങ്കെടുത്തു. ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ ആരാധന, ദിവ്യബലി, ക്ലാസ്സ്, ചർച്ച, എന്നിവ അവർക്കായി സംഘടിപ്പിച്ചു. ബിഷപ്പ് ഹൗസ്, കത്തീഡ്രൽ, സെമിനാരി എല്ലാവരും കൂടി സന്ദർശിച്ചു.

**VIII. ഫാമിലി അപ്പൊസ്റ്റോലേറ്റിന്റെ** Mail ID: familytly92@gmail.com
Web Site: www.familytly.com

**റവ. ഫാ. ജോർജ് കോവാട്ട്**
*ഡയറക്ടർ*

# എജ്യൂക്കേഷണൽ അപൊസ്റ്റൊലേറ്റ്

**പ്രവേശനോത്സവം**

2024-2025 അധ്യയന വർഷത്തെ കോർപ്പറേറ്റ്തല പ്രവേശനോത്സവം 2024 ജൂൺ 3 രാവിലെ 9.30 ന് വായാട്ടുപറമ്പ സെന്റ് ജോസഫ്സ് ഹയർസെക്കണ്ടറി സ്കൂളിൽ വെച്ച് നടന്നു. സ്കൂൾ മാനേജർ ഫാ. തോമസ് തെങ്ങുംപള്ളിൽ ആമുഖപ്രഭാഷണവും അതിരൂപത കോർപ്പറേറ്റ് മാനേജർ ഫാ. മാത്യു ശാസ്താംപടവിൽ അനുഗ്രഹ പ്രഭാഷണവും നടത്തി. ഇരിക്കൂർ എംഎൽഎ അഡ്വ. ശ്രീ. സജീവ് ജോസഫ് ഉദ്ഘാടനം ചെയ്തു. പ്രവേശനോൽസവ ഗാന നൃത്താവിഷ്ക്കാരവും നടത്തി. വിവിധ മേഖലകളിൽ മികവ് തെളിയിച്ചവർക്കുള്ള പുരസ്ക്കാരങ്ങളും വിതരണം ചെയ്യപ്പെടുകയുണ്ടായി.

**വിന്നേഴ്സ് ഡേ**

തലശ്ശേരി അതിരൂപത കോർപ്പറേറ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിലെ എസ്.എസ്.എൽസി, പ്ലസ് ടു പരീക്ഷകളിൽ മികച്ച വിജയം നേടിയ വിദ്യാലയങ്ങൾക്കുള്ള പുരസ്കാരവും മുഴുവൻ വിഷയങ്ങൾക്ക് എ.പ്ലസ് നേടിയ വിദ്യാർത്ഥികൾക്കുള്ള ഉപഹാരങ്ങളും ഇരിട്ടി, ചെമ്പേരി, ചെറുപുഴ എന്നീ മൂന്നു റീജിയണുകളിലായി സംഘടിപ്പിച്ച സമ്മേളനങ്ങളിൽ നൽകി.

നൂറു ശതമാനം വിജയം നേടിയ സ്കൂളുകൾ, ഏറ്റവും കൂടുതൽ എ.പ്ലസ് നേടിയ വിദ്യാലയം മുഴുവൻ മാർക്കും നേടിയ വിദ്യാർത്ഥികൾ, ഹയർ സെക്കണ്ടറി വിഭാഗത്തിൽ ഏറ്റവും കൂടുതൽ വിജയം നേടിയ ബ്രാഞ്ചുകൾ ഉള്ള സ്കൂളുകൾക്കുള്ള സമ്മാനങ്ങളും സമ്മേളനങ്ങളിൽ വിതരണം ചെയ്തു.

**ഇരിട്ടി :-** ഇരിട്ടി മേഖല വിജയോത്സവം ഇരിട്ടി സെന്റ് ജോസഫ്സ് പാരിഷ് ഹാളിൽ 13-06-2024 ന് രാവിലെ 10 മണിക്ക് നടത്തിയ സമ്മേളനത്തിൽ കോർപ്പറേറ്റ് മാനേജർ ഫാ. മാത്യു ശാസ്താംപടവിൽ സ്വാഗതം ആശംസിച്ചു. മുൻ കോർപ്പറേറ്റ് മാനേജറും ഇപ്പോഴത്തെ വികാരി ജനറലുമായ മോൺ. ഫാ. ആന്റണി മുതുകുന്നേൽ മുഖ്യപ്രഭാഷണം നടത്തി.

പേരാവൂർ നിയോജക മണ്ഡലം എംഎൽഎ അഡ്വ. സണ്ണി ജോസഫ് പ്രസ്തുത ചടങ്ങ് ഉദ്ഘാടനം ചെയ്തു. ഏഴ് ഹയർസെക്കണ്ടറി സ്കൂളുകളിലെയും എട്ട് ഹൈസ്കൂളിലെയും വിജയികൾക്ക് ഉപഹാരങ്ങൾ നൽകി.

**ചെമ്പേരി :-** ചെമ്പേരി മേഖല വിജയോത്സവം **എക്സലൻസ്യ – 24** നിർമ്മല യുപി സ്കൂൾ ഓഡിറ്റോറിയത്തിൽ 13-06-2024 ന് ഉച്ചകഴിഞ്ഞ് രണ്ട് മണിക്ക് നടത്തി. തലശ്ശേരി അതിരൂപത വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി അധ്യക്ഷത വഹിച്ച യോഗത്തിൽ കോർപ്പറേറ്റ് മാനേജർ ഫാ. മാത്യു ശാസ്താംപടവിൽ ആമുഖ ഭാഷണം നടത്തി. ഇരിക്കൂർ നിയോജക മണ്ഡലം എം.എൽഎ അഡ്വ. സജീവ് ജോസഫ് ഉദ്ഘാടനം ചെയ്തു. എരുവേശ്ശി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി മിനി ഷൈബി വിജയികൾക്ക് ആശംസകൾ അർപ്പിച്ച് സംസാരിച്ചു. മൂന്ന് ഹയർസെക്കണ്ടറി സ്കൂളുകളിലെയും ഒമ്പത് ഹൈസ്കൂളുകളിലെയും വിജയികൾക്ക് ഉപഹാരങ്ങൾ നൽകി.

**ചെറുപുഴ :-** ചെറുപുഴ മേഖല വിജയോത്സവം ചെറുപുഴ സെന്റ് മേരീസ് പാരിഷ് ഹാളിൽ 14-06-2024 രാവിലെ 10 മണിക്ക് നടന്ന വിജയോത്സവത്തിൽ കോർപ്പറേറ്റ് മാനേജർ ഫാ. മാത്യു ശാസ്താംപടവിൽ സ്വാഗതം ആശംസിച്ചു. മോൺ. മാത്യു ഇളംതുരുത്തിപടവിൽ അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ ശ്രീ. രാജ്മോഹൻ ഉണ്ണിത്താൻ എം.പി. ഉദ്ഘാടനം നിർവ്വഹിച്ചു. ചെറുപുഴ ഫൊറോന വികാരി ഫാ. ഫിലിപ്പ് ഇരുപ്പക്കാട്ട് അനുഗ്രഹ പ്രഭാഷണം നടത്തി. ചെറുപുഴ റീജിയണിലെ അഞ്ച് ഹയർസെക്കണ്ടറി സ്കൂളുകളിലെയും ഏഴ് ഹൈസ്കൂളുകളിലെയും വിജയികൾക്ക് ഉപഹാരങ്ങൾ നൽകി.

### വായനാദിനം – ജൂൺ 19

തലശ്ശേരി അതിരൂപത കോർപ്പറേറ്റ് തല വായനാദിനത്തിന്റെ ഉദ്ഘാടനം ഉളിക്കൽ വയത്തൂർ യുപി സ്കൂളിൽ സംഘടിപ്പിച്ചു. നവാഗത എഴുത്തുകാരി ദീപ തോമസ് പരിപാടി ഉദ്ഘാടനം ചെയ്തു. സ്കൂൾ മാനേജർ ഫാ. തോമസ് കിടാരത്തിൽ അധ്യക്ഷത വഹിച്ചു. തലശ്ശേരി അതിരൂപത ടീച്ചേഴ്സ് ഗിൽഡ് പ്രസിഡണ്ട് ശ്രീ. ജിനിൽ മർക്കോസ്, അധ്യാപക പ്രതിനിധി ശ്രീമതി ജിസ്മി ജോർജുകുട്ടി, വിദ്യാർത്ഥി പ്രതിനിധി ആഞ്ചലീന മരിയ സാജൻ എന്നിവർ പുസ്തക പരിചയം നടത്തി. സി. ദീപ മാത്യു, എം എൻ പണിക്കർ അനുസ്മരണം നടത്തി. വിദ്യാർത്ഥികൾ തങ്ങൾ വായിച്ച പുസ്തകങ്ങളുടെ പേരുകൾകൊണ്ട് നിർമ്മിച്ച അക്ഷര വൃക്ഷവും പുസ്തകത്താലപ്പൊലി, പുസ്തക പൂജ തുടങ്ങിയ പരിപാടികൾ പ്രത്യേക ശ്രദ്ധയാകർഷിച്ചു.

### യോഗാദിനാചരണം – ജൂൺ 21

കടുമേനി സെന്റ് മേരീസ് ഹൈസ്കൂളിൽ തലശ്ശേരി അതിരൂപത കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെയും കാത്തലിക് ടീച്ചേഴ്സ്

ഗിൽഡിന്റെയും ആഭിമുഖ്യത്തിൽ അന്താരാഷ്ട്ര യോഗദിനാചരണവും അന്താരാഷ്ട്ര സംഗീതദിനാചരണവും സംയുക്തമായി സംഘടിപ്പിക്കപ്പെട്ടു. ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് അഡ്വ. ജോസഫ് മുത്തോലിൽ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. യോഗ പരിശീലകനും കമ്പല്ലൂർ ഗവൺമെന്റ് എച്ച്എസ്എസ്ടി റിട്ട. അധ്യാപകനുമായ പി.കെ. സതീശൻ മാസ്റ്റർ മുഖ്യ പ്രഭാഷണം നടത്തി. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ കുട്ടികൾക്ക് യോഗ പരിശീലനം നൽകി. തദവസരത്തിൽ ആൻമരിയ എന്ന വിദ്യാർത്ഥി കർണ്ണാട്ടിക് സംഗീതം ആലപിച്ചു.

## മെയിന്റനൻസ് ഗ്രാന്റ്

മുൻ വർഷങ്ങളിലെ തുക ലഭിച്ചില്ലെങ്കിലും ഈ വർഷവും മെയിന്റനൻസ് ഗ്രാന്റിന് അപേക്ഷ നൽകണം. പ്രൊപ്പോസൽ നൽകുന്നതോടനുബന്ധിച്ച് പ്രധാന അധ്യാപകർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ സൂചിപ്പിക്കുന്നു. വിശദമായ കാര്യങ്ങൾ കെ.ഇ.ആർ അധ്യായം XXVIII ൽ വ്യക്തമാക്കിയിട്ടുണ്ട്:

1) ഓഗസ്റ്റ് 10-ാം തീയതിക്ക് മുമ്പായി മെയിനന്റനൻസ് ഗ്രാന്റിനുള്ള പ്രൊപ്പോസൽ തയാറാക്കി കോർപ്പറേറ്റ് ഓഫീസിൽ ലഭിക്കണം

2) പ്രൊപ്പോസലിൽ ഉൾപ്പെടുത്തേണ്ട രേഖകൾ:

| | | |
|---|---|---|
| A. Maintenance Grant Application (Form 28) | 4 | എണ്ണം വീതം |
| B. Expenture Statement (Form -29) | 4 | എണ്ണം വീതം |
| C. Property Statement - (Form -10) | 2 | എണ്ണം വീതം |
| D. Audit Certififcate | 4 | എണ്ണം വീതം |

3) ഫോമുകൾ കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി ഓഫീസിൽ നിന്ന് മുൻവർഷങ്ങളിൽ ഇ-മെയിൽ ചെയ്തു തന്നതാണ്. പഴയ ഇ-മെയിൽ ശ്രദ്ധിക്കുക.

4) കെ.ഇ.ആർ പ്രകാരം 20000 രൂപയിലധികം ഗ്രാന്റ് ലഭിച്ച വിദ്യാലയങ്ങൾ മുൻവർഷത്തെ Expenture Statement ഓഡിറ്റു ചെയ്യണം. ഈ നിർദേശത്തിന് ഭേദഗതി വന്നിട്ടില്ല. ഓഡിറ്റ് ചെയ്യാതെ അപേക്ഷ കൊണ്ടുവരരുത്.

5) മുൻവർഷങ്ങളിലെ മെയിന്റനൻസ് ഗ്രാന്റ് തുക ലഭിച്ചിട്ടില്ലെങ്കിൽ അത് കൃത്യമായി ലഭ്യമാക്കാൻ പ്രധാന അധ്യാപകർ പരിശ്രമിക്കണം. കോർപ്പറേറ്റ് ഓഫീസിൽ നിന്ന് റിമൈൻഡർ ലെറ്ററുകൾ വാങ്ങിച്ച് വിദ്യാഭ്യാസ ഓഫീസിൽ കൊടുക്കണം.

**ഫാ. മാത്യു ശാസ്താംപടവിൽ**
*കോർപ്പറേറ്റ് മാനേജർ*

# വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ്
## ചെമ്പേരി

### മോൺ. മാത്യു എം ചാലിൽ മെമ്മോറിയൽ വിദ്യാഭ്യാസ സ്കോളർഷിപ്പ്

**10,000/രൂപ വാർഷിക ഫീസിൽ 200 വിദ്യാർത്ഥികൾക്ക് B.Tech പഠനം**

- +1 പരീക്ഷക്ക് (Physics, Chemistry & Maths) 90% ത്തിന് മുകളിൽ മാർക്ക് ലഭിക്കുന്ന 200 വിദ്യാർത്ഥികൾക്ക് ഒരു വർഷം 10,000/- രൂപ മാത്രം ട്യൂഷൻ ഫീസ് നൽകി B.Tech പഠിക്കാം.
- +1 പരീക്ഷക്ക് (Physics, Chemistry & Maths) 85% ത്തിന് മുകളിൽ മാർക്ക് ലഭിക്കുന്നവർക്ക് ഒരു വർഷം 15,000/- രൂപ വീതം സ്കോളർഷിപ്പ്.
- +1 പരീക്ഷക്ക് (Physics, Chemistry & Maths) 80% - ത്തിന് മുകളിൽ മാർക്ക് ലഭിക്കുന്നവർക്ക് ഒരു വർഷം 10,000/-രൂപ വീതം സ്കോളർഷിപ്പ്.

**നിബന്ധനകൾ**

- +2 റിസൾട്ടിനുശേഷം, +2 മാർക്കുകളായിരിക്കും പരിഗണിക്കുക.
- B.Tech അഡ്മിഷന്, KEAM യോഗ്യത നിർബന്ധമായിരിക്കും.
- CSE, ADS എന്നീ ബ്രാഞ്ചുകളിൽ സ്കോളർഷിപ്പ് സീറ്റുകൾ പരിമിതം.

യോഗ്യരായവർക്ക് QR കോഡ് സ്കാൻ ചെയ്ത് ഈ സ്കോളർഷിപ്പിന് രജിസ്റ്റർ ചെയ്യാവുന്നതാണ്

SCAN ME!

**KEAM RANK SCHOLARSHIP 2023**

| | |
|---|---|
| KEAM Rank 1 - 5000 | Scholarship : Entire College Fee |
| Rank 5001 - 8000 | Scholarship : 2,65,400/- (66,350x4 year)<br>Tution Fee = Government Fee only |
| Rank 8001 - 10000 | Scholarship : 1,20,000/- (30000x4 year) |
| Rank 10001 - 20000 | Scholarship : 20,000/- (5000x4 year) |

**കൂടുതൽ വിവരങ്ങൾക്കായി വിളിക്കുക**
**04602212240, 04602213900**

### പ്ലേസ്മെന്റ് വാർത്തകൾ മെയ് - 2024

- പ്രമുഖ EDTECH കമ്പനിയായ Teachnook അവരുടെ ബാംഗ്ലൂർ ഓഫീസിൽ നിലവിലുള്ള ഒഴിവുകളിലേക്കായി ക്യാമ്പസ് റിക്രൂട്ട്മെന്റ് നടത്തി. 50 ലധികം അവസാന വർഷ വിദ്യാർഥികൾ പങ്കെടുത്തു.

13 കുട്ടികൾക്ക് ജോലി ലഭിച്ചു. പ്രതിവർഷം ആറു ലക്ഷത്തോളം രൂപ ശമ്പളം ലഭിക്കുന്ന ജോലിയാണ്. ട്രെയിനിങ് മേഖലയിൽ പ്രവർത്തിക്കുന്ന TERVPRO, TECHNICAL Trianer position ലേക്ക് നടത്തിയ ക്യാമ്പസ് റിക്രൂട്ട്മെന്റിലൂടെ 8 വിദ്യാർത്ഥികൾക്കും ജോലി ലഭിച്ചു. തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾ ജൂൺ 17, 2024 ന് ജോലിയിൽ പ്രവേശിക്കണം.

- Renewable Energy മേഖലയിൽ പ്രവർത്തിക്കുന്ന SOLX Green Energy സംഘടിപ്പിച്ച ക്യാമ്പസ് റിക്രൂട്ട്മെന്റിലൂടെ ഒരു EEE വിദ്യാർത്ഥിക്ക് ജോലി ലഭിക്കുകയുണ്ടായി.
- ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന പ്രൊഡക്ട് ഡെവലപ്മെന്റ് കമ്പനിയായ Applied Materials സംഘടിപ്പിച്ച ക്യാമ്പസ് റിക്രൂട്ട്മെന്റിൽ 25 ഓളം കുട്ടികൾ പങ്കെടുത്തു. രണ്ടു കുട്ടികൾ അവസാന റൗണ്ടിലേക്ക് തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.
- പ്രമുഖ ITES കമ്പനിയായ GLOW TOUCH Technologies ജൂൺ 26 തീയതി വിമൽ ജ്യോതിയിൽ വെച്ച് ക്യാമ്പസ് റിക്രൂട്ട്മെന്റ് സംഘടിപ്പിക്കുന്നു. 100 ലധികം കുട്ടികൾ പങ്കെടുക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## എം.ബി.എ. വാർത്തകൾ

**വിമൽ ജ്യോതിയിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിൽ അഡ്മിഷനുകൾ ആരംഭിച്ചു.**

കണ്ണൂർ ജില്ലയിലെ ഏക നാക് അക്രെഡിറ്റഡ് മാനേജ്മെന്റ് സ്ഥാപനമായ വിമൽ ജ്യോതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് റിസേർച്ചിൽ 2024-25 വർഷത്തേക്കുള്ള എം ബി എ പ്രവേശനത്തിനുള്ള നടപടികൾ ആരംഭിച്ചു. ബിരുദ പഠനം പൂർത്തിയാക്കിയവർക്കും അവസാന വർഷ ബിരുദ വിദ്യാർഥികൾക്കും അപേക്ഷിക്കാം. ഡിഗ്രിക്ക് കുറഞ്ഞത് 75 ശതമാനം മാർക്ക് എങ്കിലും വാങ്ങിയ വിദ്യാർത്ഥികൾക്ക് വിവിധങ്ങളായ സ്കോളർഷിപ്പുകളും ലഭ്യമാണ്. 85 ശതമാനം മാർക്ക് വാങ്ങിയ മികച്ച വിദ്യാർത്ഥികൾക്ക് ഗവണ്മെന്റ് ഫീസിൽ വിമൽ ജ്യോതിയിൽ നിന്നും എം ബി എ പഠനം പൂർത്തിയാക്കാവുന്നതാണ്.

**കൂടുതൽ വിവരങ്ങൾക്കും അഡ്മിഷനും താഴെ കാണുന്ന നമ്പറുകളിൽ ബന്ധപ്പെടുക: 9497517396, 8111918367.**

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**
*മാനേജർ*

# സാൻജോസ് മെട്രോപോളിറ്റൻ അക്കാഡമി ഫോർ റിസേർച്ച് ആന്റ് ട്രെയിനിംഗ്

Ph: 8281750777, 8281730777; E-mail: sanjoseacademytly@gmail.com

ചെമ്പേരി, വെള്ളരിക്കുണ്ട്, ഇരിട്ടി

## IELTS, OET, UKVI

IELTS, OET, UKVI, തുടങ്ങിയ കോഴ്സുകളിലേക്കുള്ള പുതിയ ബാച്ചുകൾ എല്ലാ തിങ്കളാഴ്ചകളിലും ആരംഭിക്കുന്നു. ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്. കോഴ്സുകളെകുറിച്ച് കൂടുതൽ അറിയുവാനും അഡ്മിഷൻ എടുക്കുവാനും താഴെപ്പറയുന്ന നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

Ph : 82817507777, 8281730777

ഓൺലൈനായി അപേക്ഷിക്കാൻ വെബ്സൈറ്റ് സന്ദർശിക്കുക.

www.sanjoseacademy.in

**ജർമൻ**

ജർമൻ ഭാഷയുടെ ജൂലൈ 1,15 ബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. ജർമൻ ഭാഷയുടെ പുതിയ ബാച്ചുകൾ എല്ലാ മാസവും 1-ാം തീയതി വിമൽജ്യോതി കോളേജിൽ ആരംഭിക്കുന്നു. അഡ്മിഷൻ എടുക്കാൻ ആഗ്രഹിക്കുന്നവർ നേരത്തെ തന്നെ പേര് രജിസ്റ്റർ ചെയ്യുക. സാൻജോസ് അക്കാദമിയുടെ എല്ലാ കോഴ്സുകൾക്കും ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്.

**ഫാ. സ്കറിയ വടശ്ശേരിൽ**
*ഡയറക്ടർ*

# ലെയ്റ്റി അപ്പൊസ്തോലേറ്റ്

## എ. കെ. സി. സി.

**കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപത പ്രവർത്തന റിപ്പോർട്ട് (2024 മാർച്ച് 20 - 2024 ജൂൺ 17)**

27-03-24 ന് തലശ്ശേരി സന്ദേശഭവനിൽ അതിരൂപത ഭാരവാഹികളുടെയും ഫൊറോന പ്രസിഡണ്ടുമാരുടെയും ഗ്ലോബൽ സമിതി അംഗങ്ങളുടെയും സംയുക്ത യോഗം ചേർന്നു. യോഗത്തിൽ 18-04-24 ന് നടക്കുന്ന അതിരൂപതാ സമ്മേളനം വിജയിപ്പിക്കുവാനും ഒപ്പം ഏപ്രിൽ മാസം 10-ാം തീയതിക്ക് മുൻപായി യൂണിറ്റുകളുടെ പുതിയ രജിസ്ട്രേഷൻ പൂർത്തിയാക്കുവാനും തീരുമാനിച്ചു. അതിരൂപത പ്രസിഡണ്ട് അഡ്വ. ടോണി ജോസഫ് പുഞ്ചക്കുന്നേൽ യോഗത്തിന് അധ്യക്ഷത വഹിച്ചു. ഗ്ലോബൽ ഡയറക്ടർ റവ. ഡോ. ഫിലിപ്പ് കവിയിൽ യോഗം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. ഗ്ലോബൽ വൈസ് പ്രസിഡണ്ട് ബേബി നെട്ടനാനി ജനറൽ സെക്രട്ടറി ബെന്നി പുതിയപുറം, ഫിലിപ്പ് വെളിയത്ത് എന്നിവർ പ്രസംഗിച്ചു.

11-04-24ന് തളിപ്പറമ്പ് സെന്റ് മേരിസ് ദൈവാലയപാരീഷ് ഹാളിൽ വച്ച് അതിരൂപത ഭാരവാഹികളുടെയും എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളുടെ യോഗം ചേർന്നു. 18-ാം തീയതിയിൽ നടക്കുന്ന അതിരൂപത വാർഷിക സമ്മേളനവും നേതൃത്വസംഗമവും, പഠന ശിബിരവും വിജയിപ്പിക്കുവാനുള്ള തീരുമാനവും യോഗം കൈക്കൊണ്ടു. ഏപ്രിൽ പത്തിനകം 141 യൂണിറ്റുകൾ കേന്ദ്ര കമ്മിറ്റിയിൽ രജിസ്റ്റർ ചെയ്തു. പുതിയ 20 കമ്മിറ്റികൾ കൂടി രൂപം കൊണ്ടു.

എറണാകുളത്ത് നടന്ന ഗ്ലോബൽ സമിതി യോഗത്തിൽ ഗ്ലോബൽ ഡയറക്ടർ റവ. ഡോ. ഫിലിപ്പ് കവിയിൽ, അതിരൂപത പ്രസിഡന്റ് അഡ്വക്കേറ്റ് ടോണി ജോസഫ് പുഞ്ചകുന്നേൽ, ബേബി നേട്ടനാനി എന്നിവർ പങ്കെടുത്തു.

**അതിരൂപതാ വാർഷികവും നേതൃത്വ സംഗമവും പഠന ശിബിരവും**

അതിരൂപത കമ്മിറ്റിയുടെ ഈ വർഷത്തെ വാർഷിക സമ്മേളനം 18-04-24 ന് തലശ്ശേരി സാൻജോസ് സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച്

മുൻപ് നിശ്ചയിച്ചതനുസരിച്ച് നടത്തപ്പെട്ടു. അതിരൂപത അധ്യക്ഷൻ ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി പിതാവ് സമ്മേളനം ഉദ്ഘാടനം ചെയ്തു. അതിരൂപത പ്രസിഡണ്ട് അഡ്വക്കേറ്റ് ടോണി ജോസഫ് പുഞ്ചകുന്നേൽ യോഗത്തിന് അധ്യക്ഷത വഹിച്ചു. ഗ്ലോബൽ ഡയറക്ടർ റവ. ഡോ. ഫിലിപ്പ് കവിയിൽ മുഖ്യപ്രഭാഷണം നടത്തി. അതിരൂപത ജനറൽ സെക്രട്ടറി ബെന്നി പുതിയാംപുറം സ്വാഗതവും ട്രഷറർ ഫിലിപ്പ് വെളിയത്ത് നന്ദിയും പറഞ്ഞു. അതിരൂപതയിലെ വിവിധ ഇടവകകളിൽ നിന്നും 360 പ്രതിനിധികൾ പങ്കെടുത്തു. കത്തോലിക്ക കോൺഗ്രസിൽ 25 വർഷം പ്രവർത്തനം പൂർത്തിയാക്കിയ അതിരൂപത പ്രസിഡണ്ട് അഡ്വക്കേറ്റ് ടോണി ജോസഫ് പുഞ്ചക്കുന്നേലിനെ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് ആദരിച്ചു. കത്തോലിക്ക കോൺഗ്രസിൽ ലൈഫ് മെമ്പർഷിപ്പ് എടുത്ത അംഗങ്ങൾക്ക് അഭിവന്ദ്യ പിതാവ് സർട്ടിഫിക്കറ്റ് നൽകി.

### അരുവിത്തറ സമ്മേളനം

കത്തോലിക്ക കോൺഗ്രസിന്റെ 106 മത് ജന്മദിനാഘോഷത്തിന്റെ ഭാഗമായി പാലാ രൂപതയിലെ അരുവിത്തുറയിൽ വച്ച് നടന്ന സമ്മേളനത്തിൽ തലശ്ശേരി അതിരൂപതയിൽ നിന്നും നിരവധി പ്രവർത്തകർ പ്രതിനിധികളായി പങ്കെടുത്തു.

### പുതിയ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ്

2024-2027 വർഷത്തേക്കുള്ള യൂണിറ്റ്തലം മുതൽ രൂപതതലം വരെയുള്ള തിരഞ്ഞെടുപ്പ് നടപടികൾ പൂർത്തിയായി.

### അതിരൂപത, ഫൊറോന തലങ്ങളിലെ ഭാരവാഹികൾ

2024-27 കാലയളവിലേക്കുള്ള കത്തോലിക്ക കോൺഗ്രസ് തലശ്ശേരി അതിരൂപത ഭാരവാഹികൾ:

അതിരൂപത പ്രസിഡന്റ്: ഫിലിപ്പ് വെളിയത്ത്
അതിരൂപത ജനറൽ സെക്രട്ടറി: ജിമ്മി ആയിത്തമറ്റം
അതിരൂപത ട്രഷറർ: സുരേഷ് കാഞ്ഞിരത്തിങ്കൽ

### ഗ്ലോബൽ വർക്കിംഗ് കമ്മിറ്റി മെമ്പേഴ്സ്

1. ബെന്നി പുതിയാംപുറം
2. ബേബി നെട്ടനാനി

### അതിരൂപത വൈസ് പ്രസിഡന്റുമാർ

1. ബെന്നിച്ചൻ മഠത്തിനകത്ത്
2. ശ്രീമതി ഷിനോ പാറക്കൽ
3. IC മേരി
4. ടോമി കണയാങ്കൽ

**അതിരൂപത സെക്രട്ടറിമാർ**

1. വർഗീസ് പള്ളിച്ചിറ
2. ഡേവിസ് ആലങ്ങാടൻ
3. ജോർജ് വലിയമുർതാങ്കൽ
4. അഡ്വ. കെ ഡി മാർട്ടിൻ
5. സിജോ കണ്ണേഴത്ത്
6. സെബാസ്റ്റ്യൻ ജാതികുളം
7. രാജീവ് തോമസ് കണിയാന്തറ
8. ജോർജ് കാനാട്ട്
9. കിഷോർ ചൂരനോലി

**അതിരൂപത എക്സിക്യൂട്ടീവ് മെമ്പേഴ്സ്**

1. ജോണി മലേക്കുടി
2. കെ എഫ് അൽഫോൺസ്
3. അസി പൂക്കളം
4. വക്കച്ചൻ സർ മേരിഗിരി
5. ജോസ് എത്തക്കാട്ട്
6. പൈലി സർ
7. ജോബി കുര്യൻ
8. ഷിജിത് കുഴിവേലിൽ
9. ആന്റോ തെരുവങ്കുന്നേൽ
10. ജോയിച്ചൻ കൊച്ചുകുന്നത്തുംപറമ്പിൽ
11. പാട്രിക് ശ്രീകണ്ഠാപുരം

**കത്തോലിക്കാ കോൺഗ്രസ് ശബ്ദമില്ലാത്തവരുടെ ശബ്ദമാകണം: മാർ ജോസഫ് പാംപ്ലാനി**


**തലശ്ശേരി:** സമൂഹത്തിലെ അനീതിക്കും അസമത്വത്തിനും അവഗണനയ്ക്കുമെതിരായി പോരാടുന്ന സംഘടനയായി കത്തോലിക്ക കോൺഗ്രസ് പ്രവർത്തിക്കണമെന്നും, എല്ലാവരാലും തിരസ്കരിക്കപ്പെടുന്ന കർഷകരുടെ ആവശ്യങ്ങൾ മുൻനിർത്തിക്കൊണ്ടുള്ള പോരാട്ടത്തിൽ കത്തോലിക്ക കോൺഗ്രസ് പിന്നോട്ട് പോകരുതെന്നും തലശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത മാർ ജോസഫ് പാംപ്ലാനി. ശബ്ദമില്ലാത്തവരുടെ ശബ്ദമായി മാറി സമൂഹത്തിന്റെ കണ്ണുതുറപ്പിക്കുവാൻ, അധികാരികളുടെ മുമ്പിൽ അവരുടെ ആവശ്യങ്ങൾ എത്തിക്കുവാൻ കത്തോലിക്കാ കോൺഗ്രസിന്റെ പ്രവർത്തനങ്ങൾക്ക് കഴിയണമെന്നും മാർ ജോസഫ് പാംപ്ലാനി ആഹ്വാനം ചെയ്തു. കത്തോലിക്ക കോൺഗ്രസ് തലശ്ശേരി അതിരൂപതാ സമിതിയുടെ

പുതിയ ഭാരവാഹികളുടെ സ്ഥാനാരോഹണച്ചടങ്ങ് തലശ്ശേരി സന്ദേശഭവനിൽ ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. കത്തോലിക്ക കോൺഗ്രസിന് പൊതു സമൂഹത്തിൽ വലിയ സ്വാധീനമുണ്ടെന്നും അതിനു കാരണം കഴിഞ്ഞ കാലങ്ങളിൽ കർഷകർക്കുവേണ്ടിയും പാർശ്വവൽക്കരിക്കപ്പെട്ടവർക്കായും കത്തോലിക്ക കോൺഗ്രസ് നടത്തിയ ധീരമായ പോരാട്ടങ്ങളാണെന്നും അഭിവന്ദ്യ പിതാവ് ഓർമപ്പെടുത്തി. എവിടെയെല്ലാം അവഗണന നേരിടുന്നുണ്ടോ അവിടെയൊക്കെ സമുദായത്തിന്റെയും സമൂഹത്തിന്റെയും ശബ്ദമായി മാറിക്കൊണ്ട് കരളിൽ കനലുമായ് മുന്നേറുന്ന പോരാളിയുടെ ചങ്കുറപ്പോടെ കത്തോലിക്ക കോൺഗ്രസ് മുന്നോട്ടു നീങ്ങണമെന്നും പുതിയ നേതൃത്വത്തെ അദ്ദേഹം ഉദ്ബോധിപ്പിച്ചു.

കണ്ണൂർ, കാസർഗോഡ് ജില്ലകൾ ഉൾപ്പെടുന്ന തലശ്ശേരി അതിരൂപതയിൽ ഭക്ഷ്യവസ്തുക്കൾക്ക് ക്ഷാമം നേരിടുന്നവർക്ക് ഭക്ഷണസാധനങ്ങൾ എത്തിച്ചുകൊടുത്ത് വിശപ്പ് രഹിത ജില്ലകളായി മാറ്റുന്നതിന് കത്തോലിക്ക കോൺഗ്രസും തലശ്ശേരി അതിരൂപത നേതൃത്വവും പരിശ്രമിക്കുമെന്ന് പുതിയ പ്രസിഡന്റായി ചുമതലയേറ്റ ഫിലിപ്പ് വെളിയത്ത് നയപ്രഖ്യാപന പ്രസംഗത്തിൽ ഉറപ്പു നല്കി. തലശ്ശേരി അതിരൂപതയിൽ കഴിഞ്ഞ മൂന്ന് വർഷക്കാലം കത്തോലിക്കാ കോൺഗ്രസിനെ ധീരമായി നയിച്ച ശ്രീ ടോണി ജോസഫ് പുഞ്ചക്കുന്നേൽ യോഗത്തിന് അധ്യക്ഷത വഹിച്ചു. കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ ഡയറക്ടർ ഡോ. ഫിലിപ്പ് കവിയിൽ മുഖ്യ പ്രഭാഷണവും തലശേരി അതിരൂപത വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി അനുഗ്രഹപ്രഭാഷണവും നടത്തി. ബെന്നി പുതിയാമ്പുറം, ജിമ്മി ആയിത്തമറ്റം, സുരേഷ് കാഞ്ഞിരത്തിങ്കൽ, എന്നിവർ പ്രസംഗിച്ചു.

**അഡ്വ. ടോണി ജോസഫ് പുഞ്ചക്കുന്നേൽ**
*പ്രസിഡണ്ട്*

**ഫാ. ഫിലിപ്പ് കവിയിൽ**
*ഡയറക്ടർ*



# കുടുംബ കൂട്ടായ്മ

**FAMILY RENEWAL UNITS IN THALASSERY (FRUITS)**

**1. സന്തോഷവാർത്ത**

കുടുംബക്കൂട്ടായ്മയുടെ പ്രാർത്ഥനാപുസ്തകം പ്രിന്റ് ചെയ്ത് കിട്ടിയിട്ടുണ്ട്. മുൻകൂട്ടി ഓർഡർ ചെയ്തവർക്കും അല്ലാത്തവർക്കും തലശ്ശേരി സന്ദേശഭവനിലുള്ള 'സിഞ്ചെല്ലൂസ്' ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. ആവശ്യക്കാർ പ്രാർത്ഥനാപുസ്തകങ്ങൾ വാങ്ങിച്ച് കുടുംബക്കൂട്ടായ്മ സജീവമാക്കാൻ ശ്രദ്ധിക്കുമല്ലോ.

**2. അഭിനന്ദനങ്ങൾ**

കുടുംബക്കൂട്ടായ്മ ഭാരവാഹികളുടെ ഫൊറോനാതല സംഗമം ജൂൺ 20 മുതൽ ആരംഭിച്ചു. അതിരൂപത വികാരി ജനറാൾ മോൺ. ആന്റണി മുതുകുന്നേൽ അച്ചന്റെ അധ്യക്ഷതയിൽ അഭിവന്ദ്യ പിതാവ് ഉദ്ഘാടനം ചെയ്ത് എല്ലാ സംഗമങ്ങൾക്കും നേതൃത്വം കൊടുത്തു. വിജയകരമായി സംഗമങ്ങൾ സംഘടിപ്പിച്ച ഫൊറോന വികാരിയച്ചന്മാർക്കും എല്ലാ വൈദിക-സിസ്റ്റേഴ്സ്-അല്മായ ഭാരവാഹികൾക്കും നന്ദി ! അഭിനന്ദനങ്ങൾ !!

**നടന്ന സംഗമങ്ങൾ**

| തീയതി | ഫൊറോന | പങ്കെടുത്തവർ |
|---|---|---|
| 20.06.2024 | പേരാവൂർ | 800 |
| 20.06.2024 | എടൂർ | 550 |
| 22.06.2024 | തളിപ്പറമ്പ് | 300 |
| 27.06.2024 | മണിക്കടവ് | 350 |
| 27.06.2024 | പൈസക്കരി | 400 |
| 28.06.2024 | നെല്ലിക്കാംപൊയിൽ | 350 |

**3. അടുത്ത സംഗമം**

| ഫൊറോന | തീയതി | സമയം |
|---|---|---|
| 1. വായാട്ടുപറമ്പ | 01.07.2024 | 09.30 a.m |
| 2. ആലക്കോട് | 01.07.2024 | 02.30 p.m |
| 3. കുന്നോത്ത് | 05.07.2024 | 02.30 p.m |
| 4. കാസർഗോഡ് | 08.07.2024 | 09.30 a.m |
| 5. കാഞ്ഞങ്ങാട് | 08.07.2024 | 02.30 p.m |
| 6. ചെമ്പേരി | 11.07.2024 | 02.30 p.m |
| 7. ചെമ്പന്തൊട്ടി | 19.07.2024 | 02.30 p.m |
| 8. മേരിഗിരി | 20.07.2024 | 09.30 a.m |
| 9. ചെറുപുഴ | 20.07.2024 | 02.30 p.m |
| 10. തോമാപുരം | 25.07.2024 | 09.30 a.m |
| 11. വെള്ളരിക്കുണ്ട് | 25.07.2024 | 02.30 p.m |
| 12. മാലോം | 01.08.2024 | 09.30 a.m |
| 13. പനത്തടി | 01.08.2024 | 02.30 p.m |

**4. ചർച്ചാ വിഷയം**

ജൂലൈ മാസത്തിലെ വിഷയാധിഷ്ഠിത ക്ലാസ്സ് കുടുംബക്കൂട്ടായ്മയിൽ ചർച്ച ചെയ്ത് റിപ്പോർട്ട് ഈ മാസാവസാനം ഓഫീസിൽ എത്തിക്കുമല്ലോ. ബഹു. വികാരിയച്ചന്റെയും ഇടവകാ കോഡിനേറ്റർമാരുടെയും വാട്സാപ്പ് ഗ്രൂപ്പിലേക്ക് ജൂലൈ ഒന്നിന് നല്കുന്നതാണ്.

ദുക്റാനത്തിരുന്നാളാശംസകളോടെ,

**മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി**
*വികാരി ജനറാൾ*

# ACCOMPANYING DIFFERENTLY – ABLED AND AWAKENING MISSION (ADAM)

### ഈശോയുടെ തിരുഹൃദയ വണക്കമാസ ആചരണം

വേദനിക്കുന്ന, മുറിവേൽക്കപ്പെടുന്ന മനസ്സുകൾക്ക്, ജീവിതങ്ങൾക്ക് അഭയം നൽകുവാൻ ലോകരക്ഷകനായ മിശിഹാ നമുക്കായി നൽകിയിരിക്കുന്ന ഏറ്റവും മാധുര്യമുള്ള അവിടുത്തെ തിരുഹൃദയത്തോടുള്ള ഭക്തിയും വണക്കവും വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ജൂൺ 09 ന് ഞായറാഴ്ച ആലക്കോട് ബൈബിൾ കൂട്ടായ്മയിലെ അംഗങ്ങൾ ഒരുമിച്ചു തിരുഹൃദയ പ്രതിഷ്ഠ നടത്തി പ്രാർത്ഥിച്ചു.

ശ്രീ. ആന്റണി മുതുകുന്നേൽ ഈശോയുടെ തിരുഹൃദയത്തിന്റെ മനോഹരമായ ചിത്രം വരച്ച് ദൈവത്തിന് നന്ദി അർപ്പിച്ചു. ഗ്രൂപ്പിൽ ലഭിക്കുന്ന വണക്കമാസ പ്രാർത്ഥന എല്ലാ കുടുംബങ്ങളിലും ചൊല്ലിക്കൊണ്ട് ഈശോയുടെ തിരുഹൃദഭക്തിയിൽ അനുഗ്രഹങ്ങൾ പ്രാപിക്കുവാൻ അംഗങ്ങൾ തീരുമാനിച്ചു. ശ്രീ ആന്റണി വെട്ടിക്കാട്ട് ബൈബിൾ ക്ലാസുകൾക്ക് നേതൃത്വം നൽകി.

### പഠനാനുബന്ധ കൗൺസിലിംഗ്

കഴിഞ്ഞ അധ്യയന വർഷത്തിൽ 10, 12 ക്ലാസുകളിൽ വിജയം വരിച്ച ബധിര വിദ്യാർഥികൾക്ക് വിവിധ കോഴ്സുകളെക്കുറിച്ചും കോളേജുകളെക്കുറിച്ചും, മുന്നോട്ടുള്ള വിദ്യാഭ്യാസത്തിന് ആവശ്യമായ ദിശാബോധം നൽകുന്നതിനായി കൗൺസിലിംഗ് നൽകി.

### ഫാമിലി കൗൺസിലിംഗ്

കുടുംബ ജീവിതത്തിനായി ഒരുങ്ങുന്ന യുവതി യുവാക്കൾക്കും, ജീവിത പ്രതിസന്ധികളിലൂടെ കടന്നുപോകുന്ന മാതാപിതാക്കൾക്കും, ഓൺലൈൻ, ഓഫ് ലൈൻ മീഡിയകളിലൂടെ കൗൺസിലിംഗ് നൽകി.

### ബധിര ഭിന്നശേഷിക്കാർക്കുള്ള ലോഗോസ്

1. ബധിര ഭിന്നശേഷിക്കാർ ദൈവവചനത്തെ കൂടുതൽ പഠിക്കുവാനും സ്നേഹിക്കുവാനുമായി ഈ വർഷവും കെസിബിസി ബൈബിൾ കമ്മീഷൻ ബധിര വിശ്വാസ സമൂഹത്തിനായി പ്രത്യേക ബൈബിൾ ക്വിസ് നടത്തുന്നു.

2. മത്സരത്തിൽ പങ്കുചേരാൻ ആഗ്രഹിക്കുന്നവർ ഇടവക തലത്തിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

3. സംസ്ഥാനതലത്തിൽ മത്സരത്തിൽ പങ്കുചേരുന്ന വ്യക്തികൾക്ക് ഓഗസ്റ്റ് മാസത്തിൽ മാതൃക ചോദ്യപേപ്പർ ലഭിക്കുന്നതാണ്.

4. രൂപതയിൽ നിന്നും സംസ്ഥാനതലത്തിലേക്ക് മത്സരത്തിൽ പങ്കുചേരാൻ ഉള്ളവരെ രൂപത അടിസ്ഥാനത്തിലെ സെപ്റ്റംബർ 29 ന് നടക്കുന്ന പരീക്ഷയിൽ പങ്കുചേർന്ന് കൂടുതൽ മാർക്ക് വാങ്ങുന്ന ആളുകളെ തിരഞ്ഞെടുക്കുന്നതാണ്.

ഏവർക്കും സമാഗതമാകുന്ന ദുക്റാന തിരുനാൾ മംഗളങ്ങൾ സ്നേഹ പൂർവ്വം ആശംസിക്കുന്നു.

**ഫാ. ജോർജ് കളരിമുറിയിൽ**
*ഡയറക്ടർ*

# ധ്യാനകേന്ദ്രങ്ങളിലൂടെ

## 2024 ജൂലൈ

**1. മദർഹോം, പരിയാരം; ഫോൺ: 9446567101, 8606603101**

| | | |
|---|---|---|
| ജൂലൈ | 07-11 | : ആന്തരീക സൗഖ്യ ധ്യാനം |
| | 13 | : വചനാഗ്നി (Live 9 am -2.30 pm, 6-9 pm) ഏകദിന കൺവെൻഷൻ |
| | 14-17 | : കന്നഡ ധ്യാനം |
| | 21-25 | : ആന്തരീക സൗഖ്യ ധ്യാനം |
| | 26 (10 am) | : RHEMA - 2 |
| | 28 (5 pm) | : വിശ്വാസപരിശീലകരുടെ ധ്യാനം (തലശ്ശേരി അതിരൂപത) |

**2. ഐഎംഎസ് ധ്യാനകേന്ദ്രം, കൂട്ടുപുഴ (പേരട്ട), ഫോൺ: 8281272873**

| | | |
|---|---|---|
| ജൂലൈ | 06 | : ഏകദിന ധ്യാനം (9 am - 2 pm) |
| | 07-10 | : ആന്തരീക സൗഖ്യാനുഭവ ധ്യാനം |
| | 20 | : മദ്ധ്യസ്ഥപ്രാർത്ഥന (2 pm - 4 pm) |

**3. സീയോൺ ധ്യാനകേന്ദ്രം, നെല്ലിക്കുറ്റി, ഫോൺ : 7306859339**

| | | |
|---|---|---|
| ജൂലൈ | 06 | : ഏകദിന ശുശ്രൂഷ (അഖണ്ഡ ജപമാല, Spiritual Sharing, 10 am - 3 pm) |
| | 12 | : ജാഗരണ പ്രാർത്ഥന |
| | 14-18 | : ആന്തരീക സൗഖ്യ ധ്യാനം |

# ഫ്രാൻസിസ്ക്കൻ അല്മായ സഭ (SFO)

## 'സമാധാനവും സൗഭാഗ്യവും'

കർത്താവിനെ പൂർണ്ണഹൃദയത്തോടും പൂർണ്ണആത്മാവോടും പൂർണ്ണമനസ്സോടും സർവ്വശക്തിയോടും സ്നേഹിക്കുകയും (മർക്കോ :12/30), തങ്ങളുടെ ശരീരങ്ങളുടെ തിന്മകളോടും, പാപങ്ങളോടും പോരാടുകയും ക്രൈസ്തവ ജിവീതത്തിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുകയും ചെയ്യുന്ന എല്ലാവർക്കും നമ്മുടെ പിതാവായ വി. ഫ്രാൻസിസിന്റെ നാമത്തിൽ സമാധാനവും സൗഭാഗ്യവും.

റീജിയണുകളുടെ കീഴിലുള്ള എല്ലാ യൂണിറ്റുകളിലും റീജിയൺ ഭാര വാഹികൾ സന്ദർശനം നടത്തി. എല്ലാ യൂണിറ്റുകളും വളരെ നല്ല രീതിയിൽ തങ്ങളുടെ കടമകൾ നിർവ്വഹിക്കുന്നുണ്ട് എന്ന് സ്നേഹത്തോടെ ഓർക്കുന്നു.

2024 ജൂൺ 01 ന് എടൂർ യൂണിറ്റിൽ സന്ദർശനം നടത്തി. റീജിയണൽ ആത്മീയസഹായി ഫാ. നിഖിൽ ചേറാടിയുടെ നേതൃത്വത്തിൽ, റീജിയണൽ പ്രസിഡണ്ട് യേശുദാസ് ഇല്ലിക്കൽ, സെക്രട്ടറി ജോസ് ഉള്ളിരുപ്പിൽ, ഫോർമേറ്റർ ജോസഫ് മുക്കടയിൽ എന്നിവരാണ് ടീമിൽ ഉണ്ടായിരുന്നത്. എടൂർ ഫൊറോന വികാരി ബഹു. തോമസ് വടക്കേമുറിയിലച്ചനെ നന്ദിയോടെ ഓർക്കുന്നു.

ജൂൺ 02 ന് നെല്ലിക്കാംപൊയിൽ യൂണിറ്റ് സന്ദർശിക്കുകയും 5 പേർക്ക് നിത്യവ്രതവാഗ്ദാനം നടത്തുകയും, 2 പേർക്ക് സഭാപ്രവേശനം നൽകു കയും ചെയ്തു. റീജിയണൽ ആത്മീയ സഹായി, പ്രസിഡണ്ട്, സെക്രട്ടറി, ഫോർമേറ്റർ എന്നിവർ സന്നിഹിതർ ആയിരുന്നു.

പട്ടാരം വിമലഗിരി ധ്യാനകേന്ദ്രത്തിന്റെ സ്ഥാപകനും കപ്പൂച്ചിൻ സന്യാസ ശ്രേഷ്ഠനുമായിരുന്ന ഫാ. ആർമണ്ട് മാധവത്ത് ദൈവദാസ പദവിയിലേക്ക് ഉയർത്തുന്നത് അത്മായ സഭയ്ക്കും കപ്പൂച്ചിൻ സഭയ്ക്കും പുതിയ ഉണർവിന് കാരണമാകും. നാമകരണ നടപടികൾക്ക് അംഗീകാരം വത്തിക്കാനിൽ നിന്നും ലഭിച്ചിട്ടുണ്ട്. ഭാഗ്യസ്മരണാർഹനായ ആർമണ്ടച്ചനോട് സഭാഗങ്ങളുടെ എല്ലാ നിയോഗങ്ങൾ സമർപ്പിച്ച് പ്രാർത്ഥിച്ചുകൊണ്ട്,

ഒരിക്കൽകൂടി എല്ലാവർക്കും സമാധാനവും സൗഭാഗ്യവും നേരുന്നു.

**ബ്ര. യേശുദാസ് ഇല്ലിക്കൽ**
അതിരൂപതാ മിനിസ്റ്റർ

**ഫാ. വിൻസെന്റ് മറ്റത്തിൽകുന്നേൽ**
അതിരൂപതാ ആത്മീയസഹായി

# സോഷ്യൽ സർവ്വീസ് അപ്പൊസ്റ്റോലേറ്റ്

**ടി. എസ്. എസ്. എസ്.**

**നന്ദിയും അഭിനന്ദനങ്ങളും**

കഴിഞ്ഞ അഞ്ച് വർഷങ്ങളായി നമ്മോടുകൂടെ ഡയറക്ടറായും 2015 മുതൽ അസി. ഡയറക്ടറായും തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയെ വളർച്ചയിലേക്ക് നയിച്ച പ്രിയ ബഹു. സ്കറിയ നിരപ്പേലച്ചൻ സ്തുത്യർഹമായ സേവനത്തിനുശേഷം പുതിയ ഉത്തരവാദിത്വത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണ്. കഴിഞ്ഞപോയ വർഷങ്ങളിൽ വിവിധങ്ങളായ മേഖലകളിലേക്ക് TSSS-ന്റെ സേവനങ്ങൾ വ്യാപിപ്പിക്കുവാൻ അച്ചന്റെ നിശ്ചയദാർഢ്യത്തോടെയുള്ള പ്രവർത്തനങ്ങളാൽ നമുക്ക് സാധിച്ചിട്ടുണ്ട്. ഏതൊരു ഉത്തരവാദിത്വവും ധൈര്യസമേതം ഏറ്റെടുക്കുകയും ഏറെ ഭംഗിയോടെ അവ പൂർത്തീകരിക്കുകയും ചെയ്യുന്ന അച്ചന്റെ നേതൃത്വപാടവം നമുക്കേവർക്കും വളരെ പ്രചോദനം നൽകുന്നതാണ്.

കാർഷികമേഖലകളിലേക്കായി വിവിധ ബാങ്കുകളുമായി സഹകരിച്ചുകൊണ്ട് 100 കോടിയിൽ പരം രൂപ ലോണുകളായി SHG - JLG ഗ്രൂപ്പുകൾ വഴി ലഭ്യമാക്കികൊണ്ട് വിപ്ലവകരമായ ഒരു മാറ്റത്തിന് തുടക്കമിടാനും, അതോടൊപ്പം മറ്റു വിവിധങ്ങളായ കർഷക-കാർഷിക ക്ഷേമപദ്ധതികൾ ക്രമീകരിക്കുവാനും അച്ചന് സാധിച്ചു. ആരോഗ്യ രംഗത്തെ വിവിധ സ്ഥാപനങ്ങളുമായി സഹകരിച്ചുകൊണ്ട് കാൻസർ ഉൾപ്പെടെയുള്ള രോഗങ്ങൾക്കായി സൗജന്യ പരിശോധനാക്യാമ്പുകൾ സംഘടിപ്പിക്കുവാനും, തുടർചികിത്സകളൊരുക്കുവാനും, എല്ലാവിധ രോഗങ്ങൾക്കുമുള്ള ഓപ്പറേഷനുകൾ സൗജന്യമായി നടത്തിയെടുക്കുവാനും, സൗജന്യ ഡയാലിസിസ് സെന്ററുകൾ ആരംഭിക്കുവാനും അച്ചന്റെ നിതാന്ത പരിശ്രമത്തിലൂടെ സാധിച്ചു. കോവിഡ് കാലഘട്ടത്തിലെ വിവിധ പ്രവർത്തനങ്ങൾക്ക് ലഭിച്ച അംഗീകാരങ്ങൾ അച്ചന്റെ പ്രവർത്തനമികവിനുള്ള അംഗീകാരംകൂടിയായിരുന്നു. അച്ചന്റെ പരിശ്രമത്താൽ കാസർഗോഡ് മേഖലയിൽ TSSS ന് RADIO 4U 89.6 എന്ന കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷന് തുടക്കം കുറിക്കുവാൻ

സാധിച്ചു. സച്ചിദാനന്ദ പ്രകൃതി ക്ഷേത്രട്രസ്റ്റ് ഏറ്റെടുത്ത് വയോധികരെ സംരക്ഷിക്കുന്ന പദ്ധതി അച്ചൻ ആരംഭിച്ചു. വിദ്യാഭ്യാസം, പാർപ്പിടം, സാമൂഹ്യസേവനം തുടങ്ങിയ മേഖലകളിൽ ഈ കാലഘട്ടത്തിൽ TSSS ന് പ്രശംസനീയമായ പ്രവർത്തനങ്ങൾ നടത്തുവാൻ സാധിച്ചു.

കാർഷികമേഖലയുടെയും കർഷകരുടെയും ഉന്നമനവും ക്ഷേമവും സാധ്യമാക്കിയെടുക്കുവാൻ തുടക്കം കുറിച്ച ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയെ ചുരുങ്ങിയ കാലംകൊണ്ട് വളർച്ചയുടെ പാതയിലെത്തിക്കുവാൻ ബഹു. നിരപ്പേലച്ചന് സാധിച്ചു. ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ ഡയറക്ടർ എന്ന നിലയിൽ കമ്പനിയെ കൂടുതൽ ഉയരങ്ങളിലേക്ക് എത്തിക്കുവാൻ അച്ചന് സാധിക്കട്ടെ. പുതിയ സേവനമേഖലയിൽ എല്ലാവിധ അഭിനന്ദനങ്ങളും ആശംസകളും നേരുന്നു. TSSS ന് അച്ചൻ നൽകിയ എല്ലാ സഹകരണങ്ങൾക്കും പിന്തുണയ്ക്കും നന്ദിയും കടപ്പാടും അറിയിക്കുന്നു.

**സ്വാഗതം**

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ പുതിയ അസോസിയേറ്റ് ഡയറക്ടർ & ഫൈനാൻസ് ഓഫീസറായി ശുശ്രൂഷ ആരംഭിച്ചിരിക്കുന്ന ബഹു. ലൂക്കോസ് മാടശ്ശേരി അച്ചന് എല്ലാവിധ ആശംസകളും പ്രാർത്ഥനാശംസകളും നേരുന്നു. TSSS കൂട്ടായ്മയിലേക്ക് സ്വാഗതം.

## TSSS – ന്റെ 57–ാമത് വാർഷികാഘോഷം

സാമൂഹ്യസേവനമേഖലയിൽ 57 വർഷങ്ങൾ പൂർത്തീകരിച്ച TSSS–ന്റെ വാർഷികാഘോഷങ്ങളുടെ സമാപനസമ്മേളനം ചിറ്റാരിക്കാൽ വ്യാപാരഭവൻ ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ചു. തലശ്ശേരി അതിരൂപത വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി അധ്യക്ഷത വഹിച്ച വാർഷികാഘോഷ ചടങ്ങിന്റെ ഉദ്ഘാടനകർമ്മം അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് നിർവ്വഹിച്ചു. തലശ്ശേരി അതിരൂപതയിലെ ഏറ്റവും മികച്ച മേഖലാ പ്രസിഡണ്ട്, മേഖലാ സെക്രട്ടറി, TSSS–ന്റെ മികച്ച മേഖലാ-യൂണിറ്റുകൾ, മികച്ച SHG, വിവിധ മേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ചവർ തുടങ്ങിയവർക്ക് ചടങ്ങിൽ അവാർഡുകൾ നൽകി ആദരിക്കുകയും, വിവിധ യൂണിറ്റുകൾക്കുള്ള സർട്ടിഫിക്കറ്റുകളുടെ വിതരണവും സംഘടിപ്പിച്ചു. TSSS മുൻ ഡയറക്ടർ റവ. ഡോ. സ്കറിയ നിരപ്പേൽ ചടങ്ങിന് സ്വാഗതം പറയുകയും റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് അഡ്വ. ജോസഫ് മുത്തോലി, എ.കെ.സി.സി. ഗ്ലോബൽ ഡയറക്ടർ റവ. ഡോ. ഫിലിപ്പ് കവിയിൽ, TSSS ഡയറക്ടർ ഫാ. സ്കറിയ വരമ്പകത്ത്, തോമാപുരം ഫൊറോന വികാരി വെരി. റവ. ഫാ. മാണി മേൽവട്ടം, TSSS ഡയറക്ടർ ബോർഡ് മെമ്പർ ശ്രീ. പി.ടി. ജോസ്, TSSS

കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷൻ ഡയറക്ടർ ഫാ. ജോൺ നൂറംമ്മാക്കൽ, TSSS മുൻ റീജിയണൽ ഡയറക്ടർ ഫാ. ജോസഫ് ഈനാച്ചേരി, TSSS അതിരൂപതാ പ്രസിഡണ്ട് ശ്രീ. ജോഷി കുന്നത്ത്, TSSS അതിരൂപതാ സെക്രട്ടറി ശ്രീമതി വത്സ ജോൺ തുടങ്ങിയവർ ഉദ്ഘാടനചടങ്ങിൽ സംബന്ധിച്ചു.

## ജനകീയസംഘ നേതൃസംഗമവും പൊതുസമ്മേളനവും

TSSS-ന്റെ ജനകീയസംഘ നേതൃസംഗമവും പൊതുസമ്മേളനവും ചിറ്റാരിക്കാലിൽ സംഘടിപ്പിച്ചു. TSSS അതിരൂപതാ പ്രസിഡണ്ട് ശ്രീ. ജോഷി കുന്നത്ത് അദ്ധ്യക്ഷത വഹിച്ച നേതൃസംഗമത്തിന്റെ ഉദ്ഘാടനകർമ്മം TSSS പ്രസിഡണ്ടും അതിരൂപതാ വികാരി ജനറാളുമായ മോൺ. ആന്റണി മുതുകുന്നേൽ നിർവ്വഹിച്ചു. മീറ്റിംഗിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തെ കണക്ക് അവതരണവും പദ്ധതി അവലോകനവും ചർച്ചയും സംഘടിപ്പിച്ചു. TSSS മുൻ ഡയറക്ടർ റവ. ഡോ. സ്കറിയ നിരപ്പേൽ, TSSS ഡയറക്ടർ ഫാ. സ്കറിയ വരമ്പകത്ത്, TSSS കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷൻ ഡയറക്ടർ ഫാ. ജോൺ നൂറംമ്മാക്കൽ, TSSS തോമാപുരം മേഖലാ പ്രസിഡണ്ട് ശ്രീ. ജോസ് ജോസഫ് മാളിയേക്കൽ, TSSS എടൂർ മേഖലാ പ്രസിഡണ്ട് ശ്രീ. റെജി പോൾ കൊടുമ്പുറത്ത്, TSSS ചെറുപുഴ മേഖലാ പ്രസിഡണ്ട് ശ്രീ. ജെമിനി എം. ജോസഫ്, TSSS പ്രോഗ്രാം മാനേജർമാരായ ശ്രീ. ജോസ്പ്രകാശ്, ശ്രീമതി വത്സമ്മ ടോമി, TSSS അതിരൂപതാ പ്രസിഡണ്ട് ശ്രീമതി വത്സ ജോൺ എന്നിവർ മീറ്റിംഗിൽ സന്നിഹിതരായി.

## കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷൻ

TSSS-ന്റെ 57-ാം വാർഷിക പൊതുയോഗചടങ്ങിൽവച്ച് TSSS കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷന്റെ ഔദ്യോഗിക ഉദ്ഘാടനകർമ്മം അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് നിർവ്വഹിച്ചു. മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി, അഡ്വ. ജോസഫ് മുത്തോലി, ഡോ. ഫിലിപ്പ് കവിയിൽ, ഫാ. സ്കറിയ നിരപ്പേൽ, ഫാ. സ്കറിയ വരമ്പകത്ത്, ഫാ. ജോൺ നൂറംമ്മാക്കൽ, ഫാ. ജോസഫ് ഈനാച്ചേരി തുടങ്ങിയവർ പങ്കെടുത്തു. ചടങ്ങിൽ റേഡിയോ സ്വിച്ച് ഓൺ ചെയ്തുകൊണ്ട് TSSS RADIO 4U 89.6 എന്ന നാമകരണം അഭിവന്ദ്യ പാംപ്ലാനി പിതാവ് കാസർഗോഡിന് സമർപ്പിച്ചു. വിജ്ഞാനവും വിനോദവും ഒത്തിണക്കി വൈവിധ്യമാർന്ന വ്യത്യസ്തമായ പരിപാടികൾ ശ്രോതാക്കൾക്കായി പ്രക്ഷേപണം ചെയ്യുവാൻ ഉതകുന്ന രീതിയിൽ റേഡിയോ സ്റ്റേഷൻ സജ്ജമാക്കുന്നതിനായി പരിശ്രമിച്ച എല്ലാവരെയും അഭിവന്ദ്യ പിതാവ് അഭിനന്ദിച്ചു.

TSSS RADIO 4U 89.6 സ്റ്റേഷനിൽ അത്യാധുനിക സംവിധാനങ്ങളോടു കൂടിയ സൗണ്ട് റെക്കോർഡിംഗ് സജ്ജീകരണങ്ങൾ ഒരുക്കികൊണ്ട് തിരുനാളുകൾക്കും, മറ്റു വിവിധ പരിപാടികൾക്കും മികച്ച ക്വാളിറ്റിയോടെ റെക്കോർഡിങ് നടത്തുവാനും പ്രക്ഷേപണം ചെയ്യുവാനും ആഗ്രഹിക്കുന്ന

വർക്ക് ഇതോടൊപ്പം നൽകിയിരിക്കുന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്. 9400608896 - ഡയറക്ടർ, റേഡിയോ സ്റ്റേഷൻ (ഫാ. ജോൺ നൂറംമ്മാക്കൽ)

## നമ്മുടെ വീട് പദ്ധതി

TSSS-ന്റെ നമ്മുടെ വീട് പദ്ധതിയിലൂടെ 12 കുടുംബങ്ങൾക്കായി നിർമ്മാണം പൂർത്തിയാക്കിയ ഭവനങ്ങളുടെ ആധാരകൈമാറ്റവും താക്കോൽ ദാനവും ചിറ്റാരിക്കാലിൽ സംഘടിപ്പിച്ചു. TSSS-ന്റെ നേതൃത്വത്തിൽ വിവിധ ഉപകാരികളുടെ സഹകരണത്തോടെയാണ് ചിറ്റാരിക്കാൽ, തളിപ്പറമ്പ് എന്നിവിടങ്ങളിലായി 12 ഭവനങ്ങൾ നിർമ്മിച്ചത്. തെരഞ്ഞെടുക്കപ്പെട്ട കുടുംബങ്ങൾക്ക് ആധാരകൈമാറ്റവും താക്കോൽദാനചടങ്ങും അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി നിർവ്വഹിച്ചു.

## സബ്സിഡിയോടുകൂടി പുരപ്പുറ (ROOF TOP) സോളാർ പദ്ധതി

സൗരോർജ്ജ വൈദ്യുതിയെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കേന്ദ്രസർക്കാരിന്റെ സഹകരണത്തോടെ നടപ്പിൽ വരുത്തുന്ന പുരപ്പുറ സോളാർപദ്ധതിയിലൂടെ TSSS-ന്റെ നേതൃത്വത്തിൽ കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി 51-ഓളം സോളാർ പാനലുകൾ സ്ഥാപിക്കുവാൻ സാധിച്ചു. വർദ്ധിച്ചു വരുന്ന വൈദ്യുതി ബില്ലുകളിൽ നിന്നും പരിഹാരം കണ്ടെത്തുന്നതിന് സബ്സിഡിയോടുകൂടി ലഭ്യമാവുന്ന ഇത്തരം സോളാർ പാനലുകൾ നമ്മുടെ ഇടവകകളിലെ ഭവനങ്ങളിൽ സ്ഥാപിക്കുന്നതിനായി 9496684784 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

## ജൂൺ 5 - ലോകപരിസ്ഥിതി ദിനാചരണം

ലോകപരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി TSSS-ന്റെയും ഇൻഫാമിന്റെയും സഹകരണത്തോടെ ഫലവൃക്ഷത്തൈകൾ വിതരണം ചെയ്തു. നെല്ലിക്കാംപൊയിൽ സെന്റ് സെബാസ്റ്റ്യൻസ് ഫൊറോനാ പള്ളി അങ്കണത്തിൽ സംഘടിപ്പിച്ച ദിനാഘോഷം ഇരിക്കൂർ നിയോജക മണ്ഡലം എം.എൽ.എ. അഡ്വ. സണ്ണി ജോസഫ് നിർവ്വഹിച്ചു. ഇൻഫാം ദേശീയ ജനറൽ സെക്രട്ടറി വെരി. റവ. ഫാ. ജോസഫ് കാവനാടി, TSSS മുൻ ഡയറക്ടർ റവ. ഡോ. സ്കറി നിരപ്പേൽ, ഇൻഫാം സ്റ്റേറ്റ് വൈസ് പ്രസിഡണ്ട് ശ്രീ. സ്കറിയ നെല്ലംകുഴി, നെല്ലിക്കാംപൊയിൽ TSSS യൂണിറ്റ് പ്രസിഡണ്ട് ശ്രീ. ചാക്കോച്ചൻ കാരാമയിൽ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

## കാൻസർ പരിശോധനാ ക്യാമ്പ്

കാൻസർ രോഗത്തെ നേരത്തേ കണ്ടെത്തി നിയന്ത്രണ വിധേയമാക്കാനും, നമ്മുടെ കുടുംബത്തേയും നാടിനേയും കാൻസർ വിമുക്തമാക്കി മാറ്റാനും തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ മലബാർ കാൻസർ സെന്ററിന്റെ സഹകരണത്തോടെ കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി സൗജന്യ കാൻസർ പരിശോധനാക്യാമ്പുകൾ നടത്തി

വരുന്നു. മലബാർ കാൻസർ സെന്ററിലെ ഓങ്കോളജി വിഭാഗത്തിലെ വിദഗ്ധ ഡോക്ടർമാരുടെ നേതൃത്വത്തിൽ വായിലെ കാൻസർ, സ്തനാർബുദം, ഗർഭാശയ കാൻസർ തുടങ്ങിയവയുടെ പരിശോധനകളാണ് ക്യാമ്പുകളിൽ സംഘടിപ്പിച്ചുവരുന്നത്. കൃത്യമായ പരിശോധനയിലൂടെയും ഉചിതമായ ചികിത്സാരീതികളിലൂടെയും നിരവധിപേരെ രോഗമുക്തരാക്കാനും സഹായിക്കാനും ഇതുവഴി സാധിച്ചിട്ടുണ്ട്. ക്യാമ്പിൽ പങ്കെടുക്കുന്നതിനായി അതാത് മേഖലയിലെ TSSS സ്റ്റാഫ് അംഗങ്ങളെ ബന്ധപ്പെടാവുന്നതാണ്.

**ഫാ. ലൂക്കോസ് മാടശ്ശേരിൽ**
*അസോ. ഡയറക്ടർ*

**ഫാ. സ്കറിയ വരമ്പകത്ത്**
*ഡയറക്ടർ*

# ഓവർസീസ് അപ്ഡേറ്റ്സ്

യൂറോപ്പിലെ വിവിധ രാജ്യങ്ങളിൽ ശുശ്രൂഷ ചെയുന്ന തലശ്ശേരി അതിരൂപതാംഗങ്ങളായ ബഹു. വൈദികരുടെ വാർഷിക ധ്യാനവും ഗാതറിംഗും 2024 ജൂൺ 3 മുതൽ 7 വരെ ജർമ്മനിയിലെ Stuttgart രൂപതയിൽ Heiligkreuztal ക്ളോയിസ്റ്ററിൽ വച്ച് നടന്നു. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് വാർഷികധ്യാനത്തിന് നേതൃത്വം നൽകി. അഭിവന്ദ്യ പിതാവ് നൽകിയ ധ്യാനചിന്തകൾ എല്ലാവരെയും കൂടുതൽ ദൈവാനുഭവത്തിലേക്കു നയിച്ചു. ഈ വർഷം പൗരോഹിത്യ രജതജൂബിലി ആഘോഷിച്ച ബഹു. ജോൺസൺ തോട്ടത്തിൽ അച്ചനെയും ബഹു. മാത്യു മുളയോലിൽ അച്ചനെയും അഭിവന്ദ്യ പിതാവ് അനുമോദിച്ചു. അഭിവന്ദ്യ പിതാവിന്റെ സാന്നിധ്യത്തിൽ ഒരു വർഷത്തിനുശേഷം എല്ലാവരും ഒരുമിച്ചുകൂടിയതും ഒരുമിച്ചു ബലിയർപ്പിച്ചതും യൂറോപ്പിലെ തലശ്ശേരി അതിരൂപതാ വൈദികകൂട്ടായ്മയ്ക്ക് അനുഗ്രഹമായി. തലശ്ശേരി അതിരൂപതയുടെ വളർച്ചയിൽ വിദേശരാജ്യങ്ങളിൽ ശുശ്രൂഷ ചെയ്യുന്ന ബഹു. വൈദികരുടെ സഹകരണത്തിന് അഭവന്ദ്യ പിതാവ് നന്ദി അറിയിച്ചു.

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്
## മാർ ജോസഫ് പാംപ്ലാനി

**മെയ് 2024**

21 തലശ്ശേരിയിൽവച്ച് ചേർന്ന പ്രസ്ബിറ്ററൽ കൗൺസിൽ യോഗത്തിന് അധ്യക്ഷത വഹിച്ചു. ഉച്ചയ്ക്കുശേഷം നടന്ന ആലോചനാ സമിതി മീറ്റിംഗിന് അധ്യക്ഷനായി. വൈകുന്നേരം സന്ദേശഭവൻ ഹോംഡേ ആഘോഷങ്ങളിൽ പങ്കെടുത്തു.

22 താമരശ്ശേരി രൂപതാ അസംബ്ലി സമാപന മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. ഉച്ചയ്ക്കുശേഷം പട്ടുവത്ത് വച്ച നടന്ന ദൈവദാസിയായ മദർ പേത്രായുടെ സെന്റിനറി സെലബ്രേഷന് വചനസന്ദേശം നൽകി.

23 കോഴിക്കോട് അമലാപുരി ദൈവാലയത്തിൽവച്ച് നടന്ന പാംപ്ലാനി കുടുബയോഗം ഉദ്ഘാടനം ചെയ്തു.

24 എറണാകുളത്ത് വച്ച് സംഘടിപ്പിച്ച കെ.സി.ബി.സി മീഡിയാ സെമിനാർ ഉദ്ഘാടനം ചെയ്തു.

25 കൂരിയാ ഇവാല്യുവേഷൻ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

26 മണ്ടപം ഇടവകയിൽ ഇടയസന്ദർശനം നടത്തി.

27 കുടിയാന്മല ഇടവകാ ദൈവലായത്തിൽവച്ച് ബഹു. ഡീക്കൻ സൈമൺ ശൗരിയാംകുഴിയുടെ പൗരോഹിത്യ സ്വീകരണ ശുശ്രൂഷയിൽ മുഖ്യ കാർമ്മികത്വം വഹിച്ചു. അരീക്കമല ഇടവകയിൽ ജോയി മണ്ടപത്തിക്കുന്നേലിന്റെ ഭവനം സന്ദർശിച്ചു. തുടർന്ന് നിർമാണ പ്രവർത്തനങ്ങൾ നടക്കുന്ന കരുവഞ്ചാൽ ഹോസ്പിറ്റലും ചെമ്പേരി ദൈവാലയവും സന്ദർശിച്ചു. വൈകുന്നേരം ശാലോം ടീവിയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന യൂക്യാറ്റ് ഷൂട്ടിംഗിൽ പങ്കെടുത്തു.

28 അതിരൂപതാ കേന്ദ്രത്തിൽവച്ച് വിവിധ വൈദികരുമായി കൂടിക്കാഴ്ച നടത്തി. വൈകുന്നേരം ശാലോം ടീവിയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന യൂക്യാറ്റ് ഷൂട്ടിംഗിൽ പങ്കെടുത്തു.

29 കത്തീഡ്രൽ ദൈവാലയത്തിൽവച്ച് ബഹു. ജോർജ്ജ് കൊടകനാടി അച്ചന്റെ മൃതസംസ്കാര ശുശ്രൂഷാ കർമ്മത്തിന് കാർമ്മികത്വം വഹിച്ചു. വൈകുന്നേരം പേരാവൂരിലെത്തി സി. സിസിലി ചെറുനിലത്ത് എസ്. എച്ചിന്റെ മൃതസംസ്കാര ശുശ്രൂഷാ കർമ്മം നിർവ്വഹിച്ചു. തുടർന്ന് എടൂ

രിലെത്തി ബഹു. മാണി ആട്ടേൽ അച്ചന്റെ ഭവനവും കഴിഞ്ഞ വർഷം മരണമടഞ്ഞ ബഹു. മനോജ് ഒറ്റപ്ലാക്കൽ അച്ചന്റെ ഭവനവും സന്ദർശിച്ചു. രാത്രിയോടെ ഓൺലൈനായി ചേർന്ന സാങ്താ മാതാ നഴ്സിംങ് കോളേജ് മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

30 രാവിലെ അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു. ഉച്ചയോടെ നിർമ്മലഗിരി കോളേജ് സന്ദർശിച്ചു.

31 രാവിലെ കാലിച്ചാനടുക്കം ദൈവാലയത്തിലെത്തി ബഹു. വടക്കുംമൂലയിൽ അച്ചന്റെ ഓർമ്മദിനത്തോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ചു. തുടർന്ന് തലശ്ശേരി സാൻജോസ് സ്കൂളിൽ പുതുതായി നിർമ്മിച്ച ക്ലാസ്സ് മുറികളുടെ വെഞ്ചരിപ്പ് കർമ്മം നിർവ്വഹിച്ചു. വൈകുന്നേരം പേരാവൂരിലെത്തി സി. ഹിൽഡ കുറ്റിക്കാട്ടുകുന്നേൽ എസ്.എച്ചിന്റെ മൃതസംസ്കാര ശുശ്രൂഷാകർമ്മം നിർവ്വഹിച്ചു. രാത്രിയോടെ ചേർന്ന ഓൺലൈൻ പ്രസ്ബിറ്ററിയത്തിന് അധ്യക്ഷത വഹിച്ചു.

**ജൂൺ 2024**

01 അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു. ഉച്ചയ്ക്കുശേഷം എണ്ണപ്പാറ ഇടവകാംഗമായ ശ്രീ. സ്കറിയ കോയിപ്പുറത്തിന്റെ മൃതസംസ്കാര ശുശ്രൂഷാകർമ്മം നിർവ്വഹിച്ചു. വൈകുന്നേരം ഓൺലൈനായി ചേർന്ന പെർമനെന്റ് സിനഡിൽ പങ്കെടുത്തു.

02 രാവിലെ കരുവഞ്ചാൽ പ്രീസ്റ്റ് ഹോമിലെത്തി ബഹു. ജോർജ്ജ് കൊടകനാടി അച്ചന്റെ അനുസ്മരണാർത്ഥം ദിവ്യബലിയർപ്പിച്ചു. വൈകുന്നേരം ജർമ്മനിയിലേക്ക് യാത്രതിരിച്ചു.

03-09 ജർമ്മനി, ഓസ്ട്രിയ, സ്വിറ്റ്സർലണ്ട് തുടങ്ങിയ രാജ്യങ്ങളിൽ സേവനം ചെയ്യുന്ന തലശ്ശേരി അതിരൂപതയിലെ വൈദികർക്കായി ധ്യാനം നയിച്ചു.

10-12 ബൽജിയം ലുവൈൻ യൂണിവേഴ്സിറ്റി പ്രൊഫസേഴ്സുമായി നടത്തിയ വിവിധ മീറ്റിംഗുകളിൽ പങ്കെടുത്തു.

13 റീഫ്രഷർ കോഴ്സിലായിരിക്കുന്ന വൈദികരുമായി സംവദിച്ചു. വൈകുന്നേരം ഓൺലൈനായി ചേർന്ന പെർമനെന്റ് സിനഡിൽ പങ്കെടുത്തു.

14 രാവിലെ തലശ്ശേരിയിൽവച്ച് ചേർന്ന ഹാപ്പി വില്ലേജ് പ്രൊജക്റ്റ് മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. തുടർന്ന് റീഫ്രഷർ കോഴ്സിലായിരിക്കുന്ന വൈദികർക്ക് വിവിധ നിർദ്ദേശങ്ങൾ നൽകി. വെകുന്നേരം ഓൺലൈനായി ചേർന്ന സിനഡിൽ പങ്കെടുത്തു.

15 രാവിലെ തളിപ്പറമ്പിൽവച്ച് ചെറുപുഷ്പ മിഷൻലീഗിന്റെ പ്രവർത്തന

വർഷ ഉദ്ഘാടനവും മാർഗ്ഗരേഖാ പ്രകാശനവും നിർവ്വഹിച്ചു. തുടർന്ന് മേരിഗിരിയിലെത്തി ബഹു. ടോമി ചെറുകര അച്ചന്റെ ഭവനം സന്ദർശിച്ചു. ഉച്ചയ്ക്കുശേഷം തോമാപുരത്തെത്തി തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ 57-ാം വാർഷികം ഉദ്ഘാടനം ചെയ്തു.

16 കാസർഗോഡ് ഫൊറോനാ ദൈവാലയത്തിൽ ഇടയസന്ദർശനം നടത്തി.

17 തലശ്ശേരിയിൽവച്ച് സംഘടിപ്പിച്ച സൺഡേസ്കൂൾ പ്രധാനാധ്യാപകരുടെ യോഗം ഉദ്ഘാടനം ചെയ്തു. ഉച്ചയ്ക്കുശേഷം നടന്ന എ.കെ.സി.സി. യുടെ പുതിയ ഭാരവാഹികളുടെ സ്ഥാനാരോഹണ ചടങ്ങിന് അധ്യക്ഷത വഹിച്ചു. തുടർന്ന് കരുവഞ്ചാൽ ഹോസ്പിറ്റലിന്റെ മാനേജ്മെന്റ് മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. വൈകുന്നേരം ഓൺലൈനായി ചേർന്ന പെർമനെന്റ് സിനഡിൽ പങ്കെടുത്തു.

18 അതിരൂപതാ കേന്ദ്രത്തിൽവച്ച് ചേർന്ന കൂരിയ മീറ്റിംഗിന് അദ്ധ്യക്ഷത വഹിച്ചു. നിർമ്മാണപ്രവർത്തനങ്ങൾ നടക്കുന്ന ചെമ്പേരി ദൈവാലയം സന്ദർശിച്ചു. വൈകുന്നേരം ഓൺലൈനായി ചേർന്ന പെർമനന്റ് സിനഡിൽ പങ്കെടുത്തു.

19 അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു. ഉച്ചയ്ക്കുശേഷം പൊൻമല ഇടവകയിൽ നിര്യാതനായ ശ്രീ. ഫിലിപ്പ് മുട്ടുമണ്ണിന്റെ മൃതസംസ്കാരകർമ്മത്തിൽ കാർമ്മികത്വം വഹിച്ചു. വൈകുന്നേരം ഓൺലൈനായി ചേർന്ന സിനഡിൽ പങ്കെടുത്തു.

20 രാവിലെ പേരാവൂർ ഫൊറോനയിലെ കുടുംബകൂട്ടായ്മാ കോർഡിനേറ്റർമാരുടെ യോഗം ഉദ്ഘാടനം ചെയ്ത് അംഗങ്ങളുമായി സംവദിച്ചു. ഉച്ചയ്ക്കുശേഷം എടൂർ ഫൊറോനയിലെ കുടുംബകൂട്ടായ്മാ കോർഡിനേറ്റർമാരുടെ യോഗം ഉദ്ഘാടനം ചെയ്ത് അംഗങ്ങളുമായി സംവദിച്ചു. സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ഗവേണിംഗ് ബോർഡി മീറ്റിംഗിന് അദ്ധ്യക്ഷത വഹിച്ചു.

JULY
2024

# ENGAGEMENTS
## ARCHBISHOP JOSEPH PAMPLANY

| | | | |
|---|---|---|---|
| 01 | 09:30 am | - | Vayattuparamba: Family Unit Co-ordinators Meet |
| | 02:30 pm | - | Alakode: Family Unit Co-ordinators Meet |
| 02 | 10:00 am | - | Kanhangad: KCBC Prolife Rally |
| 03 | 05:00 pm | - | Pappinissery: Jubilee |
| 04-05 | | - | Bangalore: CBCI Colloquium |
| 06 | 08.00 am | - | Cathedral |
| | 10-01 pm | - | Thalassery: Visitors Day |
| 07 | | - | Mattara: Pastoral Visit |
| 08 | 09:30 am | - | Kasargod: Family Unit Co-ordinators Meet |
| | 02:30 pm | - | Kanhangad: Family Unit Co-ordinators Meet |
| 09 | 09-12 pm | - | Padannakkad: Visitors Day |
| 10 | 09:30 am | - | Ernakulam: Doctrinal Commission Meeting |
| 11 | 10:00 am | - | Chemperi: Vimla Jyothi Engineering College |
| | 02:30 pm | - | Chemperi: Family Unit Co-ordinators Meet |
| 12 | 08:30 am | - | GSMS Kunnoth |
| | 02:30 pm | - | Kunnoth: Family Unit Co-ordinators meeting |
| | 02:30 pm | - | Nellickampoil: Family Unit Co-ordinators Meet |
| 13 | 11:00 am | - | Thalassery: Vocation Bureau Meeting |
| | 02:30 pm | - | Pattaram |
| 14 | | - | Velimanam: Pastoral Visit |
| 15-17 | | - | Refresher Course |
| 18 | 10:30 am | - | Thalassery: Josegiri Nursing College |
| 19 | 08:30 am | - | GSMS Kunnoth |
| | 02:30 pm | - | Chempanthotty: Family Unit Co-ordinators Meet |
| 20 | 09:30 am | - | Marygiri: Family Unit Co-ordinators Meet |

| | | | |
|---|---|---|---|
| | 02:30 pm | - | Cherupuzha: Family Unit Co-ordinators Meet |
| 21 | | - | Periya, Poinachi: Pastoral Visit |
| 22 | 10:00 am | - | Thalassery: Entrepreneurs Meet |
| 23 | 10:00 am | - | Iritty Region: Retired Teachers Meet |
| 24 | 09-12 pm | - | Thalassery: Visitors Day |
| 25 | 09:30 am | - | Thomapuram: Family Unit Co-ordinators Meet |
| | 02:30 pm | - | Vellarikkund: Family Unit Co-ordinators Meet |
| 26 | 08:30 am | - | GSMS Kunnoth |
| | 03:00 pm | - | Thalassery: Department Heads Meeting |
| 27 | 10:00 am | - | Thomapuram: Vincent DePaul Annual Day |
| 28 | 09:00 am | - | Kolayad |
| | 05:00 pm | - | Chayyoth |
| 29 | 10:00 am | - | Thalassery: Major Superiors Meet |
| | 05:00 pm | - | Mother Home: Forane Vicars Meeting |
| 30 | | - | Mother Home: Forane Vicars Meeting |
| 31 | 09-12 pm | - | Thalassery: Visitors Day |

**Secretary to the Archbishop**

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോർജ് ഞറളക്കാട്ട്

**ജൂൺ 2024**

02 രാവിലെ കോളയാട് ഇടവകയിൽ വിശുദ്ധ കുർബാനയർപ്പിക്കുകയും മാതാപിതാക്കൾക്കും കുട്ടികൾക്കുമായി മതബോധനത്തെപ്പറ്റി ക്ലാസെടുക്കുകയും ചെയ്തു.

06 രാവിലെ പരിയാരം ഇടവകയിലെ കുരുവിനാൽപകുതിയിൽ ഷിന്റോ അനിത ദമ്പതികളുടെ നാലാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകി.

07 വൈകുന്നേരം ഇരിഞ്ഞാലക്കുട രൂപത കുഴിക്കാട്ടുശ്ശേരി ഇടവകയിൽ വിശുദ്ധ മറിയം ത്രേസ്യായുടെ തിരുനാളിൽ വിശുദ്ധ കുർബാനയ്ക്ക് മുഖ്യകാർമികത്വം വഹിച്ചു.

08 രാവിലെ മാനന്തവാടി രൂപത ദ്വാരക പാസ്റ്ററൽ സെന്ററിൽ മിഷൻലീഗ്, തിരുബാലസഖ്യം സംഘടനകളുടെ പ്രവർത്തനവർഷം ഉദ്ഘാടനം ചെയ്തു.

09 രാവിലെ തലശ്ശേരി കത്തീഡ്രൽ ഇടവകയിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും മാതാപിതാക്കൾക്കും കുട്ടികൾക്കുമായി മതബോധന ത്തെപ്പറ്റി ക്ലാസെടുക്കുകയും ചെയ്തു.

11 രാവിലെ മേരിഗിരി ഇടവകയിൽ തോമസ് ചെറുകര അച്ചന്റെ പിതാവ് മാത്യു ചെറുകരയുടെ മൃതസംസ്കാരശുശ്രൂഷയ്ക്ക് മുഖ്യകാർമികത്വം വഹിച്ചു.

12 വൈകുന്നേരം മാനന്തവാടി രൂപത നടവയൽ ഇടവകയിലെ ചെല്ലിയിൽ ജോണിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമികത്വം വഹിച്ചു.

14 രാവിലെ തൊക്കിലങ്ങാടി എസ്.എച്ച്. കോൺവെന്റിൽ വിശുദ്ധ കുർബാന അർപ്പിച്ചു. വൈകുന്നേരം ബിഷപ്പ്സ് സിനസിന്റെ ഓൺലൈൻ മീറ്റിൽ പങ്കെടുത്തു.

15 രാവിലെ മാട്ടറ ഇടവകയിലെ മുക്കോളിൽ ജെറാൾഡിന്റെ വിവാഹം ആശീർവദിച്ച് വിശുദ്ധ കുർബാന അർപ്പിച്ചു. വൈകുന്നേരം പുലിക്കുരുമ്പ ഇടവകയിലെ നിലയ്ക്കപ്പള്ളി ക്രിസ് മരിയയ്ക്ക് പ്രാരംഭ കൂദാശകൾ നൽകുകയും സിജോ നിലയ്ക്കപ്പള്ളിയുടെ ഭവനം വെഞ്ചരിക്കുകയും ചെയ്തു

17 രാവിലെ മാനന്തവാടി രൂപതയിലെ മണിമൂളി ഇടവകയിൽ വിശുദ്ധ

കുർബാന അർപ്പിക്കുകയും കറുകയിൽ അരുൺ, എയ്ഡൻ, അലൻ എന്നിവർക്ക് ആദ്യകുർബാന നൽകുകയും സിസ്റ്റർ സെബി എം.എസ്. എം.ഐയുടെ സന്ന്യാസത്തിന്റെ രജത ജൂബിലി ആഘോഷത്തിൽ പങ്കെടുക്കുകയും ചെയ്തു. ഉച്ചകഴിഞ്ഞ് മാനന്തവാടി രൂപത പാതിരിപ്പാടം, പൂളപ്പാടം എന്നീ ഇടവകകൾ സന്ദർശിച്ചു.

19 വൈകുന്നേരം മുട്ടുമണ്ണിൽ ഫിലിപ്പ് അച്ചന്റെ പിതാവ് പീലിപ്പോസിന്റെ ദൈവാലയത്തിലെ സംസ്കാരകർമ്മങ്ങൾക്ക് നേതൃത്വം നൽകി. വൈകുന്നേരം ബിഷപ്പ്സ് സിനഡിന്റെ ഓൺലൈൻ മീറ്റിൽ പങ്കെടുത്തു.

22 രാവിലെ കല്ലുമുട്ടി എസ്.കെ.ഡി. കോൺവെന്റിൽ വിശുദ്ധ കുർബാന അർപ്പിച്ചു.

24 രാവിലെ കുളത്തുവയൽ എം.എസ്.എം.ഐ. ജനറലേറ്റിൽ ബഹു. സി.ജെ വർക്കി അച്ചന്റെ മരണവാർഷികത്തോടനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിക്കുകയും വചനസന്ദേശം നൽകുകയും ചെയ്തു.

28 ഉച്ചകഴിഞ്ഞ് ബെൻഹിൽ സ്കൂളിലെ സ്കൂൾ പാർലമെന്റ് ഉദ്ഘാടനം ചെയ്യുകയും കുട്ടികളോട് സംസാരിക്കുകയും ചെയ്തു.

29 രാവിലെ കുന്നോത്ത് മേജർ സെമിനാരിയിൽ വിശുദ്ധ പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ തിരുനാളിനോടനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിക്കുകയും സന്ദേശം നൽകുകയും ചെയ്തു.

30 രാവിലെ ഹൊസങ്കടി ഇടവകയിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും വിശുദ്ധ കുർബാനയെപ്പറ്റി ക്ലാസ് എടുക്കുകയും ചെയ്തു.

**JULY 2024**

# ENGAGEMENTS

## ARCHBISHOP EMERITUS GEORGE NJARALAKATT

03 09:00 am - Holy mass, Edoor on St. Thomas Day

04 06:00 pm - Talk (Monthly recollection of Peravoor forane), Edathotty

06 03:00 pm - Journey to Mysore

07 03:00 pm - St Thomas Day Celebration, Hinkal

09 09:00 am - Holy mass, Ennappara

14 11:00 am - Holy mass, Pattaram

28 10:00 am - Festal mass, Kamballoor

**Secretary to the Archbishop Emeritus**

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോർജ് വലിയമറ്റം

**മെയ് 2024**

21 സന്ദേശഭവനിൽ വച്ച് വൈകുന്നേരം നടത്തപ്പെട്ട ഹോംഡേ പരിപാടികളിൽ പങ്കെടുത്തു.

25 ആലക്കോട് ഇടവകയിൽ വച്ച് ശ്രീജിത്ത് നെയ്മണ്ണിലിന്റെയും അനിഷ കുന്നത്ത്പാറയുടേയും വിവാഹത്തിന് മുഖ്യകാർമികത്വം വഹിച്ചു.

27 താമരശ്ശേരി രൂപതയിലെ കൂടത്തായി ഇടവകയിൽ ജോയി പൊന്നാമറ്റത്തിന്റെ ഒന്നാം ചരമ വാർഷികത്തിൽ വി. ബലിയർപ്പിച്ച് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. തുടർന്ന് വൈകുന്നേരം കരുവഞ്ചാൽ പ്രീസ്റ്റ് ഹോമിൽ നിര്യാതനായ ബഹു. ജോർജ് കൊടകനാടി അച്ചന്റെ മൃതദേഹം സന്ദർശിച്ച് അഭിവന്ദ്യ പാംപ്ലാനി പിതാവിനോടൊപ്പം ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

29 കത്തീഡ്രൽ പള്ളിയിൽ വെച്ച് ബഹു. ജോർജ് കൊടകനാടി അച്ചന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് കാർമികത്വം വഹിച്ചു. വൈകുന്നേരം മൂന്ന് മണിക്ക് ബിഷപ്പ്സ് ഹൗസിൽ വച്ച് അവിടെ മുൻകാലങ്ങളിൽ സേവനമനുഷ്ഠിച്ചവരുടെ സമ്മേളന യോഗത്തിൽ പങ്കെടുത്തു. തുടർന്ന് അഞ്ചുമണിക്ക് പേരാവൂർ തിരുഹൃദയ പ്രൊവിൻഷ്യൽ ഹൗസിൽ നിര്യാതയായ സി. സിസിലി ജോസ് ചെറുനിലത്തിന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചു.

30 ദീപഗിരി ഇടവകയിൽ വച്ച് ലൂക്കാച്ചൻ മേരിക്കുട്ടി മണ്ഡപത്തിക്കുന്നേൽ ദമ്പതിമാരുടെ 75-ാം വിവാഹ വാർഷികവും, ഫാ. ഷാജി മണ്ഡപത്തികുന്നേൽ (Holy Cross Fathers) പൗരോഹിത്യ സ്വീകരണത്തിന്റെ രജത ജൂബിലിക്കും മുഖ്യ കാർമികത്വം വഹിച്ചു.

31 പൈസക്കരി ഇടവകയിൽ വച്ച് നടത്തപ്പെട്ട Angels Meet-നോട് അനുബന്ധിച്ചുള്ള വി. കുർബാനയ്ക്ക് മുഖ്യകാർമികത്വം വഹിച്ചു.

**ജൂൺ 2024**

01 എണ്ണപാറ ഇടവകയിൽ നിര്യാതനായ ഫാ. ജോസ് കോയിപുറത്തിന്റെ പിതാവ് സ്കറിയ കോയിപുറത്തിന്റെ വീട്ടിലെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് കാർമികത്വം വഹിച്ചു.

07 തിരുഹൃദയ തിരുന്നാളിനോടനുബന്ധിച്ച് തലശ്ശേരി എസ്.എച്ച്. കോൺവെന്റിൽ വി. ബലിയർപ്പിച്ചു.

08 ആലുവ ലിറ്റിൽ ഫ്ളവർ സി.എസ്.ടി. മേജർ സെമിനാരി ചാപ്പലിൽ വച്ച് നടത്തപ്പെട്ട ദേവസ്യ-സൂസി വലിയമറ്റം ദമ്പതിമാരുടെ വിവാഹ

സുവർണ്ണ ജൂബിലിക്ക് അമരാവതി രൂപതാധ്യക്ഷൻ മാൽകോൺ സെബക്കേരായോടൊപ്പം വി. ബലിയിൽ കാർമികത്വം വഹിച്ചു. വൈകുന്നേരം മംഗലപ്പുഴ സെമിനാരിയിൽ തലശ്ശേരി അതിരൂപതക്കാരായ ബ്രദേഴ്സിനെ സന്ദർശിച്ചു.

11 തലശ്ശേരി അതിരൂപത വൈദികനായ ബഹു. ഫാ. ടോമി ചെറുകരയുടെയും സി.എം.എഫ്. വൈദികനായ ബഹു. ഫാ. ജോസ് ചെറുകരയുടെയും പ്രിയ പിതാവ് മാത്യു ചെറുകരയുടെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് മേരിഗിരി ഇടവകയിൽ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിനോടൊപ്പം കാർമികത്വം വഹിച്ചു.

17 ബിഷപ്പ് മാർ വള്ളോപ്പള്ളി മെമ്മോറിയൽ ഹൗസ് കൺസ്ട്രക്ഷൻ ഭാഗമായി തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി ചുടലയിൽ പണിത രണ്ടു ഭവനങ്ങളും എടക്കോത്ത് പണിത ഒരു ഭവനവും വെഞ്ചിരിച്ചു. തുടർന്ന് സാൻജോസ് മെട്രോപ്പോളീറ്റൻ സ്കൂളിൽവച്ച് നടന്ന മതബോധന പ്രധാന അധ്യാപക കോൺഫറൻസിൽ അനുഗ്രഹപ്രഭാഷണം നടത്തി.

18 മാനന്തവാടി രൂപതയിലെ തോണിച്ചാൽ ഇടവകയിൽ വച്ച് നടന്ന വടക്കേൽ കുടുംബ സംഗമത്തിൽ പങ്കുചേർന്നു.

19 തലശ്ശേരി അതിരൂപത വൈദികനായ ബഹു. ഫിലിപ്പ് മുട്ടുമണ്ണിൽ അച്ചന്റെ നിര്യാതനായ പിതാവ് പീലിപ്പോസ് മുട്ടുമണ്ണിലിനുവേണ്ടി പൊന്മല ഇടവകയിൽ ഭവനം സന്ദർശിച്ച് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

20 താമരശ്ശേരി രൂപത പ്രീസ്റ്റ് ഹോമിൽ നിര്യാതനായ ഫാ. സെബാസ്റ്റ്യൻ പൂക്കുളത്തിന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് അഭിവന്ദ്യ മാർ ജോർജ് ഞരളക്കാട്ട് പിതാവിനോടൊപ്പം കാർമികത്വം വഹിച്ചു.

**JULY 2024**

# ENGAGEMENTS

## ARCHBISHOP EMERITUS GEORGE VALIAMATTAM


| | | | |
|---|---|---|---|
| 03 | 3:30 pm | - | Holy Mass: Kolakkad |
| | 6:30 pm | - | Housewarming: Kalluvayal |
| 04 | 11:00 am | - | Marriage: Kalluvayal |
| 07 | 4:00 am | - | Jubilee: Edathotti |

**Secretary to the Archbishop Emeritus**


AMARATHUMPARAMBIL JOSEPH MANGODE
AREYETHINAL JOSWIN MANDALAM
CHERIYANOLICKAL SEBASTIAN VELIMANAM
CHIRACKALAKATH SEBASTIAN THADIKADAVU
CHOLAPPALLIL MATHEW PALAVAYAL
CHURATHIL JOSWIN VELLARIKUNDU
IYTHAMATTATHIL JOYAL PUNCHA
JEERAKASSERY JACOB CHEDIKULAM
KALAPURACKAL THOMAS KANAKAPALLY
KALLOORKULAM JOSEPH PULINGOME
KANIYAMKUNNEL CHACKO PADIMARUTH
KOTTARATHIL THOMAS CHEMPERI
MANIYANGATTU LUKE ANAMANJAL
MANIYANGATTU JOSEPH ANAMANJAL
MANJAMATTATHIL MATHEW AYANNUR
MULLOORPEEDIKAYIL JOSEPH PERAVOOR
OLIKKAROTTU MARTIN ARIVILANJAPOIL
PALAMALAYIL TOMSON PERAVOOR
PARAKKANASSERRY SANJO CHARAL
PARIYICKAL JUDIN MANDALAM
PODOOR JOYAL NELLICKAMPOIL
PULICKAL MATHEW AYANNUR
PUTHENPURACKAL JORLIN KAMBALLOOR
PUTHIYAKUNNEL MARTIN PUNCHA
PUTHUKULANGARA GEORGE MANIKKADAVU
THADATHIL MATHEW PATHANPARA
THAZHATHUVADAKKEL MATHEW CHEMPERI
THENGAPPARAYIL CHACKO PERAVOOR
URUKUZHIYIL SEBASTIAN KANAKAPPALLY
VADAKARA JACOB KANJIRADUKKOM
VADAKKEDATH JOSEPH MANIKADAVU
VALOLICKAL PHILIPPO KARIAPALLY
VETTIYOLIL ALPHONSE SREEKANDAPURAM
പ്രിയപ്പെട്ട
കുഞ്ഞനുജന്മാർക്ക്
അനുമോദനങ്ങളും
ആശംസകളും...
തലശേരി അതിരൂപതയ്ക്കുവേണ്ടി
ഈ വർഷം മൈനർ സെമിനാരിയിൽ
ചേർന്ന വൈദികവിദ്യാർത്ഥികൾ

RNI Reg. No. 5910 Date of Publication: 28/06/2024
Registered KL/TLY/20/22-24
Licensed to post without prepayment of postage
No. KL/PMG/NR/WPP/2/TLY/2022-24
വാല്യം : 07 ലക്കം : 07 വില : ₹10

## ജൂലൈ 28 വി. അൽഫോൻസാമ്മ



Published & Printed by Fr. Sajan George Thengumpally on
behalf of Fr. Jacob Narikuzhy. Printed at Vimala Offset Press, Thalassery.
Published from Archbishop's House, Hollow Way Road, Thalassery - 670 101.
Editor- Fr. Sajan George Thengumpally.